●വാർഷിക വരിസംഖ്യ: ₹60

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2024 ●ജനുവരി - ഫെബ്രുവരി ●പുസ്തകം: 07 ●ലക്കം: 01 ● RNI Regn No: KERMAL/2017/73545

# പൊൻപുലരികൾ ഉദിക്കട്ടെ

**ജീവിതത്തിന്റെ ഓരോ നിമിഷവും ആസ്വദിക്കുക എന്നതാണ്, ജീവിതം ആഘോഷമാക്കുന്നതിന്റെ ആദ്യ ചുവട്. ആ തച്ചൻ ജീവിതം കൊണ്ടും, മരണം കൊണ്ടും അതു തെളിയിച്ചു തന്നില്ലേ! കട്ടപ്പുറത്തുറങ്ങിയും, വയലിൽ കളപറിച്ചും, മുക്കുവരൊപ്പം സവാരിചെയ്തും അവൻ ജീവിതം ആസ്വദിക്കുകതന്നെയായിരുന്നു.**

## കവർ സ്റ്റോറി



ഫാ. സ്റ്റാഴ്സൺ കള്ളികാടൻ

ജീവിതവും ആത്മീയതയും ഒരുപോലെ ആഘോഷിക്കപ്പെടേണ്ട പൊൻനാണയങ്ങളാണ്. എന്നിട്ടും എന്തുകൊണ്ടോ രണ്ടും ഒരുപോലെ ശോഭിക്കുന്നില്ലെന്നതാണ് വാസ്തവം. സൂര്യനുദിക്കുന്നു ഇരുട്ടാകുന്നു എന്നല്ലാതെ ഈ കുഞ്ഞു ജീവിതത്തിൽ കാര്യമായ മാറ്റങ്ങളൊന്നും സംഭവിക്കുന്നില്ലെന്നത് ആലോചിക്കേണ്ട യാഥാർത്ഥ്യം തന്നെ. ജീവിതം ഒന്നേയുള്ളൂ! എന്നിട്ടുമെന്തിനാണ് സുഹൃത്തേ, നീ ഓരോ നിമിഷവും അതിന്റെ ആസ്വാദ്യതയെ കുഞ്ഞുങ്ങൾ പൂക്കുല തല്ലിക്കൊഴിക്കുന്നതുപോലെ നശിപ്പിക്കുന്നതെന്ന ചോദ്യത്തിന് നീണ്ട മൗനം മാത്രം ഉത്തരമാകുന്നു.

കാരണങ്ങളില്ലാത്ത സങ്കടനദി നെഞ്ചിൽ കൊണ്ടു നടക്കുന്നവർ സത്യമായും നീയും ഞാനുമാണ്. ഒടുവിൽ സങ്കടനദി വറ്റിവരളുമ്പോഴേക്കും നമ്മൾ പ്രായാധിക്യത്താൽ ജ്വരക്കിടക്കയിലുമാകും. പിന്നെ നഷ്ടസ്വപ്നങ്ങളേയും നഷ്ടകാലങ്ങളേയും ഓർത്ത് പരിതപിച്ച് ശിഷ്ടകാലം കഴിച്ചു കൂട്ടേണ്ടിവരും.

ജീവിതത്തിന്റെ ഓരോ നിമിഷവും ആസ്വദിക്കുക എന്നതാണ്, ജീവിതം ആഘോഷമാക്കുന്നതിന്റെ ആദ്യ ചുവട്. ആ തച്ചൻ അത് ജീവിതം കൊണ്ടും, മരണം കൊണ്ടും തെളിയിച്ചു തന്നില്ലേ! കട്ടപ്പുറത്തുറങ്ങിയും, വയലിൽ കളപറിച്ചും, മുക്കുവരൊപ്പം സവാരിചെയ്തും അവൻ ജീവിതം ആസ്വദിക്കുകതന്നെയായിരുന്നു. ജീവിച്ച മുപ്പത്തിമൂന്ന് വർഷങ്ങൾ മുപ്പത്തിമൂന്ന് നൂറ്റാണ്ടുകളാക്കിയവനാണ് ക്രിസ്തു.

പേജ് മൂന്നിൽ തുടരുന്നു ▸

### നവവത്സരം നാഥനോടൊപ്പം

04 ഭൂമിയുടെ നവജീവനു വേണ്ടി
റവ. ഡോ. രഞ്ജിത് ചക്കുംമൂട്ടിൽ

05 സുരക്ഷിതമാണ് ക്ഷീരമേഖല
കെ. സി. ജെയിംസ് കുമ്പുളുങ്കൽ, പകലോമറ്റം

14 കായികരംഗത്തിന് ഇന്നും പ്രസക്തി
കെ. എം. പീറ്റർ

### സ്മരണാഞ്ജലി

മോൺ. ആന്റണി കൊഴുവനാൽ – പേജ് 6
ഫാ. ഫ്രാൻസിസ് കള്ളിക്കാട്ട് – പേജ് 11
ഫാ. മാത്യു തകിടിയേൽ – പേജ് 13






## എഡിറ്റോറിയൽ

● പുസ്തകം: 7 ● ലക്കം: 1

# പുതുമയോടെ പുതുവർഷം

പുതുവർഷം നമ്മുടെ ജീവിതത്തിലേക്ക് വിരുന്ന് വരുമ്പോൾ പുത്തൻ സ്വപ്നങ്ങളുമായി സാധ്യതകളുടെ കണ്ണെത്താദൂരത്തേക്ക് നാം പറക്കാൻ തയ്യാറകണം. പുതുവർഷം പേരു സൂചിപ്പിക്കുന്നതുപോലെ പുത്തൻ തുടക്കത്തിന്റെയും അനിവാര്യമായ മാറ്റങ്ങളുടെയും കാലമാണ്. കഴിഞ്ഞു പോയ ഇന്നലെകളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് കടന്നുവരുന്ന ദിനങ്ങളെ നമുക്ക് ഭാസുരമാക്കാം. ജീവിതത്തിൽ മാറ്റങ്ങൾക്കുവേണ്ടിയുള്ള ആഗ്രഹങ്ങൾക്ക് ചിറക് മുളപ്പിക്കാനുള്ള സമയമാണിത്.

ജീവിതം മനോഹരമാണ്. എല്ലാ കയ്പ്പോടും മാധുര്യത്തോടും കൂടി ജീവിതത്തെ സ്നേഹിക്കുക. എത്രയോ രുചി ഭേദങ്ങളുടെ വിരുന്നുണ്ടിട്ടു വേണം ഓരോ ഋതുവും കടന്നുപോകാൻ. സംയമനത്തോടും പ്രാർത്ഥനയോടുംകൂടി മിഴി തുറന്ന് നോക്കാൻ കഴിയുമെങ്കിൽ തീർച്ചയായും ഏതു മരുഭൂമിയിലും ഒരു തെളിനീരുറവയുടെ അത്ഭുതമുണ്ടാകും.

എണ്ണിയാൽ തീരാത്ത സാധ്യതകളുടെ സൂചനയാണ് പുതുവത്സര പുലരി. നമ്മുടെ സാധ്യതകൾ എത്ര കുറച്ചാണ് നമോരോരോത്തരും ഉപയോഗപ്പെടുത്തുന്നത്. ഒരാപ്പിളിൽ എത്ര വിത്തുണ്ടെന്ന് നമുക്കെണ്ണിയെടുക്കാം. എന്നാൽ ഒരു കുരുവിനുള്ളിൽ എത്ര ആപ്പിളുണ്ടെന്ന് എണ്ണുക അസാധ്യം. പുതുവത്സരമെന്ന വാക്ക് നിറയ്ക്കുന്ന പ്രത്യാശ മറ്റൊരു പദത്തിനും നൽകാനാകില്ല. സത്യവും സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും ഉൾപ്പെടെയുള്ള ഉന്നതമൂല്യങ്ങൾ ഹൃദയത്തിൽ സൂക്ഷിച്ച് കാരുണ്യവും കരുതലും കൈമുതലാക്കി ഈ കാലഘട്ടത്തിലെ സാമുദായികവും സാമൂഹികവും സാമ്പത്തികവുമായ പ്രതിസന്ധികളെ അതിജീവിച്ച് മുന്നോട്ട് നീങ്ങാനുള്ള അവസരമാണിത്. പഴയ കാലത്തിൽ നിന്ന് കരുത്താർജ്ജിച്ച് പുതിയ കാലത്തിലേക്കുള്ള പ്രയാണം.

പുതുവർഷത്തെ അനുഗ്രഹപൂർണ്ണമാക്കാൻ ആകുലതകളോട് വിട പറയാം. ദൈവഹിതം തിരിച്ചറിഞ്ഞ് ജീവിതത്തെ ക്രമപ്പെടുത്താം. കാരണം 'ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു' (റോമ. 8:28).

നന്മയിൽ വളരുവാനുള്ള നമ്മുടെ സമർപ്പണത്തിന്റെ ആഴപ്പെടലാണ് നമുക്കാവശ്യം. ക്രിസ്ത്വാധിഷ്ഠിത ബോധ്യങ്ങൾ സമൂഹത്തിൽ ഗുണപരമായ വ്യതിയാനം ഉണ്ടാക്കും. നമുക്ക് ഈ ദേശത്തെ നവീകരിക്കാനുള്ള സ്വപ്നങ്ങൾ ദർശിച്ച് അതിനായി അക്ഷീണം യത്നിച്ച് നവവത്സരത്തിന്റെ സോപാനങ്ങൾ താണ്ടാം. പ്രത്യാശയോടെ നമ്മുക്ക് നവവത്സരത്തെ എതിരേൽക്കാം.

# പ്രത്യാശയുടെ പൂമുഖം

## ഇടയശബ്ദം



മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

ദൈവകൃപയുടെ ഒരു വർഷം കൂടി മറയുന്നു. ഇതാ പ്രതീക്ഷാനിർഭരമായ ഒരു പുതുവർഷം. കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ ദൈവതിരുസന്നിധിയിൽ നിലകൊള്ളാം. നമുക്ക് 'അവിടുത്തെ കാരുണ്യത്തെ പ്രതിയും മനുഷ്യമക്കൾക്കായി അവിടുന്ന് ചെയ്ത അദ്ഭുതങ്ങളെ പ്രതിയും നന്ദി പറയാം.' (സങ്കീ. 107:15). ഓരോ നിമിഷവും നിറയുന്ന ദൈവപരിപാലനയുടെ അപാരതയെക്കുറിച്ച് നാം മനനം ചെയ്യേണ്ടിയിരിക്കുന്നു. ലോകം മുഴുവൻ അസ്വസ്ഥതകൾ പടരുമ്പോൾ കൂടുതൽ കരുതലോടെയും കരുതലേകിയും നമുക്ക് മുന്നോട്ട് പോകാം.

സന്തോഷം പകരുന്ന ഒട്ടേറെ അനുഭവങ്ങൾ കഴിഞ്ഞ വർഷം ഉണ്ടെങ്കിലും സ്നേഹാധിഷ്ഠിതമായ സാമുദായിക രംഗവും ന്യായാധിഷ്ഠിതമായ രാഷ്ട്രീയ രംഗവും സ്വപ്നം കാണുന്നവരെ ദുഃഖിപ്പിക്കുന്ന സാഹചര്യങ്ങളിലൂടെയാണ് നാം കടന്നു പോകുന്നത്. എല്ലാ ജീവിതസാഹചര്യങ്ങളെയും വർഗീയതയുടെ കുഴൽക്കണ്ണാടിയിലൂടെ നോക്കുന്ന പ്രവണത ശക്തമായിക്കൊണ്ടിരിക്കുന്നു. എല്ലാറ്റിനെയും വർഗീയമായി കാണുന്ന ഈ പ്രവണത ജനതയെ വിഭജിക്കുകയാണ്. മതത്തിന്റെ പേരിൽ ലോകം മുഴുവൻ വലിയ സംഘർഷങ്ങളും യുദ്ധങ്ങളും ഉണ്ടായപ്പോഴും നമ്മുടെ നാട് എപ്പോഴും ഉയർത്തിപ്പിടിച്ചിരുന്ന മതസൗഹാർദ്ദത്തിന്റെ അന്തസായ പാരമ്പര്യം നമുക്കുണ്ടായിരുന്നു. കേരളസമൂഹത്തെ വിഭജിക്കുന്നവരുടെ നടപടികൾ മഹത്വവൽക്കരിക്കപ്പെടുകയും മാധ്യമങ്ങൾ പോലും ഇത് ആഘോഷിക്കുകയും ചെയ്യുന്നത് അപലപനീയമാണ്. വസ്തുതക്കൾക്ക് നിരക്കാത്ത നിരീക്ഷണങ്ങൾ നീതിന്യായവക്താക്കൾ പോലും നടത്തുമ്പോൾ നീതിസ്ഥിരീകരണത്തിന് ആരെയാണ് സമീപിക്കേണ്ടത്?

തകർച്ചകളുടേയും കനത്ത സമർദ്ദങ്ങളുടെയും പ്രതികൂലസാഹചര്യങ്ങളുടെയും കണക്കുകൾ നമ്മുടെയൊക്കെ മനസ്സിൽ വലിയ ഭാരം ഉണ്ടാക്കിയിട്ടുണ്ട്. വെറുപ്പിന്റെയും വിഭാഗീയതയുടെയും സ്വാർത്ഥതയുടേയും നീരാളികൾ നമ്മുടെ മണ്ണിനെ കീഴടക്കി കൊണ്ടിരിക്കുന്നുവെങ്കിലും പ്രത്യാശയോടെ നമുക്ക് പുതുവത്സരത്തെ സ്വീകരിക്കാം.

കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സമുദായ സംഘടനകളും മതനേതാക്കളും ഒരുമിച്ച് സമൂഹത്തെ കാർന്നു തിന്നുന്ന തിന്മകളെ കൂട്ടായി എതിർക്കേണ്ടത് അടിയന്തരാവശ്യമാണ്. നന്മയിൽ വിശ്വസിക്കുന്നവർ ഒരുമിച്ച് നിൽക്കണം. വളർന്നുവരുന്ന അസഹിഷ്ണുതയെ വേരോടെ പിഴുതെറിയുവാൻ കൂട്ടായ പരിശ്രമങ്ങൾക്കു കഴിയും. അസഹിഷ്ണുത വളർത്തി അധികാരം പിടിച്ചെടുക്കുവാൻ ചിലർ നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങൾ നമുക്കറിയാം. എന്നാൽ, അതിനേക്കാൾ ഭയപ്പെടുത്തുന്ന കാര്യം ജനാധിപത്യത്തിലും മതനിരപേക്ഷതയിലും വിശ്വസിക്കുന്ന രാഷ്ട്രീയ പാർട്ടികൾക്കുള്ളിൽ നിന്നും സമാനമായ അഭിപ്രായങ്ങൾ ഉത്തരവാദിത്തപ്പെട്ടവരിൽ നിന്നും വരുന്നതാണ്.

വെറുപ്പിനും വിദ്വേഷത്തിനും എന്താണ് പരിഹാരം? കരുണ ഒന്നുമാത്രം. 'ദൈവത്തിന്റെ സ്വന്തം നാട്ടിൽ' കൂടുതൽ സാഹോദര്യവും സ്നേഹവും കാരുണ്യവും പ്രകടമാക്കുവാൻ നാം ഏവരും ഒരുമിച്ചു പ്രവർത്തിക്കേണ്ടതും ഒരേ മനസ്സോടെ പ്രാർത്ഥിക്കേണ്ടതും അനിവാര്യമാണ്. എല്ലാ സമൂഹങ്ങളെയും ആദരപൂർവം പരിഗണിക്കണം. തെറ്റുകൾ തിരുത്തി നന്മയിലും സത്യത്തിലും മുന്നേറുവാൻ എല്ലാ ജനവിഭാഗങ്ങളും ജനപ്രതിനിധികളും തുറന്ന മനസ്സോടെ പരിശ്രമിക്കട്ടെ. എങ്കിൽ, അതിജീവനത്തിന്റെ നവകേരളം പിറവിയെടുക്കും. പ്രത്യാശയോടെ പുതുവർഷത്തിലേക്ക് നമുക്ക് കടക്കാം.

# വളർച്ചയ്ക്കായി ഉറയൂരൽ

## അകം പുറം



കെ. എഫ്. ജോർജ്

കൂടുതൽ വളർച്ചയ്ക്കായി ജീവജാലങ്ങൾ അവയുടെ പഴയ രൂപം ഉരിഞ്ഞു കളയാറുണ്ട്. വേലിപ്പടർപ്പുകളിലും പാറകളുടെ ഇടയിലുമെല്ലാം പാമ്പുകളുടെ പടം പൊഴിഞ്ഞു കിടക്കുന്നതു കാണാം.

ഉറയൂരാൻ സമയമാകുമ്പോൾ പാമ്പുകൾ മാളങ്ങളുടേയും പാറകളുടേയും പരുക്കൻ പ്രതലങ്ങളിലൂടെ ഞെരുങ്ങിക്കടന്ന് കാലിലെ സോക്സ് ഊരുന്ന ലാഘവത്തിൽ നിർജീവ കോശങ്ങളുടെ പഴയ ഉറ ഊരിക്കളഞ്ഞ് സ്ഥലം വിടുന്നു.

ചൈതന്യംകെട്ട പഴയ ജീവിതം ഉരിഞ്ഞുമാറ്റി നവജീവനിലേക്കു വളരാനുള്ള ആഹ്വാനവുമായാണ് ഓരോ പുതുവർഷവും പുലരുന്നത്. ആ പ്രതീക്ഷകളാണ് നവവൽസരാഘോഷങ്ങളെ വർണാഭമാക്കുന്നത്.

'നിങ്ങളുടെ പഴയ ജീവിതരീതിയിൽ നിന്നു രൂപംകൊണ്ട, വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ദൂരെ എറിയുവിൻ. നിങ്ങൾ മനസിന്റെ ചൈതന്യത്തിൽ നവീകരിക്കപ്പെടട്ടെ' (എഫേ. 4:22-23).

പാമ്പുകളെപ്പോലെ ഞണ്ടുകളും കട്ടിയുള്ള പുറന്തോട് പൊഴിച്ചുകളയുന്നു. വളർച്ചയുടെ ഒരു ഘട്ടത്തിൽ പുറന്തോട് ഞണ്ടിനെ ഞെരുക്കിത്തുടങ്ങും. ഇത് ഞണ്ടിന് വേദനാകരമായ അനുഭവമാണ്. ഈ പ്രക്രിയക്കിടയിൽ ഭക്ഷണം കഴിക്കില്ല. ക്രമേണ പുറന്തോട് ഉപേക്ഷിച്ച് ഞണ്ട് പുറത്തു ചാടും. എന്തെങ്കിലും തടസം കൊണ്ട് പുറന്തോട് ഇളകിപ്പോയില്ലെങ്കിൽ ചത്തുപോകാനും സാധ്യതയുണ്ട്. ജീവിതകാലത്ത് ഞണ്ടുകൾ പലതവണ ഇങ്ങനെ പുറന്തോട് പുതുക്കും.

പുതിയ പുറന്തോട് കട്ടിയാകാൻ കുറച്ചു സമയമെടുക്കും. കട്ടിയില്ലാത്ത തോടായതിനാൽ ഈ ഇടവേളയിൽ ഞണ്ടിനെ മുഴുവനോടെ ഭക്ഷിക്കാൻ സാധിക്കും. അതിനാൽ ഇരപിടിയന്മാരിൽ നിന്ന് ഞണ്ട് ഇക്കാലം ഒളിച്ചു കഴിയും.

നവീകരണ പ്രക്രിയ പല ജീവികൾക്കും ക്ലേശകരവും വേദനാജനകവുമാണ്. പക്ഷെ, നിലനിൽക്കണമെങ്കിൽ ഈ പ്രക്രിയയിലൂടെ കടന്നു പോയേ പറ്റൂ. മനുഷ്യനിൽ കോശങ്ങളും മുടിയും രോമവും നഖവുമെല്ലാം ഇങ്ങനെ വളരുകയും പുതുക്കപ്പെടുകയും ചെയ്യുന്നുണ്ടെങ്കിലും നമുക്ക് ഇത് ഒരു ബുദ്ധിമുട്ടും ഉണ്ടാക്കുന്നില്ല.

യഹൂദ പാരമ്പര്യത്തിൽ നിന്നാവാം കെടാവിളക്കുകൾക്ക് ഇവിടെയും പ്രാധാന്യം കിട്ടിയത്. കെടാവിളക്കുകൾ ഈശ്വര സാന്നിധ്യത്തിന്റെ പ്രതീകമായി. സദാ കത്തിക്കൊണ്ടിരുന്ന കെടാവിളക്കിൽ നിന്ന് അഗ്നി പകർന്നാണ് അൾത്താര മെഴുകുതിരികൾ



ജ്വലിച്ചിരുന്നത്. കുടിയേറ്റത്തിന്റെ ഞെരുക്കകാലത്ത് വിശ്വാസികൾ കെടാവിളക്കിനുള്ള എണ്ണ നേർച്ചയായി നൽകിയിരുന്നു.

മൺചിരാതുകളിലെ ചുറ്റുവിളക്കിനാൽ ഉത്സവവേളകളിൽ അമ്പലങ്ങൾ പ്രഭാപൂരിതമാകുന്നു. പന്തക്കുസ്തയുടെ അടയാളവും തലയ്ക്കുമുകളിൽ കത്തുന്ന തീ നാളങ്ങളാണല്ലോ!

അഗ്നി ജ്വലിച്ചുകൊണ്ടിരിക്കണമെങ്കിൽ എണ്ണ വറ്റരുത്. ബന്ധങ്ങൾ തുരുമ്പെടുക്കാതിരിക്കാൻ സ്നേഹത്തിന്റെ എണ്ണധാര കൂടിയേ തീരൂ. സ്നേഹമെന്ന വാക്കിന് എണ്ണ പര്യായപദമായത് എത്രയോ അർത്ഥവത്താണ്.

വർഷങ്ങളായി അടഞ്ഞു കിടന്നിരുന്ന ജനൽ തള്ളിത്തുറന്നപ്പോൾ വിജാഗിരി തുരുമ്പെടുത്തു പൊട്ടിപ്പോയി. ഇടയ്ക്കിടെ തുറക്കുകയും അൽപം എണ്ണ പുരട്ടുകയും ചെയ്തിരുന്നെങ്കിൽ ഇത് ഒഴിവാക്കാമായിരുന്നു. ജനൽപ്പാളിയെ കട്ടിളയുമായി കൂട്ടിച്ചേർക്കുന്ന വിജാഗിരി പോലെയാണ് മനുഷ്യ ബന്ധങ്ങൾ. എണ്ണ ചെല്ലാത്തയിടങ്ങൾ ജീവിതത്തിലുണ്ടോ എന്ന ചോദ്യവും നവവൽസരം ഉയർത്തുന്നുണ്ട്.

ഇടയ്ക്കിടെ ഓൺ ചെയ്യാത്ത ഫാനുകളും പ്രവർത്തിപ്പിക്കാത്ത ഫ്ളഷ് ടാങ്കുകളും തകരാറിലാകും. മാസങ്ങൾ നീളുന്ന വിദേശയാത്ര കഴിഞ്ഞ് വരുമ്പോൾ പലപ്പോഴും ഫ്രിഡ്ജുകൾ പ്രശ്നക്കാരാകും. പരിപാലിക്കാത്ത ബന്ധങ്ങളും ഇങ്ങനെ തന്നെ.

ബാബേൽ ഗോപുരത്തിൽ ഭാഷകൾ ചിതറി. അങ്ങനെ ഒരാൾ പറയുന്നത് അപരന് മനസിലാകാതായി. എല്ലാവർക്കും വേണ്ടത് സ്നേഹം. പക്ഷെ, ഭാഷ പരുക്കനാകുമ്പോൾ അതിൽ ക്രൗര്യം കലർന്ന് ബന്ധവും ചിതറുന്നു.

ക്ലാവു പിടിച്ച ഓട്ടുപാത്രങ്ങൾ ചാരവും പുളിയുംകൊണ്ട് തേച്ചു മിനുക്കുമ്പോൾ പഴയ തിളക്കം തിരിച്ചു വരും. പിണക്കങ്ങളും ഇത്തരം ക്ലാവുകളാണ്. പുതുവർഷത്തിന് ശോഭ കൂടണമെങ്കിൽ ക്ലാവുകളെ ഉരച്ചു കളയേണ്ടിരിക്കുന്നു.

അസുഖമായിരിക്കുന്നയാളെ കാണണമെന്ന് കരുതുമെങ്കിലും തിരക്കുകൊണ്ടു മാറ്റി വയ്ക്കുന്നു. പെട്ടെന്നാണ് ആ വ്യക്തിയുടെ വിയോഗവാർത്ത എത്തുന്നത്. ശ്ശോ! നേരത്തെ കാണാമായിരുന്നല്ലോ? എന്ന ദുഃഖം ബാക്കിയാകുന്നു. ചെയ്യേണ്ടത് അപ്പപ്പോൾ ചെയ്യേണ്ടിരിക്കുന്നു.

പോയ വർഷത്തിന് വിട, പുതുവർഷത്തിന് സ്വാഗതം എന്നു പറഞ്ഞ് പൊട്ടിക്കുന്ന പടക്കത്തിനൊപ്പം സെമിത്തേരിയിലേക്ക് ഒരു വർഷംകൂടി അടുത്തു എന്ന യാഥാർത്ഥ്യവും കൂടെ വരുന്നു.

# നവവത്സരം നാഥനോടൊപ്പം

**തമ്പുരാനെ കൂടെക്കൂട്ടി ജീവിക്കുക എന്നതാണ് ജീവിതം ആഘോഷമാക്കാനുള്ള പ്രധാനപ്പെട്ട ചുവട്.**
**ജീവിതം ആസ്വദിച്ചവരുടെ ലിസ്റ്റ് പരിശോധിച്ചാൽ പത്തിൽ എട്ടുപേരും ദൈവത്തെ കൂടെക്കൂട്ടി രക്ഷ അനുഭവിച്ചവർ തന്നെ.**

● *പേജ് ഒന്നിൽ നിന്ന് തുടർച്ച*

മത്തായിയുടെ സുവിശേഷം തീർച്ചയായും ക്രിസ്തുവിന്റെ ജീവിതനിയമം തന്നെയാണ് പകർത്തിയെഴുതുന്നത്. ഉത്ക്കണ്ഠ മൂലം ആയുസ്സിന്റെ ഒരുമുഴം പോലും കൂട്ടാനോ കുറയ്ക്കാനോ ആവില്ലെന്ന് ക്രിസ്തുവിന് നല്ലതുപോലെ അറിയാമായിരുന്നു. നമുക്ക് ഈ അറിവ് നഷ്ടപ്പെടുന്നതാണ് പരാജയം. ഈ പുതുവത്സര പുലരിയിലെങ്കിലും ഉത്കണ്ഠകളൊക്കെ മാറ്റിവച്ച് നമുക്ക് ജീവിക്കാൻ തുടങ്ങാം. 'ഉത്ക്കണ്ഠ മൂലം ആയുസ്സിന്റെ ദൈർഘ്യം ഒരു മുഴമെങ്കിലും കൂട്ടാൻ നിങ്ങളിൽ ആർക്കെങ്കിലും സാധിക്കുമോ? വസ്ത്രത്തെപ്പറ്റിയും നിങ്ങൾ എന്തിന് ആകുലരാകുന്നു? എന്തു ഭക്ഷിക്കും എന്തു പാനം ചെയ്യും എന്തു ധരിക്കും എന്ന് വിചാരിച്ച് നിങ്ങൾ ആകുലരാകേണ്ട' (മത്താ. 6:31). 'കുബേരൻ' എന്ന ചലച്ചിത്രം ഓർമ്മ വരുന്നു. മാസത്തിലെ 31 ദിവസത്തിൽ 30 ദിവസവും അധ്വാനിക്കുന്നത് ഒരു രാത്രി കുബേരനെപ്പോലെ ജീവിക്കാൻ വേണ്ടിയാണ്. അല്ലെങ്കിൽ തന്നെ ഇങ്ങനെ ഉത്ക്കണ്ഠപ്പെട്ടിട്ട് എന്ത് കാര്യമാണ് നന്മയായി ഭവിച്ചിട്ടുള്ളത്? എല്ലാം ദൈവം നന്മയ്ക്കായി മാറ്റുമെന്ന് ഈ പുലരിയിൽ നമുക്ക് മിഴിപൂട്ടി ധ്യാനിക്കാം.

ജീവിതം ആസ്വാദ്യകരമാക്കാനുള്ള രണ്ടാമത്തെ മാർഗ്ഗം, ഒത്തുതീർപ്പുകൾ ഒഴിവാക്കുക എന്നതാണ്. അനാവശ്യമായ താരതമ്യങ്ങളും താദാത്മ്യങ്ങളും സമവായങ്ങളും ജീവിതത്തിൽനിന്നും ഉപേക്ഷിക്കാൻ നാം പഠിക്കണം. എല്ലാം ഒരുപോലെ ആയാൽ പിന്നെ ജീവിതത്തിനു പുതുമയില്ല സുഹൃത്തേ, ഓർമ്മ വരുന്നത് എ. ആർ. റഹ്മാനെയാണ്. ഒത്തുതീർപ്പുകൾ ചെയ്തിരുന്നെങ്കിൽ എനിക്ക് ഓസ്കാർ കിട്ടില്ലായിരുന്നു എന്നാണ് അദ്ദേഹം സമർത്ഥിക്കുന്നത്. പതിനൊന്നാം വയസിൽ തുടങ്ങിയ സംഗീത ജീവിതം അമ്പതു വയസു കഴിഞ്ഞിട്ടും തെല്ലും ശോഭ കെടാതെ മുന്നോട്ടു പോകുന്നുണ്ടെങ്കിൽ അതിനു കാരണം അനുകരണങ്ങളില്ലാതെ പുതുമയ്ക്കു വേണ്ടിയുള്ള പാടുപെടലുകളായിരുന്നു എന്ന് അദ്ദേഹം തന്നെ സമ്മതിക്കുന്നുണ്ട്. നമുക്ക് ഈ പുതുവത്സരത്തിൽ വേണ്ടത് 'Imitation' അല്ല 'Initiation' ആണ്. പുതിയ സംരംഭങ്ങൾ സ്വപ്നം കണ്ട് പുതുമയുടെ പ്രസരിപ്പുകളാകാൻ നമുക്ക് പരിശ്രമിക്കാം.

തമ്പുരാനെ കൂടെക്കൂട്ടി ജീവിക്കുക എന്നതാണ് ജീവിതം ആഘോഷമാക്കാനുള്ള മൂന്നാമത്തെയും പ്രധാനപ്പെട്ടതുമായ മറ്റൊരു ചുവട്. ജീവിതം ആസ്വദിച്ചവരുടെ ലിസ്റ്റ് പരിശോധിച്ചാൽ പത്തിൽ എട്ടുപേരും ദൈവത്തെ കൂടെക്കൂട്ടി രക്ഷ അനുഭവിച്ചവർ തന്നെ. ഗാന്ധിയും, ടാഗോറും, വിവേകാനന്ദനും, ടോൾസ്റ്റോയിയും, എബ്രഹാം ലിങ്കനുമെല്ലാം ചരിത്രത്തിലെ ചില ഉദാഹരണങ്ങൾ മാത്രം. അമേരിക്കൻ ഭരണഘടനയിൽ ബൈബിൾ തൊട്ട് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കണമെന്ന നിയമമില്ലാതിരുന്നിട്ടും ജോർജ് വാഷിംഗ്ടൺ മുതൽ ജോ ബൈഡൻ ഉൾപ്പെടെയുള്ള 46 പ്രസിഡന്റുമാരിൽ 42 പേരും സത്യപ്രതിജ്ഞ ചെയ്തത് വിശുദ്ധ ലിഖിതം തൊട്ടു ദൈവനാമം ഏറ്റു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടായിരുന്നു. ഇവർ എന്തുകൊണ്ട് ഇങ്ങനെ ചെയ്തു എന്നതിനുള്ള ഉത്തരം നൽകുന്നത് ജോർജ് വാഷിംഗ്ടൺ ആണ്. അദ്ദേഹം പറയുന്നത് ഇപ്രകാരമാണ്, 'ദൈവത്തെയും ദൈവവചനത്തേയും മുറുകെപിടിക്കാതെ ഒരു രാജ്യത്തെ ശരിയായി നയിക്കാൻ ആർക്കും സാധ്യമല്ല.' (It is impossible to rightly govern the world without God and the Bible)

ദൈവത്തെ വെല്ലുവിളിക്കുന്ന പ്രകൃതം ഈ പുതുവത്സരത്തിൽ നമുക്കുപേക്ഷിക്കാം. അങ്ങനെ വെല്ലുവിളിച്ചവരെല്ലാം ജീവിതത്തിൽ വലിയ തോൽവികൾ ഏറ്റു വാങ്ങിയിട്ടുണ്ട്. ഒരുദാഹരണം മാത്രം കുറിക്കാം. ദൈവത്തെ വെല്ലുവിളിച്ചവരുടെ മേൽ ദൈവത്തിലാശ്രയിച്ചവന്റെ വിജയം എന്ന തലക്കെട്ടോടെ MJ TV ഒരു വാർത്ത സംപ്രേഷണം ചെയ്തിരുന്നു. അതിലെ വരികൾ ഇങ്ങനെയാണ്; ജിപ്സി കിങ് എന്നറിയപ്പെടുന്ന ബ്രിട്ടീഷ് സ്വദേശിയായ ടൈസൺ ഫ്യൂറി ലോക ബോക്സിങ് ഹെവി വെയ്റ്റ് ചാമ്പ്യൻഷിപ്പ് സ്വന്തമാക്കിയതിന് ശേഷം പറഞ്ഞത് ഇപ്രകാരമായിരുന്നു, 'എനിക്കെതിരെ തിന്മ വരുത്തുന്നവർ ഒരിക്കലും വിജയിക്കുകയില്ല. ഇരുട്ടിൽ എനിക്കെതിരെ ഗൂഢാലോചന നടത്തുന്നവർക്ക് ഒരിക്കലും പ്രകാശത്തിലേക്ക് വരാൻ കഴിയുകയില്ല. എല്ലാ മഹത്വവും പുകഴ്ച്ചയും ഏക സത്യദൈവമായ യേശു ക്രിസ്തുവിനു മാത്രം! അഞ്ചു വർഷത്തോളമായി വിജയിയായിരുന്ന ഡിയോൺഡെ വൈൽഡർ മത്സരത്തിന് മുൻപ് വെല്ലുവിളിച്ചിരുന്നത് ദൈവ നിഷേധത്തിന്റെ വാക്കുകൾ ഉച്ചരിച്ചുകൊണ്ടായിരുന്നു. ദൈവത്തിനുപോലും തന്റെ മുൻപിൽ പരാജയപ്പെടുന്നതിൽ നിന്നു ടൈസനെ രക്ഷിക്കാൻ കഴിയുകയില്ലെന്നും ഞാനെന്റെ കഴിവുകൊണ്ടു നേടാൻ പോകുന്ന വിജയമാണ് ഇതെന്നും പറഞ്ഞുകൊണ്ടാണ് വൈൽഡർ മത്സരത്തിനിറങ്ങിയത്. എല്ലാ മഹത്വവും ഏകദൈവമായ മിശിഹായെ ഞാൻ നിനക്കേകുന്നുവെന്ന് ഉരുവിട്ടുകൊണ്ട് ദൈവത്തിലാശ്രയിച്ച ടൈസൺ, വൈൽഡറിനെ ദാവീദ് ഗോലിയാത്തിനെ തറ പറ്റിച്ചത് പോലെ തോൽപ്പിച്ചതിന് സാക്ഷിയായി പതിനായിരങ്ങൾ ഉണ്ടായിരുന്നു. നമുക്ക് തിരിച്ചറിയാം. കഴിഞ്ഞ കാലത്തിൽ വന്ന പിഴവുകൾക്കും അപചയങ്ങൾക്കുമെല്ലാം കാരണം നമ്മൾ മാത്രമാണ്.

നമ്മൾ തനിച്ചു പോയ വഴികളിൽ കാൽവഴുതിവീണ എത്രയോ സന്ദർഭങ്ങൾ! ഇനിയെങ്കിലും അക്വിനാസിന്റെ ഭാഷയിൽ പറയുന്ന ആ unmoved mover–നെ നമുക്ക് കൂടെ കൂട്ടാം. അവൻ നിന്നെയും എന്നെയും ചലിപ്പിക്കുമ്പോൾ നമ്മിൽ മഴവില്ലുകൾ വിരിയും.

---

***തൃശ്ശൂർ അതിരൂപതാ വൈദികനും ഗ്രന്ഥകർത്താവും ഗാനരചയിതാവുമാണ് ലേഖകൻ. ഇപ്പോൾ തൈക്കാട്ടുശ്ശേരി സെന്റ് പോൾസ് ചർച്ച് വികാരിയാണ്.**


## യൂറോപ്പ് തീർത്ഥയാത്ര





കൊളോസിയം, വത്തിക്കാൻ മ്യൂസിയം, കാറ്റക്യൂമ്പ്സ്, സെന്റ് പീറ്റേഴ്സ് ബസിലിക്ക, സിസ്റ്റെയ്ൻ ചാപ്പൽ, പിസ, അസീസി, വെനീസ്, പാദുവ, മിലാൻ കത്തീഡ്രൽ, മൗണ്ട് റ്റിറ്റ്ലീസ്, ബെൻസ് മ്യൂസിയം, ലിസ്യൂ, നോർത്തഡാം കത്തീഡ്രൽ, ഈഫൽ ടവർ, ലൂർദ്ദ്, ഫാത്തിമ

● വത്തിക്കാൻ ● സ്വിറ്റ്സർലന്റ്
● ഇറ്റലി ● പോർച്ചുഗൽ ● ജർമ്മനി
● ഫ്രാൻസ് ● സ്പെയ്ൻ

മാർപാപ്പയെ കാണാൻ സുവർണ്ണാവസരം

18 ദിവസത്തെ പ്രോഗ്രാം.
കൊച്ചിയിൽ നിന്ന് പുറപ്പെട്ട് കൊച്ചിയിൽ തിരിച്ചെത്തുന്നു.
ബുക്കിംങ് ആരംഭിച്ചിരിക്കുന്നു

2024 മേയ് മാസം പുറപ്പെടുന്നു ഏതാനും സീറ്റുകൾ മാത്രം ബാക്കി

## ഡൽഹി – ആഗ്ര – അമൃത്സർ യാത്ര

ഇന്ത്യാഗേറ്റ്, രാജ്ഘട്ട്, ചെങ്കോട്ട, ഗോൾഡൻ ടെമ്പിൾ, ജാലിയൻ വാലാബാഗ്, വാഗാ ബോഡർ, ആഗ്രാ ഫോർട്ട്, താജ്മഹൽ, അക്ഷർദാം ടെമ്പിൾ, രാഷ്ട്രപതി ഭവൻ, ലോട്ടസ് ടെമ്പിൾ, കുത്തബ് മിനാർ, മഥുര ടെമ്പിൾ...

2024 ഏപ്രിൽ, മേയ് മാസങ്ങളിൽ പുറപ്പെടുന്നു. ബുക്കിങ് ആരംഭിച്ചിരിക്കുന്നു.




● ടിക്കറ്റുകൾ മൂന്ന് മാസം മുന്നേ ബുക്ക് ചെയ്യേണ്ടതിനാൽ ഇപ്പോൾ തന്നെ നിങ്ങളുടെ സീറ്റുകൾ ഉറപ്പാക്കുക

● കോഴിക്കോട് - ഡൽഹി വിമാനയാത്ര
● ഡൽഹി-അമൃത്സർ ട്രെയിൻ യാത്ര
● അമൃത്സർ - ആഗ്ര ട്രെയിൻ യാത്ര
● ആഗ്ര - ഡൽഹി AC ബസ് യാത്ര
● ഡൽഹി - കോഴിക്കോട് വിമാനയാത്ര

● 2 രാത്രി ഡൽഹി ● 2 രാത്രി അമൃത്സർ ● 1 രാത്രി ആഗ്ര

Sama Travel

Contact : Fr. Sai Parankulangara: 9544 28 50 18

എല്ലാ യാത്രകളുടെയും ബുക്കിംങ് ആരംഭിച്ചിരിക്കുന്നു



## നിങ്ങളുടെ ഉപരിപഠന സ്വപ്നങ്ങൾക്ക് താമരശ്ശേരി രൂപതയുടെ സംരംഭം

### ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS)

### നഴ്സിംങ്, GNM, ഫാർമസി, ബിഎ, ബികോം

കർണാടകയിൽ പഠിക്കാം .



● ഈ വർഷം കർണാടകയിൽ ബിഎസ്സി നേഴ്സിങ്, എഞ്ചിനീയറിങ്, ഫാം ഡി, ബി ഫാം തുടങ്ങിയ കോഴ്സുകൾക്ക് കർണാടക കോമൺ എൻട്രൻസ് ടെസ്റ്റ് നിർബന്ധമാക്കിയിരിക്കുകയാണ് .
● LDS ൽ രജിസ്റ്റർ ചെയ്ത കുട്ടികൾക്ക് എൻട്രൻസിന് അപേക്ഷിക്കുവാനും ഓൺലൈൻ – ഓഫ് ലൈൻ ക്ലാസുകളിലൂടെ പരീക്ഷക്ക് ഒരുങ്ങുവാനും കർണാടകയിൽപോയി പരീക്ഷ എഴുതുവാനും വേണ്ട സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കുന്നു
● ജനറൽ നഴ്സിംഗിന് എൻട്രൻസ് ആവശ്യമില്ല.
● ബി എ, ബികോം, ബി ബി എ, ബി സി എ തുടങ്ങി നിങ്ങൾ ആഗ്രഹിക്കുന്ന ഏത് കോഴ്സിനും LDS വഴി അഡ്മിഷൻ നേടാം.
● കോളേജുകൾ കണ്ട് നിലവാരം ഉറപ്പാക്കി ഇഷ്ടമുള്ള കോളേജിൽ അഡ്മിഷൻ എടുക്കുവാൻ ക്യാമ്പസ് വിസിറ്റ് സൗകര്യമൊരുക്കുന്നു.
● പരമാവധി കുറഞ്ഞ ഫീസിൽ യൂണിവേഴ്സിറ്റി അംഗീകാരമുള്ള കോളേജുകളിൽ അഡ്മിഷന് അവസരം ഒരുക്കുന്നു
● വിദേശ തൊഴിൽ ആഗ്രഹിക്കുന്ന കുട്ടികൾക്ക് ജർമൻ,OET, IELTS തുടങ്ങിയവ കോഴ്സിനോടൊപ്പം പഠിക്കുവാൻ അവസരം
● നാലുമാസത്തിൽ ഒരിക്കൽ എൽഡിഎസ് ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ കോളേജുകൾ സന്ദർശിച്ച് കുട്ടികളെ കണ്ട് പഠനനിലവാരവും ആത്മീയ കാര്യങ്ങളും വിലയിരുത്തുന്നു. കോഴ്സ് കാലവധി തീരുന്നതുവരെയുള്ള സേവനങ്ങൾ എൽഡിഎസ് ഉറപ്പുവരുത്തുന്നു.

2024 – 25 ലെ അഡ്മിഷനുള്ള ഒരുക്കങ്ങൾ തുടങ്ങിയിരിക്കുന്നു.

ലോകത്ത് എവിടെയും ഏത് വിഷയം പഠിക്കുവാനും LDS സൗകര്യമൊരുക്കുന്നു.

രജിസ്റ്റർ ചെയ്യുവാൻ താഴെ കൊടുത്തിട്ടുള്ള വാട്സ്ആപ് നമ്പറിലേക്ക് കുട്ടിയുടെ പേര്, അഡ്രസ്സ്, രണ്ട് ഫോൺ നമ്പർ, പ്ലസ്ടുവിന്റെ ബാച്ച്, നിങ്ങൾ ചേരാനാഗ്രഹിക്കുന്ന കോഴ്സ് എന്നിവ ഉടനെ അയച്ചു തരുക

94 47 929 223, 95 44 285 018

# ഭൂമിയുടെ നവജീവനുവേണ്ടി

**ആഗോള കത്തോലിക്കാസഭയുടെ തലവൻ ഫ്രാൻസിസ് മാർപാപ്പ 2023 ഒക്ടോബർ നാലിന് പുറത്തിറക്കിയ 'ലൗദാത്തേ ദേവും' (ദൈവത്തെ സ്തുതിക്കുക) എന്ന അപ്പസ്തോലിക പ്രബോധനത്തെക്കുറിച്ചുള്ള വിശകലനം**

## സമകാലികം



റവ. ഡോ. രഞ്ജിത് ചക്കുംമൂട്ടിൽ




'ദൈവത്തെ അവിടുത്തെ എല്ലാ സൃഷ്ടികൾക്കുംവേണ്ടി സ്തുതിക്കുക' എന്ന വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ വാക്കുകളെ ഓർമ്മിപ്പിച്ചുകൊണ്ടാണ് 2023 ഒക്ടോബർ നാലാം തീയ്യതി ആഗോള കത്തോലിക്കാസഭയുടെ തലവൻ ഫ്രാൻസീസ് മാർപാപ്പ തന്റെ പുതിയ അപ്പസ്തോലിക പ്രബോധനം 'ലൗദാത്തേ ദേവും' – 'ദൈവത്തെ സ്തുതിക്കുക' പുറപ്പെടുവിച്ചത്.

എട്ടു വർഷങ്ങൾക്കു മുമ്പ് 2015–ൽ നമ്മുടെ പൊതുഭവനമായ ഭൂമിയെക്കുറിച്ചും അതിനോടുള്ള കരുതലിനെക്കുറിച്ചും ഫ്രാൻസീസ് പാപ്പ എഴുതിയ 'ലൗദാത്തോസി' എന്ന ചാക്രികലേഖനത്തിന്റെ തുടർച്ചയെന്നോ പുനർവ്യാഖ്യാനമെന്നോ നമുക്ക് ഈ അപ്പസ്തോലിക പ്രബോധനത്തെ വിലയിരുത്താം. അങ്ങേയ്ക്കു സ്തുതി അഥവാ ലൗദാത്തോ സീ എന്ന ചാക്രിക ലേഖനത്തിൽ, നാം വസിക്കുന്ന ഈ ഭൂമിയെ പ്രപഞ്ചസ്രഷ്ടാവിന്റെ മനസോടെ സ്നേഹിച്ച അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ ചിന്തകളെ ഏറ്റവും ഹൃദയസ്പർശിയായി ആധുനിക ലോകക്രമത്തിന്റെ പശ്ചാത്തലത്തിൽ ഫ്രാൻസിസ് മാർപാപ്പ അവതരിപ്പിക്കുകയുണ്ടായി. വിശുദ്ധ ഫ്രാൻസീസിന്റെ 'ഹൃദയ ഗീതത്തിൽ' ആരംഭിച്ച് സമഗ്ര പരിസ്ഥിതി വീക്ഷണം എന്ന ലക്ഷ്യത്തോടെ പാരിസ്ഥിതിക മാനസാന്തരത്തിനായി സകല ജനതകളെയും ഈ ചാക്രിക ലേഖനത്തിലൂടെ മാർപാപ്പ ക്ഷണിക്കുകയുണ്ടായി. എന്നാൽ പരിശുദ്ധ പിതാവ് എഴുതുന്നു, "കാലക്രമേണ നമ്മുടെ പ്രതികരണങ്ങൾ പര്യാപ്തമല്ലെന്ന് ഞാൻ മനസ്സിലാക്കി. അതേ സമയം നാം ജീവിക്കുന്ന ലോകം ക്ഷയിച്ചുകൊണ്ടിരിക്കുകയും തകർച്ചയുടെ ഘട്ടത്തിലേക്ക് അടുക്കുകയും ചെയ്യുന്നു. ഈ സാധ്യതയ്ക്കു പുറമെ, കാലാവസ്ഥാ വ്യതിയാനത്തിന്റെ രൂക്ഷമായ ആഘാതം നിരവധി ആളുകളുടെ ജീവിതത്തെയും കുടുംബങ്ങളെയും കൂടുതൽ അപകടകരമായ അവസ്ഥയിലേക്ക് നയിക്കുമെന്നത് നിസ്സംശയമാണ്." (LD.2) ഇത് ആധുനിക സമൂഹവും ആഗോളജനത ഒന്നാകെയും അഭിമുഖീകരിക്കുന്ന പ്രധാനവെല്ലുവിളികളിൽ ഒന്നാണ്. കൂടാതെ കാലാവസ്ഥാവ്യതിയാനത്തിന്റെ രൂക്ഷ ഫലങ്ങൾ ലോകമെമ്പാടുമുള്ള ഏറ്റവും ദുർബലരായ ആളുകളാണ് സഹിക്കേണ്ടി വരുന്നത് എന്ന കാര്യം അത്യന്തം ദുഃഖകരവുമാണ്. ലൗദാത്തേ ദേവും എന്ന പുതിയ അപ്പസ്തോലിക പ്രബോധനം നമ്മുടെ പൊതുഭവനമായ ഭൂമിയുടെ സംരക്ഷണത്തിനായുള്ള മാർപാപ്പയുടെ കൂടുതൽ തീവ്രമായ ഒരഭ്യർത്ഥനയാണ്.

### പ്രധാന ആശയങ്ങൾ

ആറ് അധ്യായങ്ങളിലായി 73 ഖണ്ഡികകളിലൂടെ ഈ പുതിയ അപ്പസ്തോലിക പ്രബോധനം കാലാവസ്ഥാ പ്രതിസന്ധി പരിഹരിക്കുന്നതിനും പാരിസ്ഥിതിക സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതിനും അടിയന്തര നടപടികൾ ഉണ്ടാകണമെന്ന് ലോകം മുഴുവനുമുള്ള സുമനസുകളോട് അഭ്യർത്ഥിക്കുന്നു. ഒരു നാശത്തിന്റെ വക്കിലാണ് ഭൂമി. കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തര ഫലമായി ആരോഗ്യപ്രശ്നങ്ങൾ, നിർബന്ധിത കുടിയേറ്റങ്ങൾ എന്നിവയൊക്കെ നാം കാണുന്നുണ്ട്. ഇത് മനുഷ്യവ്യക്തിയുടെ അടിസ്ഥാനപരമായ ശ്രേഷ്ഠതയുമായി നേരിട്ടു ബന്ധമുള്ള ഒരു പ്രശ്നം തന്നെയാണ്. അതുകൊണ്ടുതന്നെ സഹജീവി ബോധമുള്ള ഓരോ വ്യക്തിയുടെയും സത്വരമായ ശ്രദ്ധക്ക് ഈ വിഷയങ്ങൾ പാത്രമാകേണ്ടതാണ്.




ആദ്യത്തെ അധ്യായത്തിൽ ആഗോളകാലാവസ്ഥാ പ്രതിസന്ധിയെ പൊതുവായി മാർപാപ്പ വിലയിരുത്തുന്നു. കാലാവസ്ഥ പ്രശ്നങ്ങളെ നിഷേധിക്കാനും, മറച്ചുവയ്ക്കാനും, ശ്രദ്ധയിൽ നിന്ന് അകറ്റി നിർത്തുവാനും ആപേക്ഷികമാക്കുവാനും എല്ലാ ശ്രമങ്ങളും നടത്തിയിട്ടും കാലാവസ്ഥാവ്യതിയാനത്തിന്റെ രൂക്ഷമായ ലക്ഷണങ്ങൾ ഇവിടെയുണ്ട്; അത് കൂടുതലായി പ്രകടമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. മനുഷ്യരാൽ സംജാതമാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ തീവ്രമായ പ്രത്യാഘാതങ്ങളുടെ സാധ്യതയെ വർദ്ധിപ്പിക്കുമെന്നത് തീർച്ചയാണ്. ഒരു പക്ഷെ, ഈ സ്ഥിതി തുടരുകയാണെങ്കിൽ ഈ ലോകത്തിൽ പലർക്കും ഇപ്പോൾ അവർ താമസിച്ചുകൊണ്ടിരിക്കുന്ന ഇടങ്ങൾ താമസയോഗ്യമല്ലാതായിത്തീരുകയും അവിടം വിട്ട് ഓടിപ്പോവുകയും ചെയ്യേണ്ട അവസ്ഥാവിശേഷം ഉണ്ടാവും. വർദ്ധിക്കുന്ന കഠിനമായ ചൂടും തണുപ്പും ഇതിന്റെ തെളിവുകളാണ്.

രണ്ടാം അധ്യായം, വളർന്നു വരുന്ന സാങ്കേതിക മാതൃകകളെക്കുറിച്ച് പ്രതിപാദിക്കുന്നു. പുരോഗതിയുടെയും ക്ഷേമത്തിന്റെയും ആത്യന്തിക സ്രോതസ്സുകളായി സാങ്കേതിക വിദ്യയ്ക്കും സാമ്പത്തിക ശക്തിക്കും മുൻഗണന നൽകുന്ന ആനുകാലിക മാതൃക, പ്രകൃതിയെ മനുഷ്യന്റെ നേട്ടത്തിനു മാത്രമായി ചൂഷണം ചെയ്യുവാനുള്ള കേവലം വിഭവങ്ങളായി കാണുന്ന ഒരു മാനസികാവസ്ഥയെ വളർത്തുന്നുവെന്ന് മാർപാപ്പ അഭിപ്രായപ്പെടുന്നു.

മൂന്നാമത്തെ അധ്യായത്തിൽ നിലവിലുള്ള അന്താരാഷ്ട്ര ഭരണക്രമത്തിന്റെ ന്യൂനതകൾ ഭൂമിയുടെ നിലനിൽപ്പിനെയും പരിപാലനത്തെയും എങ്ങനെ ബാധിക്കുന്നു എന്ന് പ്രതിപാദിക്കുന്നു. പാരിസ്ഥിതിക പ്രതിസന്ധിയോടുള്ള അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ അപര്യാപ്തമായ പ്രതികരണങ്ങളെക്കുറിച്ച് മാർപാപ്പ ഈ അധ്യായത്തിൽ ആശങ്ക പങ്കുവയ്ക്കുന്നുണ്ട്. സമഗ്രമായ പരിസ്ഥിതിശാസ്ത്രം എന്ന തലക്കെട്ടോടെ നാലാം അധ്യായം, എല്ലാ സൃഷ്ടവസ്തുക്കളുടെയും പരസ്പര ബന്ധത്തിലേക്ക് വെളിച്ചം വീശുന്നു. സാമൂഹികവും സാംസ്ക്കാരികവും സാമ്പത്തികവുമായ പ്രശ്നങ്ങളിൽ നിന്ന് പാരിസ്ഥിതിക ആശങ്കകളെ വേർതിരിക്കാനാവില്ലെന്ന് മാർപാപ്പ അഭിപ്രായപ്പെടുന്നു. അഞ്ചാമത്തെ അധ്യായം ദുബായിൽ നടന്ന cop28 കാലാവസ്ഥാ സമ്മേളനത്തെക്കുറിച്ചുള്ളതാണ്. ഈ സമ്മേളനം ലോകരാഷ്ട്രങ്ങൾക്ക് ഗതിമാറ്റുവാനും കാലാവസ്ഥാ പ്രതിസന്ധിയെ ഫലദായകമാം വിധം അഭിമുഖീകരിക്കുവാനുമുള്ള അവസരമാണെന്ന് മാർപാപ്പ കരുതുന്നു. ആറാമത്തേതും അവസാനത്തേതുമായ അധ്യായം അത്മീയ പ്രചോദനങ്ങൾ എന്ന തലക്കെട്ടിലാണ്. ഈ അധ്യായത്തിൽ കാലാവസ്ഥാ പ്രതിസന്ധിയെ അഭിസംബോധന ചെയ്യുന്നതിൽ ആത്മീയ പ്രേരണകളുടെ പ്രാധാന്യത്തെക്കുറിച്ച് മാർപാപ്പ ചർച്ച ചെയ്യുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭൗതിക യാഥാർത്ഥ്യത്തെ മാത്രമല്ല, ദൈവവുമായും സഹസൃഷ്ടികളുമായുള്ള നമ്മുടെ ബന്ധത്തിന്റെയും ആത്മീയ യാഥാർത്ഥ്യവും നാം അഭിസംബോധന ചെയ്യണമെന്ന് അദ്ദേഹം വാദിക്കുന്നു.

### കാലാവസ്ഥാ പ്രതിസന്ധി: ഒരു ധാർമ്മിക പ്രശ്നം

കാലാവസ്ഥാ പ്രതിസന്ധിയെന്നത് കേവലം ഭൗതികമായ ഒരു യാഥാർത്ഥ്യം മാത്രമല്ല; അതിന് ആഴമായ ധാർമ്മിക മാനങ്ങളുണ്ട്. കാരണം അത് ദരിദ്രരെയും ദുർബലരെയും ആനുപാതികമല്ലാത്ത വിധത്തിൽ ബാധിക്കുന്നുണ്ട്. നമ്മുടെ പൊതുഭവനമായ ഭൂമിയെ വരും തലമുറകൾക്കായി സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. സുസ്ഥിരമായ ഭാവിക്ക് നമ്മുടെ മനോഭാവങ്ങളിലൂള്ള മാറ്റവും ജീവിതത്തോടു കൂടുതൽ സമഗ്രമായ സമീപനങ്ങളും ആവശ്യമാണ്. ഇനിയും നമുക്ക് പ്രതീക്ഷയുണ്ട്. എന്നാൽ കാലാവസ്ഥാ പ്രതിസന്ധിയുടെ രൂക്ഷമായ ആഘാതങ്ങൾ ചെറുക്കാൻ നാം ഇപ്പോഴെങ്കിലും ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. മതപരമായ ഒരു പ്രബോധനമെന്നതിലുപരി സുമനസുകളായ എല്ലാ മനുഷ്യർക്കുമുള്ള സന്ദേശം ഉൾക്കൊള്ളുന്ന പ്രബോധനമാണ് ലൗദാത്തേ ദേവും. വർത്തമാന തലമുറയ്ക്കും ഭാവിതലമുറയ്ക്കും വേണ്ടി നമ്മുടെ പൊതുഭവനമായ ഭൂമിയെ സംരക്ഷിക്കാൻ ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ നമുക്കെല്ലാവർക്കും മാർഗ്ഗദീപമാകേണ്ട പാഠങ്ങളാണ് ഈ അപ്പസ്തോലിക പ്രബോധനം. ആത്യന്തികമായി നമ്മൾ ഭൂമിയുടെ ഉടയവന്മാരല്ല മറിച്ച് വിശ്വസ്തരായ കാര്യസ്ഥന്മാർ മാത്രമാണെന്ന സന്ദേശം മാർപാപ്പ ഒരിക്കൽ കൂടി നമ്മെ ഓർമിപ്പിക്കുന്നു.

ഒന്നാം ചരമവാർഷികം



റോയ് സ്കറിയ
താഴത്തെമുറിയിൽ
ചേവായൂർ

ജനനം: 25 – 11 – 1974
മരണം: 19 – 01 – 2023

"ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും."

(യോഹന്നാൻ 11:25)

# സുരക്ഷിതമാണ് ക്ഷീരമേഖല

**ക്ഷീരമേഖലയിലെ സാധ്യതകളെയും പ്രതിസന്ധികളെയും കുറിച്ച് മലബാർ മിൽമ മാനേജിങ് ഡയറക്ടർ കെ. സി. ജെയിംസ് കുമ്പളുങ്കൽ, പകലോമറ്റം മലബാർ വിഷൻ പ്രതിനിധിയുമായി നടത്തിയ അഭിമുഖം**

● *ചെറുപ്പക്കാർ ക്ഷീരമേഖലയിലേക്ക് കടന്നു വരുന്നില്ല എന്നുള്ളത് ആശങ്ക ഉണർത്തുന്നില്ലേ? ഇപ്പോൾ സജീവമായ തലമുറ കടന്നുപോയതിനു ശേഷം എന്താകും ക്ഷീരമേഖലയുടെ ഭാവി?*

● മിൽമയുടെ മലബാർ മേഖലയിലെ ആറു ജില്ലകളിലായി മൂന്ന് ലക്ഷത്തോളം ക്ഷീരകർഷകരുണ്ടെങ്കിലും ഒരു ലക്ഷം കർഷകരാണ് സജീവമായുള്ളത്. ഞങ്ങളുടെ കണക്കു പ്രകാരം ഇതിൽ നാൽപതു വയസിന് താഴെ പ്രായമുള്ള ക്ഷീരകർഷകർ ഒന്നര ശതമാനം മാത്രമാണ്. നാലു പതിറ്റാണ്ടായി മിൽമ വിപണിയിലുണ്ട്. ആദ്യകാലം മുതൽ തന്നെ നാൽപതു വയസിനു താഴെയുള്ള കർഷകർ ഏതാണ്ട് ഇതേ ശതമാനം തന്നെയായിരുന്നു. അതുകൊണ്ടു തന്നെ ചെറുപ്പക്കാർ ക്ഷീരമേഖലയിലേക്ക് കടന്നു വരുന്നില്ല എന്നത് ആശങ്ക ഉണർത്തേണ്ട കാര്യമില്ല. എല്ലാത്തരം ഭക്ഷ്യവസ്തുക്കൾക്കും കേരളം മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയിലാണ്. പക്ഷെ, പാൽ ഉൽപാദനത്തിൽ സ്ഥിതി വ്യത്യസ്തമാണ്. കേരളത്തിന് ആവശ്യമുള്ളതിന്റെ 80 ശതമാനം പാൽ ഇവിടെ തന്നെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഈയൊരു ഗതി അതുപോലെ തന്നെ കൊണ്ടുപോകാൻ സാധിച്ചാൽ ക്ഷീരമേഖലയെ സംബന്ധിച്ച് ആശങ്ക വേണ്ട. പ്രൊഫഷണൽ യോഗ്യതയുള്ളവർ പോലും ക്ഷീരമേഖലയിലേക്ക് ഇറങ്ങുന്നു എന്നത് പ്രതീക്ഷയുണർത്തുന്ന കാര്യമാണ്. അവർ വലിയ വിജയം നേടുന്നുമുണ്ട്.

● *മറ്റു കാർഷികമേഖലകളെ അപേക്ഷിച്ച് ക്ഷീരമേഖല എത്രത്തോളം സുരക്ഷിതമാണ്?*

● വിലയും വിപണിയുമാണ് ഏതൊരു കൃഷിയെ സംബന്ധിച്ചും പ്രധാനപ്പെട്ടത്. കർഷകൻ ഉൽപാദിപ്പിക്കുന്ന വസ്തുക്കൾക്ക് വിപണിയുണ്ടാകണം. അതിന് ന്യായമായ വില ലഭിക്കണം. ഇതു രണ്ടും ഉറപ്പാക്കാൻ മിൽമയ്ക്ക് കഴിയുന്നുണ്ട്. സർക്കാർ നിശ്ചയിച്ച വിലയിലാണ് മിൽമ പാൽ സംഭരിക്കുന്നത്. സീസണലായി വിലയിൽ വ്യത്യാസം വരുത്താറില്ല. മറ്റു ഭക്ഷ്യോത്പന്നങ്ങളുടെ വിലയിൽ കയറ്റിറക്കങ്ങൾ ഉണ്ടാകുമ്പോൾ 365 ദിവസവും സർക്കാർ നിശ്ചയിച്ച വില തന്നെ ക്ഷീരകർഷകന് ലഭിക്കുന്നു. കൂടാതെ എത്ര പാൽ ഉണ്ടെങ്കിലും അത് മിൽമ സംഭരിക്കും. വിറ്റുപോകാതെ പാൽ മറിച്ചു കളയേണ്ട അവസ്ഥ വരുന്നില്ല. ഈ രണ്ടു കാര്യങ്ങൾ പരിഗണിക്കുമ്പോൾ ക്ഷീരമേഖലയിൽ മറ്റു മേഖലകളെക്കാൾ മെച്ചപ്പെട്ടതാണ്. ഇക്കാരണംകൊണ്ടുതന്നെ ഈ മേഖലയിലേക്ക് കൂടുതൽ കർഷകർ കടന്നു വരുന്നുണ്ട്.

● *കാലിത്തീറ്റ പോലുള്ളവയുടെ വില വർധനയെ നേരിടാൻ മിൽമ എന്തു സഹായമാണ് ചെയ്യുന്നത്?*

● ഏതു മേഖലയെടുത്താലും കേരളത്തിൽ ഉൽപാദന ചെലവ് കൂടുതലാണ്. ഇവിടെ ഒരു കർഷകൻ ഒരു ലിറ്റർ പാൽ ഉൽപാദിപ്പിക്കുന്ന ചെലവ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ കൂടുതലാണ്. ഫിക്സഡ് ചെലവുകൾ കഴിഞ്ഞാൽ ക്ഷീരകർഷകരെ സംബന്ധിച്ച് ഉൽപ്പാദന ചെലവിന്റെ 70 ശതമാനവും പശുക്കളുടെ തീറ്റച്ചെലവാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂലിച്ചെലവും ഇവിടെ കൂടുതലാണ്. ഈയൊരു അവസ്ഥയിൽ കർഷകർക്ക് കൈത്താങ്ങാകാൻ മിതമായ നിരക്കിൽ ഭക്ഷ്യവസ്തുക്കൾ എത്തിച്ചു നൽകാൻ സജീവമായി മിൽമ ഇടപെടുന്നുണ്ട്.



കെ. സി. ജെയിംസ് കുമ്പളുങ്കൽ, പകലോമറ്റം

> നമ്മൾ ഉൽപ്പാദിപ്പിക്കുന്ന പാൽ മുഴുവൻ ഉൽപ്പന്നമാക്കി മാറ്റാൻ കഴിയണം, കൂടാതെ അത് ഇത്ര ദിവസംകൊണ്ട് വിറ്റു തീരണം. അത് സാധിക്കുമെന്ന് ഉറപ്പുണ്ടെങ്കിൽ മാത്രമേ സ്വയംസംരംഭത്തിലേക്ക് കടക്കാവൂ.

● *പാലും പാൽ ഉൽപ്പന്നങ്ങളും നിർമിച്ച് വിപണനം നടത്തുന്ന പ്രാദേശിക കൂട്ടായ്മകൾക്ക് ഭാവിയുണ്ടോ?*

● കറവ എല്ലാ ദിവസവും രണ്ടു നേരം നടത്തണം. പിറ്റേന്നത്തേക്ക് മാറ്റിവയ്ക്കാൻ കഴിയില്ല. പാൽ കറന്നെടുത്താൽ ഏതാനും മണിക്കൂറുകൾക്കൊണ്ട് തന്നെ അത് കേടാകും. ഈ രണ്ടു റിസ്ക് ഫാക്ടറുകൾ പാൽ ബിസിനസിൽ ഉണ്ട്. നമ്മൾ ഉൽപ്പാദിപ്പിക്കുന്ന പാൽ മുഴുവൻ ഉൽപ്പന്നമാക്കി മാറ്റാൻ കഴിയണം, കൂടാതെ അത് ഇത്ര ദിവസംകൊണ്ട് വിറ്റു തീരണം. അത് സാധിക്കുമെന്ന് ഉറപ്പുണ്ടെങ്കിൽ മാത്രമേ സ്വയം സംരംഭത്തിലേക്ക് കടക്കാവൂ.

● *ക്ഷീരകർഷകർക്ക് എന്തെല്ലാം പരിശീലന പദ്ധതികളാണ് മിൽമ നൽകുന്നത്?*

● ക്ഷീരകർഷക മേഖയിൽ പ്രവർത്തിക്കുന്നവർക്ക് അറിവിനെക്കാൾ ഉപരിയായി അനുഭവങ്ങളാണ് ഗുണം ചെയ്യുക. അതുകൊണ്ടു തന്നെ ക്ലാസ് റൂം പഠനത്തെക്കാൾ ഈ മേഖലയിൽ വിജയിച്ചവരുടെ അനുഭവങ്ങൾ മറ്റു ക്ഷീരകർഷകരുമായി പങ്കുവയ്ക്കുവാനൊരു പ്ലാറ്റ് ഫോം മിൽമ ഒരുക്കി നൽകാറുണ്ട്. ക്ഷീരമേഖലയെക്കുറിച്ച് കൂടുതൽ പഠിക്കാൻ താൽപ്പര്യമുള്ള കർഷകരെ സഹകരണ സംഘങ്ങളുടെ സഹായത്തോടെ കണ്ടെത്തിയാണ് ക്രോസ് ലേണിങ് പ്രോഗ്രാം എന്ന് അറിയപ്പെടുന്ന ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്. ഒരു വെറ്റിനറി ഡോക്ടറുടെയോ, എക്സ്റ്റൻഷൻ ഓഫീസറുടെയോ ക്ലാസിനെക്കാൾ റിസൾട്ട് ഇത്തരത്തിലുള്ള പ്രോഗ്രാമിലൂടെ ലഭിക്കുന്നുണ്ട്.

● *ക്ഷീരകർഷകർക്ക് സർക്കാർ ലഭ്യമാക്കുന്ന സഹായങ്ങൾ എന്തെല്ലാമാണ്?*

● മിൽമ ഉറപ്പു തരുന്ന വിലയ്ക്കു പുറമെ, ക്ഷീരകർഷകർക്ക് പല രീതിയിലുള്ള സബ്സിഡികൾ മിൽമ നൽകുന്നുണ്ട്. കഴിഞ്ഞ ആറു മാസംകൊണ്ട് മലബാർ മേഖലയിൽ മാത്രം 10 കോടി രൂപയുടെ സബ്സിഡി വിതരണം ചെയ്തു. ത്രിതല പഞ്ചായത്തുകൾ അവരുടെ ഫണ്ട് ഉപയോഗിച്ച് ക്ഷീരകർഷകർക്ക് ഇൻസെന്റീവുകൾ നൽകി വരുന്നുണ്ട്. മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ വഴി പല തരത്തിലുള്ള ആനുകൂല്യങ്ങൾ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. അതുകൊണ്ടൊക്കെയാണ് ഉൽപ്പാദന ചെലവ് കൂടുമ്പോഴും കർഷകർ ഈ രംഗത്ത് പിടിച്ചു നിൽക്കുന്നത്.

● *കൃഷി നഷ്ടമാണെന്ന് പറയുന്നവരോട് എന്താണ് പറയാനുള്ളത്?*

● ഒരു ഓഡിറ്റിങ് എപ്പോഴും ആവശ്യമാണ്. എത്ര ചെലവായി, എത്ര വരുമാനം ലഭിച്ചു, എത്ര മിച്ചം പിടിച്ചു, അല്ലെങ്കിൽ നഷ്ടം എത്രയാണ് എന്നിങ്ങനെ വരവും ചെലവും കൃത്യമായി രേഖപ്പെടുത്തുന്ന പതിവ് ഓരോ കർഷകനും ഉണ്ടാകണം. അങ്ങനെയെങ്കിൽ മാത്രമേ കൃഷിയെ മെച്ചപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകാനാകൂ. ഏതെല്ലാം വഴികളിലൂടെ പണം പോയി എന്ന് അറിയാൻ ഇത് സഹായിക്കും. അടുത്ത മാസം കൂടുതൽ മെച്ചപ്പെടുത്തി എങ്ങനെ മുന്നേറണം എന്ന് ഓരോ വ്യക്തിക്കും സ്വയം മനസ്സിലാക്കാൻ ഇതിലൂടെ സാധിക്കും. ഇത്തരത്തിലൊരു പ്രൊഫഷണൽ സമീപനം പുലർത്തിയാൽ മാത്രമെ വിജയം കൈവരിക്കാനാകൂ.

തയ്യാറാക്കിയത്: ജിൽസൺ ജോസ്
ചിത്രം: രജിൻ ജോസ്



# ഓർമ്മയിൽ ജ്വലിക്കുന്ന കർമ്മയോഗി


**ഡിസംബർ ആറിന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട മോൺ. ഡോ. ആന്റണി കൊഴുവനാലിനെ അനുസ്മരിക്കുന്നു**

ഒരത്ഭുതം പോലെ ജീവിച്ചു കടന്നുപോയ മോൺ. ഡോ. ആന്റണി കൊഴുവനാൽ എന്ന കർമ്മയോഗിയുടെ ജീവിതം ക്രിസ്തുവിന്റെ ഒരു ഉപമ പോലെ വായിക്കേണ്ടതാണ്. ഔദ്യോഗിക കർമ്മങ്ങളിൽ നിന്ന് മാറിനിന്നിരുന്നുവെങ്കിലും വേർപാട് തീർത്തും അപ്രതീക്ഷിതമായിരുന്നു. ധന്യമായ നിത്യതയിലേക്കുള്ള ഒരു യാത്ര തന്നെയായിരുന്നു അദ്ദേഹത്തിന്റേത്. വേർപിരിഞ്ഞാലും ജീവിത പരിമളം അവശേഷിപ്പിക്കുന്ന ചിലരുണ്ട്. അത്തരം സുഗന്ധ ഓർമ്മകൾ വേർപാടിനെ പോലും ദുർബലമാക്കുന്നു. വേർപാടുകൾ അടയുന്ന ഒരു ജാലകം അല്ല, തുറക്കപ്പെടുന്ന വാതായനങ്ങളാണ്. തേജസിന്റെ സിംഹാസനത്തിലേക്ക് യാത്രയായ അച്ചന്റെ സുകൃത ജീവിതത്തെക്കുറിച്ച് താമരശ്ശേരി രൂപതക്ക് മാത്രമല്ല ഈ ദേശം മുഴുവനും ഏറെ പറയാനുണ്ടാകും.

ഒരു വൈദികൻ എന്തായിത്തീരണമോ അതാണ് നമ്മിൽ നിന്ന് വേർപിരിഞ്ഞുപോയ ആന്റണിയച്ചൻ. പഴയ നിയമത്തിലെ അഹറോനെപ്പോലെ പാണ്ഡിത്യത്തോടെ നന്നായി സംസാരിക്കുകയും (പുറ 4:14) നീരാജനബലിയും പാപപരിഹാരബലിയും നന്നായി അർപ്പിക്കുകയും ചെയ്ത അർപ്പകനുമായിരുന്നു (സംഖ്യ 8:21) അദ്ദേഹം. നേതാവും വഴികാട്ടിയും ഉപദേശകനും സാമൂഹ്യ പരിഷ്കർത്താവും വിദ്യാഭ്യാസ വിചക്ഷകനും സംഘാടകനും ആത്മീയ ഗുരുവുമൊക്കെയായിരുന്നു ആന്റണിയച്ചൻ. കത്തിപ്പടരുന്ന മെഴുകുതിരിയുടെ ധർമ്മം അനുഷ്ഠിച്ച അനേകം നല്ല വൈദികരുടെ പ്രതീകമാണ് അദ്ദേഹം. കണ്ടുമുട്ടുന്നവർക്കും കൂടെയുള്ളവർക്കും പുഞ്ചിരി സമ്മാനിച്ചു കടന്നു പോകുമ്പോൾ ഏവരും ചങ്കിൽ അറിയാതെ പറയും കുലീനതയുള്ളയാൾ. വാക്കിലും നോക്കിലും ചലനത്തിലും അന്തസ്സ് ഉണ്ടായിരുന്നുവെന്ന് സാരം.

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമത്തിൽ, കൊഴുവനാൽ ദേവസ്യ–അന്നമ്മ ദമ്പതികളുടെ എട്ടു മക്കളിൽ നാലാമനായി പരിശുദ്ധ മാതാവിന്റെ പിറവിത്തിരുനാൾ ദിനത്തിൽ 1944 സെപ്റ്റംബർ എട്ടിന് കുഞ്ഞ് അന്തോണി ജനിച്ചു. സെപ്റ്റംബർ 14–ന് വിശുദ്ധ കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ ദിനത്തിൽ കൊഴുവനാൽ ദേവാലയത്തിൽവച്ചു മാമ്മോദീസ സ്വീകരിച്ചു.

അന്നത്തെ പ്രത്യേക സമൂഹിക സാഹചര്യങ്ങളാൽ 1948–ൽ കൊഴുവനാൽ കുടുംബം മലബാറിലേക്ക് കുടിയേറി. കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ടിൽ താമസമാരംഭിച്ചു. കഠിനാധ്വാനത്തിലൂടെയും അടിയുറച്ച ദൈവവിശ്വാസത്തിലൂടെയും കൊഴുവനാൽ കുടുംബ ജീവിതം മുന്നോട്ടു നയിച്ചു. ആന്റണിയച്ചൻ എന്ന് എല്ലാവരും സ്നേഹപൂർവ്വം വിളിക്കുന്ന മോൺ. ആന്റണിയച്ചന്റെ സഹോദരങ്ങൾ ഔസേപ്പച്ചൻ, തൊമ്മച്ചൻ, മറിയക്കുട്ടി, അന്നക്കുട്ടി, പാപ്പച്ചൻ, വക്കച്ചൻ, സാലി എന്നിവരാണ്. ഇവർക്ക് പുറമേ പിതാവിന്റെ ആദ്യ വിവാഹത്തിൽ ജനിച്ച തോമസ്, ത്രേസ്യ എന്നിവരും സഹോദരങ്ങളായുണ്ട്. 1965 ജനുവരി 30 –ന് പിതാവ് ദേവസ്യയും 2006 ജനുവരി ഒന്നിന് മാതാവ് അന്നമ്മയും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.



കൂരാച്ചുണ്ട് യുപി സ്കൂൾ, കുളത്തുവയൽ ഹൈസ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1963–ൽ വൈദിക പഠനത്തിനായി തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ വൈദിക പഠനം പൂർത്തിയാക്കി. കാര്യങ്ങൾ അവതരിപ്പിക്കുവാൻ ബഹുമിടുക്കനും പഠനത്തിൽ മികവുറ്റവനുമായിരുന്ന അദ്ദേഹം മംഗലപ്പുഴ സെമിനാരിയിൽ സെമിനാരിക്കാരുടെ ജനറൽ പ്രീഫക്ട് ആയിരുന്നു.

തലശ്ശേരി രൂപതയുടെ അധ്യക്ഷനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്ന് 1971 ഡിസംബർ 27–ന് കൂരാച്ചുണ്ട് സെന്റ് തോമസ് പള്ളിയിൽ വച്ച് വൈദിക പട്ടം സ്വീകരിച്ചു. പൗരോഹിത്യ സ്വീകരണത്തിനു ശേഷം 1972–ൽ മാനന്തവാടിയിലെ കണിയാരം ദേവാലയത്തിൽ അസി. വികാരിയായി സേവനം ആരംഭിച്ചു. ഗിരിദീപം പ്രസ്സിന്റെ മാനേജരും ആന്റണിയച്ചനായിരുന്നു. 1973–ൽ കണ്ണൂർ ജില്ലയിലെ തേർമല പള്ളിയിൽ വികാരിയായി ചുമതലയേറ്റു. കുടിയേറ്റ കർഷകജനതയോടൊപ്പം നിന്ന ആന്റണിയച്ചൻ നാടിന്റെയും ഇടവക സമൂഹത്തിന്റെയും വളർച്ചക്ക് വേണ്ടി അഹോരാത്രം അധ്വാനിച്ചു.

1974–ൽ തലശ്ശേരി സന്ദേശഭവനിൽ വിശ്വാസപരിശീലന വിഭാഗത്തിൽ അദ്ദേഹം സേവനം ആരംഭിച്ചു. പൗരോഹിത്യത്തിന്റെ ആദ്യ നാളുകളിൽ ജോർജ് വലിയമറ്റം പിതാവിനോട് ചേർന്ന് സന്ദേശഭവനിൽ താമസിച്ച് മതബോധന രംഗത്ത് ചെയ്ത സേവനങ്ങൾ അവിസ്മരണീയമാണ്. ഇടവക നവീകരണ സെമിനാറുകൾ, അധ്യാപക പരിശീലന പരിപാടികൾ തുടങ്ങിയവയിലെല്ലാം സജീവ സാന്നിധ്യമായിരുന്ന അച്ചനെ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് ഉപരിപഠനത്തിനായി 1980 ഡിസംബർ 29–ന് കാനഡയിലേക്കയച്ചു. കാനഡയിലെ ടൊറൊന്റോ യൂണിവേഴ്സിറ്റിയിൽ നിന്നും 'ഗാന്ധിയൻ രാഷ്ട്രീയ ചിന്തയും ക്രൈസ്തവ വിമോചന ദൈവശാസ്ത്രവും –ഒരു വിമർശനാത്മക പഠനം' എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടി. പഠനകാലത്ത് അവിടുത്തെ ലത്തീൻ രൂപതയുടെ കീഴിലുള്ള ഒരിടവകയിൽ അസി. വികാരിയും അതോടൊപ്പം, മലയാളി കത്തോലിക്കരുടെ ചാപ്ലിൻ ആയും സേവനം ചെയ്തുപോന്നു.

1987–ൽ ടൊറന്റോ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടി തിരിച്ചെത്തിയപ്പോൾ അദ്ദേഹം താമരശ്ശേരി രൂപതയുടെ ഭാഗമായി. അതേ വർഷം തന്നെ വാലില്ലാപ്പുഴ പള്ളിയുടെ വികാരിയായി ചുമതലയേറ്റു. താമരശ്ശേരി രൂപതയുടെ പ്രഥമ അധ്യക്ഷനായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയോട് ചേർന്ന് രൂപതയുടെ വികസനത്തിൽ പ്രത്യേകിച്ച് കോഴിക്കോട് ടൗണിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചു. രൂപതയുടെ അജപാലന കേന്ദ്രമായ പി.എം.ഒ.സി മേരിക്കുന്നിൽ സ്ഥാപിക്കുന്നതിലും വിശ്വാസ പരിശീലനത്തിന്റെ ഡയറക്ടർ എന്ന നിലയിലും ആന്റണിയച്ചന്റെ സംഭാവനകൾ നിസ്തുലമാണ്. 1988 മുതൽ 1998 വരെയുള്ള ഒരു പതിറ്റാണ്ടുകാലം മതബോധന രംഗത്തും സാംസ്കാരിക രംഗത്തും രൂപതയുടെ നിറസാന്നിധ്യമായിരുന്നു ആന്റണിയച്ചൻ. കരുണാഭവൻ സ്ഥാപക ഡയറക്ടർ, തിരുവമ്പാടി, ചേവായൂർ ഇടവക വികാരി എന്നീ നിലകളിലും അദ്ദേഹത്തിന്റെ സേവനം ശ്രദ്ധേയമാണ്.

സീറോ മലബാർ സഭയുടെ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ആരംഭം മുതൽ മൂന്നുതവണയായി ഒൻപതു വർഷം അതിന്റെ മെമ്പറായി പ്രവർത്തിച്ചു. കേരള കത്തോലിക്കാ സഭയ്ക്ക് വേണ്ടി 1983 –ൽ സ്ഥാപിച്ച മതബോധന പാഠപുസ്തകങ്ങളുടെ രചനാക്കമ്മിറ്റി ചെയർമാനായി സേവനം ചെയ്തു. അതുപോലെതന്നെ സമ്പൂർണ്ണ ബൈബിൾ വിവർത്തന കമ്മിറ്റിയിൽ അംഗമായും കൊഴുവനാലച്ചൻ സേവനം ചെയ്തിട്ടുണ്ട്.

പാമോയിൽ ബഹിഷ്കരണത്തിന് നേതൃത്വം കൊടുത്ത ആന്റണിയച്ചൻ ഒരു സമരത്തേക്കാൾ കർഷകരുടെ ജീവിക്കാനുള്ള അവകാശം ഉയർത്തിപ്പിടിച്ചു. ഇതോടനുബന്ധിച്ചു തുടർച്ചയായി നടന്ന ബഹിഷ്കരണ പരിപാടികളും സമരമുറകളും പാവങ്ങളോടുള്ള പക്ഷം ചേരലിന്റെ പുതിയൊരു മുഖം കേരള സഭയ്ക്ക് നൽകി. കർഷകരുടെ ഉന്നമനത്തിനായി സ്ഥാപിതമായ ഇൻഫാമിന്റെ സ്ഥാപക നേതാക്കളിലൊരാളായ ആന്റണിയച്ചൻ മരണംവരെയും അതിന്റെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ ഉയർത്തിയ ഭീകരമായ വെല്ലുവിളികളെ ചെറുക്കുന്നതിനു രൂപീകൃതമായ പശ്ചിമഘട്ട ജനസംരക്ഷണ സമിതിയുടെ ചെയർമാൻ എന്ന നിലയിൽ ആന്റണിയച്ചന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്.

വരുംതലമുറയെ മൂല്യബോധമുള്ളവരും സമുദായ സ്നേഹം ഉള്ളവരുമാക്കി സാമൂഹിക പ്രതിബദ്ധതയോടെ വളർത്തിക്കൊണ്ടുവരാനുതകുന്ന ബോധവൽക്കരണ പരിപാടികളെ ആന്റണിയച്ചൻ നിരന്തരം പ്രോത്സാഹിപ്പിച്ചു. അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെയും സഭയോടും സമുദായത്തോടുമുള്ള പ്രതിബദ്ധതയുടെയും നേർസാക്ഷ്യമാണ് കോഴിക്കോട്ടുള്ള പ്രശസ്തമായ സ്റ്റാർട്ട് എന്ന സ്ഥാപനം.

ആഗോള കത്തോലിക്കാ സഭയ്ക്ക് നൽകിയ നന്മകൾക്ക് ലഭിച്ച അംഗീകാരമായാണ്, 2017 ഏപ്രിൽ 29–ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആന്റണിയച്ചനെ 'ചാപ്ലയിൻ ഓഫ് ഹിസ് ഹോളിനസ്' (മോൺസിഞ്ഞോർ) എന്ന സ്ഥാനം നൽകി ഉയർത്തിയത്. ആന്റണിയച്ചന്റെ സേവനങ്ങൾക്ക് വിവിധ പുരസ്കാരങ്ങളും അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. 'ജീവിതമാണ് എന്റെ സന്ദേശം' എന്ന ഗാന്ധിയൻ ആദർശത്തിൽ ഉറച്ച് സഭയ്ക്കും സമൂഹത്തിനും ഏറ്റവും പ്രിയപ്പെട്ട വൈദികനായി തന്റെ കർമ്മപഥത്തിൽ നിറസാന്നിധ്യമായി ശോഭയോടെ നിലകൊണ്ട അദ്ദേഹം 2023 ഡിസംബർ 6–ന് സ്വർഗ്ഗീയ പിതാവിന്റെ ഭവനത്തിലേക്ക് യാത്രയായി. ദൈവജനത്തെ ഹൃദയത്തോട് ചേർത്ത് പിടിച്ച ആന്റണി അച്ചന്റെ ജീവിതം ജനമനസ്സുകളിൽ മായാതെയെന്നും ഉണ്ടായിരിക്കും.

**തയ്യാറാക്കിയത്: ഫാ. റോണി പോൾ കാവിൽ**


## ആദരാഞ്ജലികൾ



**മേരിക്കുട്ടി പൗലോസ്**
കാവിൽ, മുക്കം
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## 4- ാം ചരമ വാർഷികം
(09-12-2023)



**ത്രേസ്യാക്കുട്ടി ആഗസ്തി**
മുകളത്ത്, കൂരോട്ടുപാറ
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## 25- ാം ചരമ വാർഷികം
(03-12-2023)



**ദേവസ്യ വെള്ളപ്ലാക്കൽ**
വേനപ്പാറ, കോഴിക്കോട്
മരിച്ച വിശ്വാസികളുടെ ആത്മാക്കൾക്ക് തമ്പുരാന്റെ മനോഗുണത്താൽ മോക്ഷത്തിൽ ചേരുവാൻ ഇടയാക്കണമേ.
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

**കൃഷിയിൽ പരീക്ഷണങ്ങളുടെ കാലമാണിത്. പുതവിളകളെയും പുതുരീതികളെയും പുത്തൻ സംസ്കരണവിദ്യകളെയും കൃഷിയിടത്തിലേക്ക് കൊണ്ടുവരുന്നവർക്ക് വിജയകഥകൾ പറയാനുണ്ട്. സ്വന്തം കഴിവും ഭാവനയും നേട്ടങ്ങൾ കൊയ്യാനുള്ള മനസ്സുമായി ഒരു പുതുതലമുറ കർഷക സമൂഹത്തിലും രൂപം കൊള്ളുന്നുണ്ട്. അത്തരം ചില മാതൃകകളെ പരിചയപ്പെടാം.**

# നഷ്ടമല്ല കൂവപ്പൊടി വിൽപന

കൂവപ്പൊടി ആരോഗ്യദായകമായ ഒന്നാണ്. ഒറിജിനൽ കിട്ടാനും വിഷമം. അത്യാവശ്യം വിലയുമുണ്ട്. ഈ രംഗത്തെ സാധ്യതയെ ബിസിനസ് അവസരമാക്കി മാറ്റുകയാണ് ഈ കർഷകൻ. ഒറിജിനൽ കൂവപ്പൊടിയെന്ന സർട്ടിഫിക്കറ്റോടു കൂടിത്തന്നെയാണ് ഈ കർഷകന്റെ കൂവപ്പൊടി വിൽപന. നിലമ്പൂർ ഇടിവണ്ണയിലെ ഇഞ്ചനാൽ ജോസും ഭാര്യ സെലിനും കുടുംബവും കൂവക്കൃഷിയിൽ വേറിട്ട ബിസിനസ് നേട്ടം കൈവരിച്ചിരിക്കുന്നത്. പച്ചക്കൂവ വിൽപനയിൽ തുടങ്ങി ചെറിയ തോതിൽ കൂവപ്പൊടി ഉൽപാദനം ആരംഭിച്ച് വിപണിയിലെത്തിച്ചതിനു പിന്നാലെ ഇപ്പോൾ സ്വന്തം ബ്രാൻഡിൽ എത്തി നിൽക്കുന്നു ഇഞ്ചനാൽ കുടുംബത്തിന്റെ മുന്നേറ്റം. വർഷം 2500 കിലോഗ്രാം കൂവപ്പൊടി വരെ വിൽക്കാനുള്ള ശേഷിയാർജിച്ചിരിക്കുന്നു ഈ കൊച്ചുവീട്ടുവ്യവസായം.


ജോസ് ഇഞ്ചനാൽ

ഇൻജോസ് ഫുഡ് പ്രോഡക്ട്സ് (Injos food products) എന്നതാണ് ജോസിന്റെ കൂവപ്പൊടി ബ്രാൻഡിന്റെ പേര്. ഇതേ പേരിൽ ചെറുതേൻ, കസ്തൂരി മഞ്ഞൾ തുടങ്ങിയവയും വിപണിയിലെത്തിക്കാനുള്ള ശ്രമത്തിലാണ് ഇവർ. സ്വന്തം കൃഷിയിടത്തിൽ മൂന്ന് ഏക്കർ സ്ഥലത്താണ് കൂവക്കൃഷി. പ്രധാന ഇനങ്ങളായ നീലക്കൂവ, മഞ്ഞക്കൂവ, വെള്ളക്കൂവ എന്നിവ കൃഷി ചെയ്യുന്നുണ്ട്. എന്നാൽ വലിയതോതിലുള്ള കൂവപ്പൊടി ഉൽപാദനത്തിന് ഇത് മതിയാകില്ല. സമീപ മേഖലയിൽ നിന്നെല്ലാം കർഷകർ ജോസിന്റെ പക്കൽ വിളവെടുത്ത കൂവ പച്ചയ്ക്ക് വിൽപനക്കെത്തിക്കുന്നു. ഓരോ ഇനങ്ങളും മെഷീനിൽ അരച്ച് തുണിയിൽ അരിച്ച് ടാങ്കുകളിൽ നിറച്ച് പല തവണ അരിച്ച് കട്ടുകളഞ്ഞ് വൃത്തിയാക്കി ഊറി അടിയുന്ന കൂവസത്ത് ട്രേകളിൽ നിരത്തി UV ഷീറ്റുകൊണ്ട് നിർമിച്ച ഷെഡ്ഡിൽ വച്ച് ഉണക്കിയെടുത്താണ് കൂവപ്പൊടി ഉണ്ടാക്കുന്നത്. ഗ്രാന്യൂൾ രൂപത്തിലുള്ള ഇത് ഒന്നുകൂടി പൊടിച്ചാണ് പാക്കറ്റുകളിലാക്കുന്നത്. ഇതുകൂടാതെ മൊത്ത വ്യാപാരികൾക്കും കൂവപ്പൊടി ബ്രാൻഡ് ചെയ്ത് വിൽപന നടത്തുന്ന കമ്പനികൾക്കും ഔഷധശാലകൾക്കുമൊക്കെ ഇവിടെ നിന്ന് കൂവപ്പൊടി നൽകുന്നുണ്ട്. ഇതുവരെ കച്ചവടക്കാരെയോ ആവശ്യക്കാരെയോ തിരക്കി നടക്കേണ്ടി വന്നിട്ടില്ല എന്നതാണ് ഈ കർഷകന്റെ അനുഭവസാക്ഷ്യം. ആളുകൾ ആവശ്യത്തിനനുസരിച്ച് വീട്ടിലെത്തിക്കോളും. ഫെയ്സ്ബുക്ക് വഴിയും ധാരാളം ഓർഡർ കിട്ടുന്നുണ്ട്. അവർക്ക് പായ്ക്ക് ചെയ്ത് കൊറിയർ വഴി അയച്ചു കൊടുക്കും.

കൂവ അരയ്ക്കലും അരിച്ചെടുത്ത് ശുദ്ധമായ പൗഡർ ഉണ്ടാക്കുന്നതും പിന്നീടത് ഉണക്കിയെടുക്കുന്നതുമാണ് ഏറ്റവും വിഷമകരമായ ജോലി. പലതവണ ഊറൽ രൂപത്തിലാക്കി വെള്ളം ഒഴുക്കി കഴുകിയെടുക്കേണ്ടതിനാൽ ധാരാളം വെള്ളം ആവശ്യമാണ്. ഒരു ക്വിന്റൽ നീലക്കൂവ അരച്ച് സംസ്കരിച്ചെടുത്താൽ ഏഴു കിലോ ഗ്രാം പൊടിയാണ് കിട്ടുക. ഒരു ക്വിന്റൽ മഞ്ഞക്കൂവ അരച്ചാൽ ഏഴു മുതൽ ഒമ്പതു കിലോ ഗ്രാം വരെയും വെള്ളക്കൂവയാണെങ്കിൽ 15 കിലോ വരെയും പൊടി കിട്ടും. അതുകൊണ്ട് വിലയിലും ചെറിയ വ്യത്യാസം ഉണ്ട്. നീലക്കൂവയ്ക്ക് കിലോയ്ക്ക് 1500 രൂപയും വെള്ളയ്ക്കും മഞ്ഞയ്ക്കും 1250 രൂപ വീതവുമാണ് വാങ്ങുന്നത്. ബ്രാൻഡ് ആയി വിൽക്കാനുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി. തികച്ചും ജൈവം ആണെന്നും രാസവസ്തുക്കളോ കൃത്രിമ ചേരുവകളോ ഇല്ലെന്നും കോഴിക്കോട് റീജനൽ അനലറ്റിക്കൽ ലാബ് നൽകിയ സർട്ടിഫിക്കറ്റ് സഹിതമാണ് വിൽപന. ഒരു കിലോഗ്രാം, 500 ഗ്രാം, 250 ഗ്രാം സിപ് ലോക്ക് പായ്ക്കുകളായാണ് ഇവ വിൽക്കുന്നത്. ഇതോടൊപ്പം കസ്തൂരി മഞ്ഞൾ പൊടിയും വിപണിയിലെത്തിക്കും. വീട്ടിൽ ധാരാളമായി മുളങ്കൂടുകളിൽ വളർത്തുന്ന ചെറുതേൻ കുപ്പികളിലാക്കി വിൽപന നടത്താനുള്ള നടപടികളും പൂർത്തിയാകുന്നു.

ക്ഷമയോടെ ചെയ്യേണ്ട ജോലിയാണ് കൂവപ്പൊടിയുണ്ടാക്കൽ. അരച്ച കൂവ വെള്ളമൊഴിച്ച് തിരുമ്മി പിഴിഞ്ഞ് ഒരു തുണിയിലൂടെ അരിച്ചെടുക്കും. അരിച്ച കൂവപ്പൊടി കലർന്ന വെള്ളം വലിയ ടാങ്കുകളിൽ ഊറാൻ വയ്ക്കും. അടുത്ത ദിവസമാകുമ്പോഴെക്കും അടിയിൽ കൂവ ഊറിക്കിടക്കും. അതിലുള്ള വെള്ളം കളഞ്ഞ് വീണ്ടും വെള്ളമൊഴിച്ച് വീണ്ടും ഊറാൻ വയ്ക്കണം. ഏഴു മുതൽ പത്ത് ദിവസം വരെ ഇങ്ങനെ ചെയ്ത് അതിന്റെ കട്ട് മാറ്റിയെടുക്കണം. പാത്രത്തിന്റെ അടിയിൽ കട്ടിയായി കിടക്കുന്ന കൂവസത്ത് ഉണക്കാൻ വയ്ക്കണം. നല്ല വെയിലുണ്ടെങ്കിൽ മൂന്നു മുതൽ അഞ്ച് ദിവസം കൊണ്ട് ഉണങ്ങി ഈർപ്പരഹിതമാകും. ഇങ്ങനെ ലഭിക്കുന്ന പൊടി എത്ര വർഷം വേണമെങ്കിലും കേടാകാതെ ഇരിക്കും.

കൂവയ്ക്ക് ഇത്രയധികം പ്രാധാന്യം ഉണ്ടായത് അതിന്റെ ഔഷധഗുണം കൊണ്ടാണ്. ഉഷ്ണ കാലത്ത് കൂവവെള്ളം കുടിക്കുന്നത് ശരീരോഷ്മാവിനെ നിയന്ത്രിക്കുന്നു. മൂത്രം കടച്ചിൽ, പഴുപ്പ്, അസ്ഥിയുരുക്കം, വയറ്റിലുണ്ടാകുന്ന വിവിധ തരം അൾസർ എന്നിവയ്ക്ക് കൂവ ഉത്തമ ഔഷധമാണ്. അരിപ്പൊടി ചേർത്ത് അടയുണ്ടാക്കിയും തേങ്ങ ചേർത്ത് കുറുക്കിയും ക്ഷീണം മാറ്റുന്നതിന് കഞ്ഞിവെള്ളം പോലെ തിളപ്പിച്ചും കഴിക്കാം. പല വിഭവങ്ങൾ ഉണ്ടാക്കുന്നതിനു കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വഴിയും പരിശീലനം നൽകുന്നുണ്ട്.

കൂടുതൽ വിവരങ്ങൾക്ക്, ഫോൺ: **9446993362**

# വ്യാളിയല്ലിത് 'മാലാഖ'


പയസ് തോമസ്

ഡ്രാഗൺ ഫ്രൂട്ട് കൃഷിയിൽ ചെടികൾക്ക് പടർന്നുകയറാനുള്ള താങ്ങുകാലുകൾക്ക് ഏറെ പ്രാധാന്യമുണ്ട്. കാരണം കള്ളിമുൾ ഇനത്തിൽ പെട്ട ചെടിക്ക് തനിയെ ഉയർന്നുപടർന്നു വളരാനുള്ള കഴിവില്ല. കോൺക്രീറ്റ് കാലുകൾ പാകി അതിൽ ടയർ കൊണ്ടുള്ള വളയം ഉറപ്പിച്ച് ഡ്രാഗൺ ചെടി വളർത്തുന്നതാണ് നമ്മുടെ പരമ്പരാഗത രീതി. എന്നാൽ നിലമ്പൂരിലെ ചക്കാലക്കുത്ത് പുളിക്കത്തടത്തിൽ പയസ് തോമസ് എന്ന കർഷകൻ ഈ രംഗത്ത് പുതിയൊരു രീതി അവലംബിച്ചു. കരിങ്കൽത്തൂണിനു പകരം കോൺക്രീറ്റ് കാലുകൾ ഉണ്ടാക്കുകയും അവയ്ക്ക് കോൺക്രീറ്റ് കൊണ്ടു തന്നെ ടോപ് പണിയുകയും ചെയ്തു. 25 വർഷം ഗൾഫിൽ ചാർട്ടേഡ് അക്കൗണ്ടന്റായി ജോലി ചെയ്ത് നാട്ടിൽ തിരിച്ചെത്തിയ ശേഷമാണ് പയസ് കൃഷിയിലേക്ക് തിരിഞ്ഞത്.

ഡ്രാഗൺ പഴച്ചെടികൾ ഒരു ബിസിനസ് എന്ന നിലയിൽ നട്ടുവളർത്തുന്ന വലിയ കർഷകർക്ക് വഴികാട്ടിയാകുകയാണ് പയസ്. കൃഷിയെ ബിസിനസ് എന്ന നിലയിൽ കാണുകയാണെങ്കിൽ അതിനുതക്കതായ മുടക്കുമുതൽകൂടി ഉൾപ്പെടുത്തി പ്രഫഷനലായി മുന്നേറണം എന്ന തത്വമാണ് ഈ കർഷകൻ പിന്തുടരുന്നത്. സാധാരണ ഏകദേശം രണ്ടു മീറ്റർ ഉയരമുള്ള കരിങ്കൽത്തൂണുകൾ നാട്ടി അതിൽ ടയർ വളയങ്ങൾ ഉറപ്പിച്ചാണ് ചെടികൾ വളർത്തുന്നത്. കേരളത്തിൽ ഏതാണ്ട് എല്ലാവരും ഈ രീതിയിലാണ് ഡ്രാഗൺ ചെടികൾ വളർത്തുന്നത്.



ചിലർ കാലുകൾക്ക് കോൺക്രീറ്റ് തൂണുകൾ ഉപയോഗിക്കും. അപ്പോഴും ചെടികൾക്ക് പടരാൻ ഉപയോഗിക്കുന്ന വളയം ടയറിന്റേതു തന്നെ. പയസിന്റെ കൃഷിയിടത്തിൽ താങ്ങു കാലുകളും മുകളിലത്തെ സ്റ്റാൻഡും കോൺക്രീറ്റ് തന്നെയാണ്. കർണാടകയിലെ ചില വൻകിട ഫാമുകളിലെ ആശയം ഉൾക്കൊണ്ടാണ് പയസ് തന്റെ തോട്ടത്തിൽ ഈ രീതി ആവിഷ്കരിച്ചത്. ജോലിക്കാരെ വച്ച് ഇവ സ്വന്തം വാർത്തെടുക്കുകയാണ് ചെയ്യുന്നത്. ഇത് ചെലവ് കുറയ്ക്കാനും ഗുണനിലവാരം ഉറപ്പാക്കാനും സഹായിക്കുന്നു. 1000 കാലുകളിൽ 4000 തൈകൾ നടാം. കാലുകൾ കുഴിച്ചിടുന്നതും കോൺക്രീറ്റ് ടോപ്പ് ഉറപ്പിക്കുന്നതും വിദഗ്ധരായ തൊഴിലാളികളുടെ സഹായത്തോടെയാണ്. ഓരോ ടോപ്പും വാട്ടർ ലെവൽ പിടിച്ചാണ് ഉറപ്പിക്കുന്നത്. ടയർ ഉപയോഗിച്ചുള്ള ടോപ് കുറച്ചു കഴിയുമ്പോൾ ചെരിഞ്ഞു പോകും. ഇതിന് അത്തരമൊരു പ്രശ്നമില്ല.



ജലസേചനവും വളപ്രയോഗവും ചെടികളുടെ ചുവട്ടിൽ ലഭിക്കത്തക്ക വിധം ടൈമർ അടക്കം ക്രമീകരിച്ച വിപുലമായ സൗകര്യവും ഒരുക്കിയിട്ടുണ്ട്. പയസ് തോമസിനൊപ്പം ടോം തോമസ്, ക്രിസ്റ്റി തോമസ് എന്നീ സഹോദരങ്ങളും കൃഷി മേഖലയിൽ ശ്രദ്ധ ചെലുത്തുന്നവരാണ്. നിലമ്പൂരിൽ ചക്കാലക്കുത്ത്, അരുവാക്കോട്, വടപുറം, കാരാട് എന്നിവിടങ്ങളിലെ സ്ഥലങ്ങളിലെല്ലാം ഡ്രാഗൺ ചെടികൾ വളരുന്നു. മംഗലാപുരത്ത് ഇവർക്ക് 30 ഏക്കറിൽ ഡ്രാഗൺ ഉൾപ്പെടെ വിവിധ ഇനം പഴങ്ങളുടെ തോട്ടം ഉണ്ട്. ഏറ്റവും മികച്ച ഇനം നടീൽ വസ്തുക്കൾ തിരഞ്ഞെടുക്കുന്നതിലും ശ്രദ്ധ വേണമെന്ന് പയസ് പറയുന്നു.

കൂടുതൽ വിവരങ്ങൾക്ക്, ഫോൺ: **7994000492**



# വിശ്വാസ നിറവായി കൂടരഞ്ഞി സെ

കുടിയേറ്റ ജനതയുടെ വിശ്വാസ ദാർഢ്യത്തിന്റെയും ദൈവത്തിന്റെ അപാരമായ കരുണയുടേയും അടയാളമായി വിളങ്ങുകയാണ് കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയം. പ്രതിസന്ധികളെയെല്ലാം പൊരുതിത്തോൽപിച്ച ഒരു ജനതയുടെ വറ്റാത്ത മനക്കരുത്തിന്റെയും വലിയ കൂട്ടായ്മയുടെയും മഹാസാക്ഷ്യമാണ് ഈ ദൈവാലയം. 2023 ഡിസംബർ 26-ന് കൂദാശ ചെയ്യപ്പെട്ട ദൈവാലയം നാടിന്റെ അഭിമാനമായി, ദൈവപരിപാലനയുടെ സാക്ഷ്യമായി, ലോകത്തിനു മുഴുവനുമുള്ള അനുഗ്രഹമായി പരിലസിക്കും. കുടിയേറ്റത്തിന്റെ സഹനപൂർണമായ നാളുകളിലൂടെ ഒരു ജനത നേടിയെടുത്ത പാരമ്പര്യത്തിന്റെ അനുഭവത്തുടർച്ച നാടിന്റെ നാളെകളെ സൗഭാഗ്യപൂർണമാക്കും.

രണ്ടാം ലോകമഹായുദ്ധത്തിന്റെ തുടർച്ചയായി ലോകമെങ്ങുമുണ്ടായ കൊടിയ ഭക്ഷ്യക്ഷാമം കേരളത്തെയും ഒഴിവാക്കിയില്ല, വിശേഷിച്ചും അന്നത്തെ തിരുവിതാംകൂറിനെ അതു കഠിനമായി ഞെരുക്കിക്കളഞ്ഞു. കർഷകരുടെ ഉൽപന്നങ്ങൾക്ക് വില കിട്ടാതായി. പട്ടിണിയും പകർച്ചവ്യാധികളുംമൂലം ജീവിതം ദുഷ്കരമായ ഈ ഘട്ടത്തിൽ മധ്യതിരുവിതാംകൂറിലെ ജന്മനാടുവിട്ട് അവികസിതമായിരുന്ന മലബാറിന്റെ കിഴക്കൻ മലയോരങ്ങളിലേക്കു ജനങ്ങൾ കുടിയേറി. ജീവിക്കാനുള്ള പെടാപ്പാടിൽ, കഠിനാധ്വാനം ചെയ്യാനുള്ള മനസ്സു മാത്രമായിരുന്നു അവരുടെ മൂലധനം.

അന്നത്തെ തിരുവമ്പാടി വില്ലേജിന്റെ ഭാഗമായിരുന്ന കൂടരഞ്ഞിയിലും ഇത്തരമൊരു കർഷക കുടിയേറ്റമുണ്ടായി. 1940-കളിൽ മലബാറിന്റെ കിഴക്കൻ മേഖലകൾ തീർത്തും അപരിഷ്കൃതമായിരുന്നു. കുടിയേറ്റ ജനത വിലകൊടുത്തു വാങ്ങിയ ഭൂമിയിൽ കഠിനാധ്വാനം കൊണ്ട് അവർ കനകം വിളയിച്ചു. കാർഷികരംഗത്ത് വിപ്ലവം സൃഷ്ടിച്ചവരാണു കുടിയേറ്റ കർഷകർ. റബർ, പുൽത്തൈലം, രാമച്ചം, ഏലം, കൊക്കോ, ഗ്രാമ്പു, മരച്ചീനി, ഇഞ്ചി, കിഴങ്ങുവർഗങ്ങൾ തുടങ്ങിയവ മലബാറിൽ വ്യാപിപ്പിച്ചത് അവരാണ്. വിദ്യാഭ്യാസരംഗത്തും കർഷകജനതയുടെ സംഭാവനകൾ അമൂല്യം. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങി നാടിന്റെ വികസനത്തിനായി അവരൊഴുക്കിയ വിയർപ്പ് ഒരു കാലഘട്ടത്തിന്റെ ചരിത്രം കൂടിയാണ്.

## കർത്താവേ അങ്ങേയ്ക്കായ്




വരിഞ്ഞുമുറുകുന്ന തന്ത്രികളുടെ നാദമാണ് ഓരോ വീണയിൽ നിന്നും ഉയരുന്ന സപ്തസ്വരം. കടുത്ത ചൂടും പ്രഹരവും സഹിച്ചതിന്റെ മേന്മയാണ് നാം അണിയുന്ന വസ്ത്രാഭരണങ്ങളുടെ തിളക്കം. വിത്ത് വിതക്കുന്നതു മുതൽ പൊടിഞ്ഞ് അപ്പമാകുന്നതുവരെ ഓരോ ധാന്യമണിയും പരിണാമത്തിന്റെ കഠിനപ്രക്രിയകളിലൂടെ പോകുന്നതാണ് സ്വാദിഷ്ഠമായ ആഹാരപദാർത്ഥങ്ങൾ. ഓരോ ശില്പത്തിന്റെ പുറകിലും ഒരു ശില്പിയുടെ കഠിനപ്രയത്നമുണ്ട്... ഒടുവിൽ അടിച്ചവനും, ഉരുക്കിയവനും, മഴുകൊണ്ടു വെട്ടിയവനും, ഉളികൊണ്ട് കൊത്തിയവനുമൊക്കെ അപ്രസക്തമായേക്കാം. മനോഹരമായ ആഭരണങ്ങളും, വസ്ത്രങ്ങളും, ശില്പങ്ങളുമൊക്കെ വലിയ ശോഭയോടെ ജനഹൃദയങ്ങളിൽ ചേക്കേറും, ശില്പങ്ങളിൽ ചിലതൊക്കെ ദേവസ്ഥാനങ്ങളിൽ ഇടം നേടും.

1956-ൽ പണികഴിപ്പിച്ച പഴയ ഇടവക ദൈവാലയം 62 വർഷങ്ങൾക്ക് ശേഷം മാറ്റിപ്പണിത് കൂദാശ കർമ്മത്തിന് ഒരുങ്ങി നിൽക്കുകയാണ്. നിർമ്മാണം പൂർത്തിയാക്കിയ പുതിയ ദേവാലയത്തിനുമുണ്ട് കഠിനയാതനകളുടെ കഥ പറയാൻ. വലിയ പ്രതിസന്ധികൾ ഏറെ അതിജീവിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞത് ദൈവാനുഗ്രഹത്തിന്റെയും ഇടവക സമൂഹത്തിന്റെ കഠിനാധ്വാനത്തിന്റെയും, നിശ്ചയദാർഢ്യത്തിന്റെയും, കൂട്ടായ്മയുടെയും, പ്രാർത്ഥനയുടെയും ഫലമായാണ്.

ദൈവാലയ നിർമ്മാണ പ്രവൃത്തികളുടെ തുടക്കത്തിൽ പ്രളയം, കോവിഡ്, നിപ്പ എന്നിങ്ങനെയുള്ള മഹാമാരികൾ ഒന്നിന് പുറകെ ഒന്നായി ദുരിതം തീർത്തു. രാത്രി പ്രകാശഗോളമായും പകൽ മേഘസ്തംഭമായും ഇസ്രായേൽ ജനതയ്ക്ക് സംരക്ഷണം നൽകിയ കരുണാസമ്പന്നനായ ദൈവം പ്രതിസന്ധിയുടെ ഘട്ടങ്ങളിലെല്ലാം ഈ ഇടവകാസമൂഹത്തെ സംരക്ഷിച്ചു. 2018 മാർച്ച് 19-ന് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചതു മുതൽ കൂടെ നിന്ന് സഹായിച്ച എല്ലാവരെയും നന്ദിയോടെ ഓർമ്മിക്കുന്നു. ദൈവം തന്റെ കൃപയുടെ നീർച്ചാലുകൾ നമ്മുടെ മേൽ ധാരാളം ഒഴുക്കട്ടെ. ധീരനായ വിശുദ്ധ സെബസ്ത്യാനോസിന്റെ മാധ്യസ്ഥം നമുക്ക് കൂടുതൽ ബലമേകട്ടെ.

**ഫാ. റോയി തേക്കുംകാട്ടിൽ**
(വികാരി)



### ആദ്യ ദൈവാലയം 1948-ൽ

കുടിയേറ്റ ജനതയുടെ ആത്മീയാവശ്യത്തിനായി 1948 നവംബറിലാണ് കൂടരഞ്ഞിയിൽ ഒരു താൽക്കാലിക ദൈവാലയം നിർമിച്ചത്. മുക്കത്തെ വയലിൽ മോയിഹാജി നൽകിയ സ്ഥലത്തു നിർമിച്ച ദൈവാലയം 1949 ഏപ്രിൽ 21-ന് കോഴിക്കോട് രൂപതയുടെ അഭിവന്ദ്യ മെത്രാൻ അൽദോ മരിയ പത്രോണി ആശീർവദിച്ച് ദിവ്യബലിയർപ്പിച്ചു. കൂടരഞ്ഞിയുടെ ആദ്യവികാരി ഫാ. ബർണാർഡിൻ സിഎംഐ ആയിരുന്നു.

കൂടരഞ്ഞിക്ക് ഒരിക്കലും മറക്കാനാകാത്ത പേരാണ് ബർണാഡിനച്ചന്റേത്. 1949-ൽ തന്നെ കൂടരഞ്ഞിയിൽ എൽ.പി സ്കൂൾ സ്ഥാപിതമായി. 1953 ജൂൺ 17-ന് പള്ളിയുടെ താൽക്കാലിക ഷെഡ് ശക്തമായ കാറ്റും മഴയും മൂലം തകർന്നതിനാൽ 1954-ൽ പുതിയ ഒരു പള്ളി പണിയാൻ തീരുമാനിച്ചു. ബർണാർഡിനച്ചന്റെ നേതൃത്വത്തിൽ നിർമാണം പൂർത്തിയാക്കി. 1956 ഏപ്രിൽ 25-ന് തലശ്ശേരി രൂപതയുടെ മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ദൈവാലയത്തിന്റെ കൂദാശാകർമം നിർവഹിച്ചു. 1959-ൽ ഫാ. ടിഷ്യാൻ സിഎംഐ, 1960-ൽ ഫാ. ബർത്തലോമിയോ സിഎംഐ എന്നിവർ വികാരിമാരായി.

കാത്തിരിപ്പുകൾക്കൊടുവിൽ 1962-ൽ കൂടരഞ്ഞിയിൽ ഹൈസ്കൂൾ ആരംഭിച്ചു. ഫാ. പയസ് സിഎംഐ, ഫാ. ജേക്കബ് വാരികാട്ട്, ഫാ. ജോസഫ് കച്ചിറമറ്റം, ഫാ. ജോസഫ് ചിറ്റൂർ, ഫാ. ജേക്കബ് നരിക്കുഴി എന്നിവരായിരുന്നു തുടർന്നുള്ള വികാരിമാർ. ഫാ. ജോസഫ് കച്ചിറമറ്റത്തിന്റെ കാലത്താണ് ഇവിടെ സെന്റ് സെബാസ്റ്റ്യൻസ് മിഷൻ ഹോസ്പിറ്റൽ സ്ഥാപിച്ചത്. 1969-ൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ആശുപത്രിയുടെ ആശീർവാദകർമവും അന്നത്തെ ആരോഗ്യ മന്ത്രി ബി. വെല്ലിങ്ടൺ ഉദ്ഘാടനവും നിർവഹിച്ചു.

1972 ഏപ്രിൽ മാസം ഫാ. ജേക്കബ് നരിക്കുഴിയുടെ ശ്രമഫലമായി, മുക്കം-തേക്കുംകുറ്റി റോഡിൽ കാലിക്കറ്റ് എസ്റ്റേറ്റ് വഴി കൂടരഞ്ഞിയിലേക്ക് ഒരു റോഡ് നിർമിച്ചത് നാടിന്റെ വളർച്ചയിൽ നിർണായകമായി. കോഴിക്കോട് നിന്ന് ആദ്യമായി ഒരു ബസ് എത്തിയത് ഇതോടെയാണ്. 1975 ജനുവരി 18-ന് പള്ളിവക കെട്ടിടത്തിൽ ബാങ്ക് ഓഫ് കൊച്ചിന്റെ ശാഖ ആരംഭിച്ചു. ഇതിന് മുൻകൈ എടുത്തത് ഫാ. ജോസഫ് വലിയകണ്ടമായിരുന്നു. വലിയകണ്ടത്തിലച്ചനു ശേഷം ഫാ. പീറ്റർ കൂട്ട്യാനി, ഫാ. ജോർജ് മാത്തിപറമ്പിൽ, ഫാ. ജോസഫ് മൈലാടൂർ എന്നിവർ വികാരിമാരായി.

1967-ൽ കൂടരഞ്ഞി പഞ്ചായത്ത് ഓഫിസിനുള്ള സ്ഥലം സൗജന്യമായി കൊടുത്ത പള്ളി പിന്നീട് കൃഷി ഓഫിസ്, വില്ലേജ് ഓഫിസ് എന്നിവയ്ക്കും സ്ഥലം വിട്ടുനൽകി. പിന്നീട് ഫാ. സക്കറിയാസ് കട്ടയ്ക്കൽ, ഫാ. ജെയിംസ് മുണ്ടയ്ക്കൽ, ഫാ. പോൾ കളപ്പുര, ഫാ. ജോർജ് തടത്തിൽ, ഫാ. സെബാസ്റ്റ്യൻ പൂക്കളം, ഫാ. ജോസ് മണിമലത്തറപ്പിൽ, ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ, ഫാ. ജയിംസ് വാമറ്റം എന്നിവർ ഇടവകയിൽ വികാരിമാരായി സേവനം ചെയ്തു. ഫാ. പോൾ കളപ്പുരയുടെ കാലത്താണ് താമരശ്ശേരി കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിൽ 1998ൽ ആദ്യത്തെ ഹയർ സെക്കൻഡറി സ്കൂൾ കൂടരഞ്ഞിയിൽ ആരംഭിച്ചത്.

ഫാ. സെബാസ്റ്റ്യൻ പൂക്കളം, ഫാ. ജോസ് മണിമലത്തറപ്പിൽ, ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ എന്നിവരുടെ കാലത്ത് ഹൈസ്കൂളിന്റെ പഴയ ഓടിട്ട കെട്ടിടത്തിന്റെ സ്ഥാനത്ത് പുതിയ കെട്ടിടം നിർമിച്ചു. പാരിഷ് ഹാൾ നിർമിച്ചതും സെമിത്തേരിയിൽ ചുറ്റുമതിൽ തീർത്ത് ചാപ്പൽ നിർമിച്ചതും ഫാ. ജോസ് മണിമലത്തറപ്പിലാണ്.

2015-ൽ വികാരിയായി എത്തിയ ഫാ. റോയി തേക്കുംകാട്ടിലാണ് ദൈവാലയ നിർമ്മാണ പ്രവർത്തനങ്ങളെ മുന്നിൽ നിന്ന് നയിച്ചത്. കാലം ഒരുക്കിയ പ്രതിസന്ധി

## മലബാറിലെ വലിയ തിരുനാൾ

മലബാറിലെ സുറിയാനി കത്തോലിക്കരുടെ ഏറ്റവും വലിയ ആഘോഷങ്ങളിലൊന്നാണ് കൂടരഞ്ഞിയിലെ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ. അതിന്റെ പൂർവ്വകഥ എല്ലാ മനസ്സുകളിലും സുദൃഢമാണ്. കുടിയേറ്റം നടക്കുന്ന കാലം മലമ്പനി, വസൂരി തുടങ്ങിയ പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്നു, ആശുപത്രികൾ സമീപത്തൊന്നുമില്ല, മരണം പതിവ് സംഭവമായ കാലം. തേക്കുംകുറ്റി, കൂമ്പാറ മുതൽ കക്കാടംപൊയിൽ വരെയും, തോട്ടുമുക്കം മുതൽ വെറ്റിലപ്പാറ വരെയും, കുളിരാമുട്ടി മുതൽ പൂവാറൻതോട് വരെയും വ്യാപിച്ച് കിടന്ന ഇടവകയിലൂടനീളം വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള പന്തൽപ്രദക്ഷിണം തിരുനാളിന്റെ ഭാഗമായിരുന്നു. പന്തലുകളിൽ തിരുസ്വരൂപം ഇറക്കിവെച്ച് പ്രത്യേകം പ്രാർത്ഥന. രോഗത്തിന്റെ വ്യാപനം ശമിച്ചു. നാട്ടിലെല്ലാം സമാധാനം ഉണ്ടായി. സമീപ ഇടവകകളിലുള്ളവരും മറ്റു മതസ്ഥരും കൂടരഞ്ഞിയിൽ തിരുനാളിന് ധാരാളമായി എത്താൻ തുടങ്ങി. കുടിയേറ്റ മേഖലകളിലെ പള്ളികളിൽ ഇടവക മധ്യസ്ഥന്റെ തിരുനാളിനൊപ്പം വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാളും ചേർത്ത് സംയുക്ത തിരുനാളായാണ് ഇപ്പോൾ ആഘോഷിക്കുന്നത്. മലബാറിൽ ഏറ്റവും അധികം ആളുകൾ സംബന്ധിക്കുന്ന തിരുനാൾ കൂടരഞ്ഞിയിലേതാണ്.

കുടിയേറ്റ മേഖലയിൽ ഏറ്റവും ആദ്യം പണി പൂർത്തിയാക്കിയത് കൂടരഞ്ഞി ഇടവകദൈവാലയമായിരുന്നു. ആയിരത്തി മുന്നൂറിലധികം കുടുംബങ്ങൾ ഇന്ന് ഒറ്റ മനസ്സായി ഈ ഇടവകയിലുണ്ട്. കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി നടത്തിയ ശ്രമഫലമായാണ് മനോഹരമായ ഈ പുതിയ ദേവാലയം പൂർത്തിയാക്കാൻ കഴിഞ്ഞത്.

2023 ഡിസംബർ 26-ന് ആശീർവാദ കർമ്മത്തെ തുടർന്ന് 2024 ജനുവരി 20 വരെ വിവിധ പരിപാടികളോടെ തിരുനാൾ ആഘോഷപൂർവ്വം നടത്തുന്നു. ഈ തിരുനാൾ ജനസമൂഹത്തിന്റെ കൂട്ടായ്മയുടെയും വിശ്വാസത്തിന്റെയും നേർസാക്ഷ്യമാകും.

**ജോസ് കടമ്പനാട്ട്** (ആദ്യകാല കുടിയേറ്റ കർഷകൻ)

# സന്റ് സെബാസ്റ്റ്യൻസ് ദൈവാലയം



കളിൽ പതറാതെ, തളരാതെ ദൈവത്തിൽ വിശ്വസിച്ച് കരുതലോടെ നടത്തിയ ഇടപെടലുകളുടെയും നിലപാടുകളുടെയും ഫലമാണ് ഈ ദേവാലയം.

ഇക്കാലംകൊണ്ട് എൽ.പി, യു.പി വിദ്യാലയങ്ങൾക്ക് കാലത്തിനുചേർന്ന ഹൈടെക് ക്ലാസ് മുറികളോടുകൂടിയ കെട്ടിടസമുച്ചയം നിർമ്മിക്കുകയും 2021 മെയ് അഞ്ചിന് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ആശീർവാദകർമ്മവും വിദ്യാഭ്യാസ മന്ത്രി ശ്രീ. വി. ശിവൻകുട്ടി കെട്ടിടോദ്ഘാടനവും നിർവഹിച്ചു.

കുട്ടികൾക്കായി പാർക്ക്, ബയോപാർക്ക്, സെമിത്തേരി നവീകരണം, വൈദിക ഭവന നിർമ്മാണം, സ്കൂൾ മൈതാന നവീകരണം, മനോഹരമായ സ്കൂൾ കവാടം, ഇടവകയിലെ ഭവനരഹിതരായവർക്ക് സുമനസ്സുകളുടെ സഹകരണത്തോടെ അവരുടെ സ്വപ്ന വീട് നിർമ്മാണം, സ്കൂളിനാവശ്യമായ ജലലഭ്യതയ്ക്ക് പുതിയ കുളം നിർമ്മിക്കൽ തുടങ്ങി നിരവധി നിർമ്മാണ വികസന പ്രവർത്തനങ്ങൾ അദ്ദേഹം നേതൃത്വം നല്കി പൂർത്തീകരിച്ചു.

## പ്രതിസന്ധികളെ അതിജീവിച്ച് പുതിയ ദേവാലയം

കാലപ്പഴക്കത്താൽ ജീർണാവസ്ഥയിലായിരുന്ന പള്ളി പൊതുയോഗ തീരുമാനപ്രകാരം പുതുക്കിപ്പണിയാൻ തീരുമാനിച്ചു. 2018 മാർച്ച് 19-ന് താമരശ്ശേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പുതിയ ദൈവാലയത്തിന് അടിസ്ഥാന ശിലയിട്ടു. സമാനതകളില്ലാത്ത വിധം പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു പള്ളിയുടെ നിർമാണ കാലഘട്ടം. പ്രകൃതിദുരന്തങ്ങളും വെള്ളപ്പൊക്കവും മൂലമുണ്ടായ പ്രതിസന്ധികളും പിന്നീട് നിപ്പ, കോവിഡ് തുടങ്ങിയ മഹാമാരികളുടെ കടന്നാക്രമണവുമെല്ലാം അതിജീവിച്ച് മനോഹരമായ ദൈവാലയവും അനുബന്ധ സംവിധാനങ്ങളും ഒരുങ്ങിയത് ഇടവക സമൂഹത്തിന്റെ ആഴമായ വിശ്വാസത്തിന്റെയും ദൃഢനിശ്ചയത്തിന്റെയും കഠിനാധ്വാനത്തിന്റെയും ത്യാഗോജ്ജ്വലമായ സമർപ്പണത്തിന്റെയും ഫലമാണ്. പകർച്ചവ്യാധികളിൽനിന്നു സംരക്ഷണം നൽകുന്ന വിശുദ്ധ സെബസ്ത്യാനോസിന്റെ മാധ്യസ്ഥം ഇടവകയ്ക്കും ഈ നാടിനും വലിയ അനുഗ്രഹം ചൊരിഞ്ഞതിന്റെ നേർസാക്ഷ്യമാണ് ശിരസ്സുയർത്തി നിൽക്കുന്ന പുത്തൻ ദൈവാലയം.

കോവിഡിന്റെയും മറ്റു വ്യാധികളുടെയും കാലത്ത് നാടിന്റെ അഭയകേന്ദ്രമായിരുന്നു വിശുദ്ധ സെബസ്ത്യാനോസിന്റെ ഈ ദൈവാലയം.


ഇവിടം സ്നേഹത്തിന്റെയും സഹനത്തിന്റെയും സഹവർത്തിത്വത്തിന്റെയും ഇടമാണ്. ഇടവകയുടെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ സെബസ്ത്യാനോസിന്റെ അനുഗ്രഹം എല്ലാവരുടേയും ജീവിതത്തിന് കരുത്തു പകർന്ന് മാർഗ്ഗദീപമായി തുടർന്നുകൊണ്ടിരിക്കും.

**റാഫേൽ കണിയാമറ്റം**
(പാരിഷ് സെക്രട്ടറി)

കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിന്റെ ചിത്രങ്ങൾ കാണാൻ ക്യു.ആർ. കോഡ് സ്കാൻ ചെയ്യുക.

## ആശംസ

*"കർത്താവ് എന്റെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് ഞാൻ എന്ത് പകരം കൊടുക്കും. രക്ഷയുടെ പാനപാത്രമുയർത്തി കർത്താവിന്റെ തിരുനാമം വിളിച്ചപേക്ഷിക്കും" (സങ്കീ. 116:12).*



കൂടരഞ്ഞി ഇടവകയ്ക്ക് ഇത് ആഹ്ലാദത്തിന്റെ നിമിഷങ്ങളാണ്. ഇടവകയുടെ മധ്യസ്ഥനായ വിശുദ്ധ സെബസ്ത്യാനോസിന്റെ നാമത്തിൽ കൂടരഞ്ഞി ഇടവകയിൽ പുതിയ ദൈവാലയം പൂർത്തിയായി എന്നറിയുന്നതിൽ നിങ്ങളോടൊപ്പം ഞാനും ദൈവത്തിന് കൃതജ്ഞത അർപ്പിക്കുന്നു. പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്ന കൂടരഞ്ഞിയുടെ ആത്മീയ കേന്ദ്രമായ, മനോഹരമായ ഈ ദൈവാലയം പണി തീർത്തത് വിശുദ്ധ സെബസ്ത്യാനോസിന്റെ പ്രത്യേക മാധ്യസ്ഥ ശക്തിയായി നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ദിനവൃത്താന്ത പുസ്തകം പറയുന്നതുപോലെ "ആലയം മനുഷ്യനു വേണ്ടിയല്ല ദൈവമായ കർത്താവിനുവേണ്ടിയാണ്" (1 ദിന. 29:1). ദൈവത്തിനുവേണ്ടിയുള്ള ഈ ആലയം ദൈവാനുഗ്രഹത്തിന്റെ നീർച്ചാലൊഴുകുന്ന ഇടമായി മാറട്ടെ. അനേകർക്ക് ആശ്രയവും ആശ്വാസവുമായി ഈ ദൈവാലയം നിലകൊള്ളും. മനോഹരമായ ദൈവാലയ നിർമ്മാണത്തിന് സഹായിച്ച എല്ലാവരെയും, പ്രത്യേകിച്ച് ശക്തമായ നേതൃത്വം നൽകിയ പ്രിയപ്പെട്ട വികാരി ജോസഫ് തേക്കുംകാട്ടിലച്ചനേയും ഇടവകയിൽ സേവനം ചെയ്ത കൊച്ചച്ചന്മാരേയും നന്ദിയോടെ ഓർക്കുന്നു. തന്റെ ആരോഗ്യം പോലും മറന്നുകൊണ്ട് രാപകലില്ലാതെ ജോസഫ് അച്ചൻ ഈ ദൈവലയ നിർമ്മാണത്തിനായി അദ്ധ്വാനിക്കുകയായിരുന്നു. അച്ചന്റെ അക്ഷീണ പരിശ്രമവും നിശ്ചയദാർഢ്യവും സേവനസന്നദ്ധതയും കൂടരഞ്ഞി ഇടവകജനത്തിന് ഒരിക്കലും വിസ്മരിക്കാൻ സാധിക്കില്ല. ഏറെ പ്രത്യകമായി അച്ചനെ നന്ദിയോടെ ഓർക്കുന്നു. അച്ചനെയും, അദ്ദേഹത്തോട് ചേർന്ന് സഹകരിച്ച എല്ലാവരെയും, പ്രത്യേകിച്ച് കൂടരഞ്ഞി ഇടവകജനത്തെ മുഴുവനും അഭിനന്ദിക്കുകയും ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ ദൈവാലയം ഇടവകയ്ക്ക് എന്നും അനുഗ്രഹമാകട്ടെ.

പണിതുയർത്തിയ ദൈവാലയം പ്രതീകം മാത്രമാണ്. 'നാം ഓരോരുത്തരുമാണ് യഥാർത്ഥ ദൈവാലയം' എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ എപ്പോഴും നമുക്ക് അനുസ്മരിക്കാം. 'നമ്മുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിന് പ്രീതികരവുമായ ഒരു സജീവ ബലിയായി അർപ്പിക്കുക എന്നതാണ് യഥാർത്ഥ ആരാധന' എന്നതും നമുക്ക് മറക്കാതിരിക്കാം.

ദൈവാലയ കൂദാശ ആഘോഷങ്ങൾക്കും തുടർന്നുവരുന്ന ഇടവക തിരുനാളിനും എല്ലാവിധ ആശംസകളും ഏറെ സ്നേഹത്തോടെ അറിയിക്കുന്നു. ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
(താമരശ്ശേരി രൂപതയുടെ മെത്രാൻ)

## നന്ദിയുടെ ഒരു വാക്ക്

മനോഹരമായ ഈ ദൈവാലയം പൂർത്തിയാകുമ്പോൾ ഓർക്കാൻ ഒത്തിരിയുണ്ട്. ഇതിന്റെ ചുവരുകൾക്ക് ഒരു സമൂഹത്തിന്റെ വിയർപ്പിന്റെ ഗന്ധമുണ്ട്. ഒരു വലിയ സ്വപ്നത്തിന്റെ നിറമുണ്ട്. പരിമിതികളെയും പരാതികളെയും കുറിച്ച് പരിഭവമില്ല. അത് കാലം ഒരുക്കുന്ന വിധിയാണ്. ഉള്ളു നിറഞ്ഞ നന്ദി മാത്രം. തണൽ വീശിയ സഭാ നേതൃത്വത്തിന്, ചേർന്ന് നിന്ന സൗഹൃദങ്ങൾക്ക്, ഒപ്പം നിന്ന വിശ്വാസസമൂഹത്തോട്, സുമനസ്സുകളോട്, അങ്ങനെയങ്ങനെ ഒരുപാട്....

മനോഹരമായ ഇതിന്റെ ഡിസൈനിങ് നിർവഹിച്ച മോഡേൺ ഇങ് ആർക്കിടെക്ച്ചറൽ കമ്പനി ഉടമ ശ്രീ. ഷൈജു ജോസഫ്, സ്ട്രക്ച്ചറൽ ഡിസൈനിങ് നിർവഹിച്ച ശ്രീ. ചന്ദ്രകാർ (മുൻ എൻജിനീയർ NIT) നിർമാണ പ്രവർത്തികൾ കൃത്യതയോടെ നിർവഹിച്ച വേളാങ്കണ്ണി മാതാ കൺസ്ട്രക്ഷൻ ഉടമ ശ്രീ. ഫ്രാൻസിസ് കൂട്ടപ്പറമ്പിൽ, കൺസ്ട്രക്ഷൻ കമ്മറ്റി കൺവീനർ ശ്രീ. ഷിബു കരിന്തോളിൽ, കാർപെന്ററി പണികൾക്ക് നേതൃത്വം നൽകിയ ശ്രീ. നിക്സൺ കുമരേത്ത്, ഇലക്ട്രിക്കൽ ഡിസൈനിങ് CEO ശ്രീ. സാബു ജോസഫ്, ഇലക്ട്രിക്കൽ ജോലികൾ ചെയ്ത ശ്രീ. ജോബി ജോസഫ് പഴൂർ, ടൈൽസിന്റെ പണികൾ പൂർത്തിയാക്കിയ ലാലിച്ചൻ സ്കറിയ, പെയിന്റിംഗ് ജോലികൾ ഭംഗിയായി നിർവഹിച്ച ശ്രീ. ബിജു, ട്രസ്സ് വർക്ക് ചെയ്ത ശ്രീകണ്ഠാപുരം സി.എസ്.ടി ഫാദേഴ്സ്, ഇൻഡസ്ട്രിയിൽ വർക്കുകൾ ഭംഗിയായി പൂർത്തിയാക്കിയ ശ്രീ.ജിൻസ് ജേക്കബ്, എർത്ത് വർക്കുകൾ ചെയ്ത ശ്രീ. വിൻസ് വിലങ്ങുപാറ, കരിങ്കൽ പണികൾ ചെയ്തുതന്ന ശ്രീ. കുര്യൻ പുറക്കാട്ട്, മുറ്റത്ത് കല്ലുകൾ വിരിച്ച് ലാൻറ് സ്കേപ്പിങ് ജോലികൾ ചെയ്ത ശ്രീ. ജോൺസൺ, പിയാത്ത നിർമ്മിച്ച ഫാ. പ്രവീൺ MCBS, ഗ്രൗണ്ട് – റോഡ് ടാറിങ് തുടങ്ങിയവ മനോഹരമായി ചെയ്തു തന്ന ഊരാളുങ്കൽ സൊസൈറ്റി, വി. സി. ജോസ് വിലങ്ങപ്പാറ, സി.സി.ടി.വി, ക്യാമറ ജോലികൾ പൂർത്തിയാക്കിയ ജിൽസ് ആന്റണി, സൗണ്ട് സിസ്റ്റം ഒരുക്കിയ ബാബു മിക്സ് ക്രാഫ്റ്റ് തുടങ്ങിയ എല്ലാവരെയും അവരുടെ ടീം അംഗങ്ങളെയും, ദൈവാലയ നിർമാണം ആരംഭിച്ചതു മുതലുള്ള എല്ലാ കൈക്കാരന്മാരെയും, നിർമാണ കമ്മറ്റിയിലെ അംഗങ്ങളെയും, കമ്മറ്റിക്കാരെയും നന്ദിയോടെ ഓർക്കുന്നു.

**ടോമി പ്ലാത്തോട്ടത്തിൽ** (ട്രസ്റ്റി)

## ലോഗോസ് ക്വിസ്: അഭിമാനമായി ലിയ ട്രീസ കേഴപ്ലാക്കൽ


ലിയ ട്രീസ സുനിൽ

ലോഗോസ് മെഗാ ക്വിസ് പ്രതിഭാ മത്സരത്തിൽ രണ്ടാം സ്ഥാനം നേടി മിന്നും പ്രകടനമോടെ താമരശ്ശേരി രൂപതയുടെ അഭിമാനമായി ലിയ ട്രീസ സുനിൽ കേഴപ്ലാക്കൽ. ബി കാറ്റഗറിയിൽ ഒന്നാം സ്ഥാനം ലിയ ട്രീസയ്ക്കാണ്. ആറ് കാറ്റഗറിയിലെയും ഒന്നാം സ്ഥാനക്കാരാണ് ലോഗോസ് പ്രതിഭാ മത്സരത്തിൽ മാറ്റുരച്ചത്. 1.2 മാർക്കിന്റെ നേരിയ വ്യത്യാസത്തിലാണ് ലിയയ്ക്ക് പ്രതിഭ പട്ടം നഷ്ടമായത്. ഒരു ഗ്രാം സ്വർണ്ണവും 15,000 രൂപയും ലിയയ്ക്ക് സമ്മാനമായി ലഭിച്ചു. കൂരോട്ടുപാറ ഇടവകാംഗമായ കേഴപ്ലാക്കൽ സുനിൽ–ഷീന ദമ്പതികളുടെ മകളാണ് പത്താം ക്ലാസ് വിദ്യാർത്ഥിനിയായ ലിയ.

## റവ. ഡോ. സുബിൻ കാവളക്കാട്ട് താമരശ്ശേരി രൂപതാ ചാൻസലർ


റവ. ഡോ. സുബിൻ കാവളക്കാട്ട്

താമരശ്ശേരി രൂപതയുടെ പുതിയ ചാൻസലറായി റവ. ഡോ. സുബിൻ കാവളക്കാട്ട് ചുമതലയേറ്റു. മേരിക്കുന്ന് പിഎംഒസി ഡയറക്ടറായി സേവനം ചെയ്തു വരികെയാണ് പുതിയ ചുമതല.

റോമിലെ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ നിന്ന് അജപാലന ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ റവ. ഡോ. സുബിൻ കാവളക്കാട്ട് ആനക്കാംപൊയിൽ ഇടവകാംഗമാണ്. 2006 ഡിസംബർ 27–ന് പൗരോഹിത്യം സ്വീകരിച്ച അദ്ദേഹം ഈസ്റ്റ്ഹിൽ, കോടഞ്ചേരി, കണ്ണോത്ത് ഇടവകകളിൽ അസി. വികാരിയായും വടകര, വാലില്ലാപ്പുഴ എൻ.ഐ.ടി. ക്യാമ്പസ്, കരികണ്ടൻപാറ എന്നീ ഇടവകകളിൽ വികാരിയായും സേവനം ചെയ്തു.

ഗോവ, റോം എന്നിവിടങ്ങളിലും അജപാലന ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഫാമിലി അപ്പോസ്തലേറ്റ്, കെസിവൈഎം, വൊക്കേഷൻ ബ്യൂറോ, അൾത്താരസംഘം, കരുണാ ഹോസ്റ്റൽ എന്നിവയുടെ ഡയറക്ടറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

സ്ഥാനമൊഴിഞ്ഞ ഫാ. ചെറിയാൻ പൊങ്ങൻപാറ ചിക്കോഗോ രൂപതയിൽ അജപാലന ശുശ്രൂഷയ്ക്കായി നിയമിതനായി.

മേരിക്കുന്ന് പിഎംഒസിയുടെ പുതിയ ഡയറക്ടറായി റവ. ഡോ. കുര്യൻ പുരമഠവും അസി. ഡയറക്ടറായി റവ. ഡോ. മാറ്റസ് കോരംകോട്ടും നിയമിതരായി. കോഴിക്കോട് മേരിക്കുന്നിൽ പ്രവർത്തിക്കുന്ന ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൈക്കോതെറാപ്പി ഡയറക്ടറാണ് ഫാ. കുര്യൻ. ഫാമിലി അപ്പോസ്തോലേറ്റ് ഡയറക്ടറാണ് ഫാ. മാറ്റസ്.

## 'അകത്തളം' പ്രദർശനത്തിന് ഒരുങ്ങി

താമരശ്ശേരി രൂപതയിലെ കമ്മ്യൂണിക്കേഷൻ മീഡിയയുടെ കീഴിൽ പ്രവർത്തിക്കുന്ന അക്ഷര കമ്മ്യൂണിക്കേഷന്റെ പുതിയ നാടകം 'അകത്തളം' പ്രദർശനത്തിനൊരുങ്ങുന്നു. ചൂഷണ വിധേയരാകുന്ന കുട്ടികളുടെ അന്തസംഘർഷങ്ങളും അവർ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രതിസന്ധികളുമാണ് പ്രമേയം. കെസിബിസി അവാർഡ് ജേതാവ് രാജീവൻ മമ്മിള്ളിയാണ് സംവിധായകൻ. കൂമ്പാറ ബേബി, ഫാ. മെൽവിൻ വെള്ളയ്ക്കാക്കുടിയിൽ എന്നിവർ ചേർന്നാണ് നാടകത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത്.

"കാലിക പ്രസക്തമായ വിഷയം മനോഹരമായ കുടുംബപശ്ചാത്തലത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. മാതാപിതാക്കൾക്കും കുട്ടികൾക്കും വലിയ ബോധ്യങ്ങൾ പകരുന്ന നാടകം ആസ്വാദന മികവിലും മുന്നിലാണ്" കമ്മ്യൂണിക്കേഷൻ മീഡിയ ഡയറക്ടർ ഫാ. സിബി കുഴിവേലിൽ അഭിപ്രായപ്പെട്ടു.

## ജെറിയാട്രിക് കെയർ പ്രവർത്തനങ്ങൾക്ക് തുടക്കമായി

**കോഴിക്കോട്:** മുതിർന്ന പൗരന്മാരുടെ സുരക്ഷയ്ക്കായി താമരശ്ശേരി രൂപത ആരംഭിച്ച ജെറിയാട്രിക് കെയർ പ്രവർത്തനങ്ങൾക്ക് മരുതോങ്കര, മൈലെള്ളാംപാറ, തോട്ടുമുക്കം ഇടവകകളിൽ തുടക്കമായി. നൂറോളം ആളുകൾ പങ്കെടുത്ത ഇടവകാതല സമ്മേളനങ്ങളിൽ ബോധവൽക്കരണ ക്ലാസുകളും, വിവിധ കലാപരിപാടികളും, സ്നേഹവിരുന്നും സംഘടിപ്പിച്ചു.

വികാരിയച്ചന്മാരുടെ സഹായത്തോടെ വിൻസെന്റ് ഡി പോൾ, പെയിൻ ആന്റ് പാലിയേറ്റീവ്, മാതൃവേദി, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവരാണ് ഇടവകാതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. നീണ്ട ഇടവേളയ്ക്കു ശേഷം പരസ്പരം കാണാനും സംസാരിക്കാനും കഴിഞ്ഞതിന്റെ സന്തോഷം വയോജനങ്ങൾ പങ്കുവെച്ചു. വയോജനസംഗമങ്ങൾ എല്ലാ മാസവും ഇടവകകളിൽ നടത്തണമെന്നും പൊതുചർച്ചയിൽ ആവശ്യമുയർന്നു.

വരും മാസങ്ങളിൽ മറ്റ് ഇടവകകളിലും ജെറിയാട്രിക് കെയർ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് രൂപതാ ഡയറക്ടർ റവ. ഡോ. ബിനു കുളത്തിങ്കൽ പറഞ്ഞു.

## കാക്കവയൽ ഇടവക രജത ജൂബിലി ആഘോഷിച്ചു

**കാക്കവയൽ:** ഇടവക സ്ഥാപിതമായതിന്റെ രജത ജൂബിലി ആഘോഷങ്ങൾ സമാപിച്ചു. കൃതജ്ഞത ബലിക്ക് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ഇടവക വികാരി റവ. ഡോ. ഫിലിപ്പ് ചക്കുംമൂട്ടിൽ അധ്യക്ഷത വഹിച്ചു. ജൂബിലി സമാപന സമ്മേളനം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ഇടവക ദേവാലയം പണിയുന്നതിനായി സ്ഥലം സംഭാവന ചെയ്ത ജോസ് മണ്ണാനിക്കാട്ടിനെയും ഇടവകയിൽ നിന്നുള്ള വൈദികരെയും സന്യസ്തരെയും, ഇടവകയിൽ സേവനം ചെയ്ത മുൻ വികാരിമാരെയും സന്യസ്തരെയും യോഗത്തിൽ ആദരിച്ചു.

ജൂബിലി സ്മരണിക, ചീഫ് എഡിറ്റർ ഡോ. തോമസ് തേവര പരിചയപ്പെടുത്തി. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രകാശനം ചെയ്തു. സജി പടിഞ്ഞാറെമേമന, ജോൺ മുക്കാട്ടുകാവിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് സൺഡേ സ്കൂളിന്റെയും വിവിധ ഭക്തസംഘടനകളുടെയും വാർഷിക കലാപരിപാടികൾ നടന്നു, സ്നേഹവിരുന്നോടുകൂടി ജൂബിലി ആഘോഷങ്ങൾക്ക് സമാപനമായി. ജൂബിലി ആഘോഷവേളയിൽ ഇടവകയിലെ ഭവനരഹിതരായ ഒരു കുടുംബത്തിന് ജൂബിലി ഭവനം നിർമ്മിച്ചു നൽകിയിരുന്നു.


കാക്കവയൽ ജൂബിലി സമാപന സമ്മേളനം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു

## കുളത്തുവയലിൽ മരിയൻ നൈറ്റ്

**കുളത്തുവയൽ:** സെന്റ് ജോർജ് തീർത്ഥാടന കേന്ദ്രത്തിൽ എല്ലാ മാസവും ആദ്യ വെള്ളിയാഴ്ചകളിൽ 'മരിയൻ നൈറ്റ്' സംഘടിപ്പിക്കും. വൈകിട്ട് നാലിന് കുമ്പസാരത്തോടെ മരിയൻ നൈറ്റ് ആരംഭിക്കും. തുടർന്ന് 4.30–ന് ജപമാലയും അഞ്ചു മണിക്ക് വിശുദ്ധ കുർബാനയും. വചന പ്രഘോഷണത്തിന് നവീകരണ രംഗത്തെ പ്രമുഖർ നേതൃത്വം നൽകും. 7.45 മുതൽ സൗഖ്യാരാധന. 8.30–ന് നേർച്ച ഭക്ഷണത്തോടെ മരിയൻ നൈറ്റ് അവസാനിക്കും.

## SMART നിയമാവലി പ്രകാശനം ചെയ്തു

**കോഴിക്കോട്:** അൾത്താര ശുശ്രൂഷകരുടെ സംഘടനയായ സ്മാർട്ടിന്റെ (SMART) നിയമാവലി ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രകാശനം ചെയ്തു. മേരിക്കുന്ന് പിഎംഒസിയിൽ രൂപതാ വൈദികരുടെ വാർഷിക സമ്മേളനത്തിൽ നടന്ന ചടങ്ങിൽ രൂപതാ വികാരി ജനറൽ മോൺ. എബ്രഹാം വയലിൽ ആദ്യപ്രതി ഏറ്റുവാങ്ങി. ഡെയ്‌ലി കംപാനിയൻ എന്ന പേരിൽ പുറത്തിറക്കിയ പുസ്തകവും ചടങ്ങിൽ പ്രകാശനം ചെയ്തു.

FIRST HEAVENLY BIRTHDAY
20-12-2023

30.11.1979 - 20.12.2022
ജിബി റോബർട്ട് ജോർജ്

ഒന്നാം ചരമവാർഷികം
(12-01-2024)

ഒ. കെ. ജോസഫ് (കുഞ്ഞുകൊച്ച്)
ഔസേപ്പുപറമ്പിൽ, തോട്ടുമുക്കം
ജനനം: 30-04-1940 മരണം: 12-01-2023
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

മലബാർ വിഷൻ മാട്രിമോണിയൽ
വരനെ അന്വേഷിക്കുന്നു
താമരശേരി രൂപത, യുവതി 30 വയസ്, 158 cm ഉയരം, BSc നഴ്സ്, സൗദി MOH. ഇപ്പോൾ അവധിക്ക് നാട്ടിലുണ്ട്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. വാട്സാപ്പ്: 98472 89107, Chavara ID:CCLT458089 Syro Malabar ID: SCGY238578
വധുവിനെ അന്വേഷിക്കുന്നു
താമരശേരി രൂപത, യുവാവ് 30 വയസ്, 165 cm ഉയരം, +2, X-ray ഡിപ്ലോമ (DRT). ഇപ്പോൾ പാലക്കാട് പ്രൈവറ്റ് ആശുപത്രിയിൽ റേഡിയോഗ്രാഫർ (പെർമനന്റ് സ്റ്റാഫ്). അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. വാട്സാപ്പ്: 99615 70290, 7012051188

# പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പക്ഷം ചേർന്ന വൈദികൻ

**ഒക്ടോബർ 20–ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ഫാ. ഫ്രാൻസിസ് കള്ളിക്കാട്ടിനെ അനുസ്മരിക്കുന്നു**

ഒക്ടോബർ 23 തിങ്കളാഴ്ച രാവിലെ 10 മണി കഴിഞ്ഞപ്പോൾ നാലു ചെറുപ്പക്കാർ ഈരൂടുള്ള സെന്റ് ജോസഫ്സ് ദേവാലയത്തിൽ പൊതുദർശനത്തിന് വച്ചിരുന്ന ഫാ. ഫ്രാൻസ് കള്ളിക്കാട്ടിന്റെ ഭൗതിക ശരീരത്തിൽ പുഷ്പാർച്ചന നടത്തി പ്രാർത്ഥിച്ച് ഈറനണിഞ്ഞ മിഴികളുടെ പിരിയുന്നത് കണ്ടു. പിറ്റേദിവസം ആ നാല് പേർ മറ്റു മൂന്നുപേരോടൊപ്പം തുടങ്ങനാട് ഫ്രാൻസിസ് അച്ചന്റെ ഭവനത്തിലും ദേവാലയത്തിലും സെമിത്തേരിയിലും നടന്ന മൃതസംസ്കാരത്തിന്റെ മുഴുവൻ ശുശ്രൂഷകളിലും പൂർണ്ണമായി പങ്കെടുക്കുന്നത് കണ്ട് ഒരു കൗതകത്തിന് അവരെ പരിചയപ്പെട്ടപ്പോഴാണ് അറിയുന്നത്, അവർ ഏഴുപേരും ഫ്രാൻസിസ് അച്ചന്റെ വളർത്തുമക്കളാണ്! സ്കൂൾ പഠനത്തിനും തുടർവിദ്യാഭ്യാസത്തിനും ഫ്രാൻസിസച്ചൻ സഹായിച്ചവരാണവർ. ജോലി നേടിക്കൊടുക്കാനും വിവാഹം നടത്തിക്കൊടുക്കാനും അച്ചൻ സഹായിച്ചു. അപ്പനെ നഷ്ടപ്പെട്ട വേദനയോടെ മൃതസംസ്കാര ശുശ്രൂഷ കഴിഞ്ഞിട്ടും അവർ അവിടെയൊക്കെ പ്രാർത്ഥന നിരതരായി നടക്കുന്നതുകണ്ടു.

ദരിദ്രരോടും രോഗികളോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും ഫ്രാൻസിസ് അച്ചന് ഒരു പ്രത്യേക പരിഗണനയുണ്ടായിരുന്നു. അതുകൊണ്ടുതന്നെയാണ് എല്ലാവിധ ജീവിതസൗകര്യങ്ങളും നിറഞ്ഞ ജന്മനാടിനേക്കാൾ അധികമായി അസൗകര്യങ്ങൾ മാത്രം നിറഞ്ഞ മലബാറിനെ അദ്ദേഹം പ്രണയിച്ചത്.

1937 സെപ്റ്റംബർ 25–ന് പാലാ രൂപതയിലെ തുടങ്ങനാട് ഇടവകയിലെ കള്ളിക്കാട്ട് തോമസ് അന്നമ്മ ദമ്പതികളുടെ ഏഴ് മക്കളിൽ മൂന്നാമനായി ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസംവരെ തൊടുപുഴയിൽ പൂർത്തിയാക്കിയശേഷം പാലാ രൂപതയിലെ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. ആലുവയിലുള്ള കാർമ്മൽഗിരി, മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരികളിൽ തത്ത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1967 മാർച്ച് 13–ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് തലശ്ശേരി രൂപതയ്ക്കായി വൈദിക പട്ടം സ്വീകരിക്കുകയും തുടർന്ന് പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.



അവിഭക്ത തലശ്ശേരി അതിരൂപതയിലെ (ഇപ്പോൾ മാനന്തവാടി രൂപത) സുൽത്താൻ ബത്തേരി ഇടവകയിൽ അസി. വികാരിയായും മാങ്ങോട്, ചന്ദനക്കാംപാറ, ശ്രീപുരം, മാമ്പൊയിൽ, കോഴിച്ചാൽ, രാജഗിരി എന്നിവിടങ്ങളിലും, താമരശ്ശേരി രൂപത സ്ഥാപനത്തിനു ശേഷം വേനപ്പാറ, പശുക്കടവ്, തേക്കുംകുറ്റി, പടത്തുകടവ്, കുളത്തുവയൽ, ചെമ്പുകടവ്, പെരിന്തൽമണ്ണ, കുണ്ടുതോട് ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വേനപ്പാറ ഇടവകയിലെ പള്ളിമുറി നവീകരിക്കുകയും പുതിയ മണിമാളിക നിർമ്മിക്കുകയും ചെയ്തത് ഫ്രാൻസിസ് അച്ചന്റെ കാലത്താണ്. പശുക്കടവ് ഇടവകയിലെ പല സ്ഥലങ്ങളിലും വൈദ്യുതി എത്തിച്ചേരാതിരുന്ന 1989 കാലഘട്ടത്തിൽ കള്ളിക്കാട് അച്ചൻ സർക്കാർതലത്തിൽ സ്വാധീനം ചെലുത്തി വൈദ്യുതി എത്തിക്കുന്നതിനും ഗതാഗത സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കഠിനാധ്വാനം ചെയ്തു. തേക്കുംകുറ്റി ഇടവകയിൽ പള്ളിയോടു ചേർന്ന് ഒരു പാരിഷ്ഹാൾ നിർമ്മിച്ചത് അച്ചന്റെ കാലഘട്ടത്തിലാണ്. ഈ കെട്ടിടമാണ് ഇപ്പോൾ നഴ്സറി സ്കൂളായി പ്രവർത്തിക്കുന്നത്. പടത്തുകടവ് ഇടവകയിൽ ഇപ്പോൾ കാണുന്ന മനോഹരമായ ദേവാലയം നിർമ്മിച്ചത് ഫ്രാൻസിസ് അച്ചന്റെ നേതൃത്വത്തിലാണ്. കൂടാതെ യാത്രാ സൗകര്യങ്ങൾ കുറവായിരുന്ന ഈ പ്രദേശത്ത് അച്ചന്റെ നിരന്തരമായ പരിശ്രമങ്ങളുടെ ഫലമായി കെഎസ്ആർടിസി ബസ്സുകൾ ഓടിത്തുടങ്ങി.

കുളത്തുവയൽ ഇടവകയിൽ പാരീഷ് ഹാൾ നിർമ്മിക്കുകയും കുളത്തുവയൽ ഇടവകയുടെ കീഴിലുള്ള കരികണ്ടൻപാറ സ്വതന്ത്ര കുരിശുപള്ളിയുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തത് ഫ്രാൻസിസ് അച്ചനാണ്. ചെമ്പുകടവ് ഇടവകയുടെ സങ്കീർത്തി നവീകരിച്ചതും പാരിഷ് ഹാളിന്റെ നിർമ്മാണവും, പള്ളിമുറി വിപുലീകരണവും നവീകരണവും നടത്തിയതു ഫ്രാൻസിസ് അച്ചനാണ്. കുണ്ടുതോട് ഇടവകയിലെ പള്ളിമുറിയുടെ നവീകരണത്തിലും അച്ചൻ പ്രധാന പങ്കുവഹിച്ചു.

കർഷകരോടും കാർഷിക മേഖലയോടും അച്ചനു വലിയ മമതയായിരുന്നു. തന്റെ ഇടവകയിലുള്ളവർ ഭൂമി തരിശിടാതെ ഫലപ്രദമായി കൃഷി ചെയ്ത് ജീവിക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുമായിരുന്നു. കണ്ടുമുട്ടുന്ന എല്ലാവരെയും നിറപുഞ്ചിരിയോടെ സ്വീകരിക്കുവാൻ അച്ചനു കഴിയുമായിരുന്നു. അച്ചന്റെ ആ പുഞ്ചിരി അവസാനം വരെയും മുഖത്ത് സുന്ദരമായി നിഴലിച്ചിരുന്നു. അപ്പനെപ്പോലെയും അമ്മയെപ്പോലെയും ജ്യേഷ്ഠനെപ്പോലെയും സുഹൃത്തിനെപ്പോലെയും പെരുമാറുവാൻ അച്ചന് അപാരമായ സിദ്ധി ഉണ്ടായിരുന്നു.

2017–ൽ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച് ഈരൂട് വിയാനി പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. ആരോഗ്യപരമായ ബുദ്ധിമുട്ടുകൾ അലട്ടിയപ്പോൾ കൂടുതൽ ചികിത്സകൾക്കായി സ്വദേശത്തേക്ക് പോവുകയും ചികിത്സകൾ തേടുകയും ചെയ്തു. ആരോഗ്യസ്ഥിതി വീണ്ടെടുത്തപ്പോൾ സന്തോഷത്തോടെ തിരിച്ചു താമരശ്ശേരി, ഈരൂടുള്ള വൈദിക മന്ദിരത്തിലേക്ക് തിരിച്ചെത്തി.

ഫിസിയോതെറാപ്പി ചെയ്യുവാനായി ഒക്ടോബർ 18 ബുധനാഴ്ച താമരശ്ശേരി ചാവറ ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും തുടർചികിത്സകൾക്കിടയിൽ ഒക്ടോബർ 20 വെള്ളിയാഴ്ച രാവിലെ 10.40–ന് ഹൃദയാഘാതം ഉണ്ടാവുകയും, തന്നെ ഇത്രയും നാൾ പരിപാലിച്ച ദിവ്യനാഥനോട് ചേരുവാൻ അച്ചൻ വിളിക്കപ്പെടുകയും ചെയ്തു. 'മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാൻ അല്ല ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്ക് വേണ്ടി മോചനദ്രവ്യമായി നൽകുവാനുമത്രേ.' എന്നുള്ള ആപ്തവാക്യം സ്വീകരിച്ച കള്ളിക്കാട്ടച്ചൻ അതനുസരിച്ചുള്ള ജീവിതമാണ് നയിച്ചതെന്ന് നിസംശയം പറയാം.

തയ്യാറാക്കിയത്: **ഫാ. സന്തോഷ് ചുവപ്പുങ്കൽ**





Thomarakattil Tiles

'നവീകരിച്ച ഷോറൂം
വിശാലമായ കളക്ഷൻസ്'




Kajaria, Johnson തുടങ്ങിയ ബ്രാൻഡുകളുടെ എക്സ്ക്ലൂസിവ് സ്റ്റുഡിയോ. വിവിധ സൈസിൽ ഉള്ള സ്ലാബ് ടൈലുകൾ, സാനിറ്ററി വെയർ, ബാത് ഫിറ്റിംഗ്സ് തുടങ്ങിയവയുടെ വിശാലമായ കളക്ഷൻസ്, 10,000 Sq.ft ഉള്ള നവീകരിച്ച ഷോറൂമിൽ നിങ്ങൾക്കായി ഒരുക്കി വെച്ചിരിക്കുന്നു.

MAJOR BRANDS: KAJARIA, JOHNSON, SOMANY, MYK LATICRETE, WEBER, RAMCO, KEROVIT PARRYWARE

Our sister concerns - Thomarakattil Hardwares | Thomarakattil furniture
Thomarakattil Electricals | Thomarakattil Sheets and pipes

Thomarakattil Tiles
Calicut Road, Thiruvambady, Kozhikode
Pincode: 673 603, Ph: 9562 252 190, 04952 252 190

# വിവാഹത്തിന്റെ കാനോനിക ക്രമത്തിൽ ഒഴിവു ലഭിക്കുമോ?

## ചോദ്യം ഉത്തരം



റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ

**?കത്തോലിക്കരുടെ വിവാഹത്തിനു സഭ നിശ്ചയിച്ചിരിക്കുന്ന ഒരു ക്രമം നിലവിലുണ്ടല്ലോ. ഈ ക്രമം പാലിക്കുന്നതിൽ നിന്ന് ഒഴിവു കൊടുക്കാറുണ്ടോ? സീറോ മലബാർസഭയിൽ ഇക്കാര്യത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ?**

● സെബി ചാലക്കുടി

കത്തോലിക്കാസഭയിൽ വിവാഹം എന്ന കൂദാശ പരികർമം ചെയ്യുന്നതിനു നിയതമായ ഒരു ക്രമമുണ്ട് എന്നതു ചോദ്യത്തിൽത്തന്നെ വ്യക്തമാണ്. പൗരസ്ത്യ സഭാനിയമം 828-ാം കാനോന ഒന്നാം ഖണ്ഡികപ്രകാരം സ്ഥല മേലദ്ധ്യക്ഷന്റെയോ സ്ഥലത്തെ വികാരിയുടെയോ അല്ലെങ്കിൽ ഇവരിൽ ഒരാൾ വിവാഹം ആശീർവദിക്കാൻ അധികാരം നല്കിയിരിക്കുന്ന ഒരു വൈദികന്റെയോ സാന്നിധ്യത്തിലും രണ്ടു സാക്ഷികളുടെ മുമ്പാകെയും വിശുദ്ധമായ ഒരു കർമ്മത്തോടെയാണ് വിവാഹം നടത്തപ്പെടേണ്ടത് (cf. CIC c. 1108). പൗരസ്ത്യസഭാനിയമവും ലത്തീൻ സഭാനിയമവും തമ്മിൽ ഈ വിഷയത്തിൽ നിലനില്ക്കുന്ന ചില വ്യത്യാസങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണു പൗരസ്ത്യനിയമമനുസരിച്ച് ഒരു വൈദികന്റെ ആശീർവാദം വിവാഹത്തിന്റെ സാധുതയ്ക്ക് ആവശ്യമാണ് എന്നത്. അതിനാൽ പൗരസ്ത്യസഭകളിലെ അംഗങ്ങളുടെ വിവാഹവും ഒരു പൗരസ്ത്യസഭാംഗവും ലത്തീൻസഭാംഗവും തമ്മിലുള്ള വിവാഹവും ഒരു ഡീക്കനു നടത്താൻ സാധിക്കില്ല. എന്നാൽ, ലത്തീൻസഭാനിയമപ്രകാരം മെത്രാനും വൈദികനും ഡീക്കനും, അസാധാരണ സാഹചര്യത്തിൽ അല്മായനും, സഭയുടെ ഭാഗത്തു നിന്നുള്ള ഔദ്യോഗിക പ്രതിനിധിയായി വധൂവരന്മാർ പ്രകടിപ്പിക്കുന്ന സമ്മതം സഭയുടെ നാമത്തിൽ സ്വീകരിക്കുക എന്ന ദൗത്യമാണ് വിവാഹാവസരത്തിൽ നിർവഹിക്കുന്നത്.

വിവാഹത്തിന്റെ കാനോനിക ക്രമത്തെക്കുറിച്ച് ഇത്രമാത്രം പറഞ്ഞതിനുശേഷം ഏത് അവസരങ്ങളിലാണ് ഈ ക്രമം പാലിക്കുന്നതിൽനിന്ന് ഒഴിവ് ആവശ്യമായി വരുന്നത് എന്നതു പരിശോധിക്കാം. രണ്ടു കത്തോലിക്കർ തമ്മിൽ വിവാഹം നടത്തുമ്പോൾ വിവാഹത്തിന്റെ കാനോനികക്രമം പാലിക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടുമില്ല. എന്നാൽ മിശ്രവിവാഹത്തിന്റെ സാഹചര്യത്തിലാണ് കത്തോലിക്കാവിവാഹക്രമം ചില അവസരത്തിലെങ്കിലും പാലിക്കാൻ തടസം നേരിടുന്നത്. മിശ്രവിവാഹം എന്നത് ഒരു കത്തോലിക്കാവിശ്വാസിയും അകത്തോലിക്കാസഭയിലെ ഒരു വ്യക്തിയും തമ്മിൽ നടത്തുന്ന വിവാഹമാണ്. അതു നടത്തുന്നതിന് ഉപാധികളും നിബന്ധനകളും സഭാനിയമം നൽകുന്നുണ്ട് (CCEO cc. 813- 816; CIC cc. 1124-1128).

മിശ്രവിവാഹം നടത്തുന്നത് സഭാനിയമം അനുശാസിക്കുന്ന വിവാഹത്തിന്റെ കാനോനികക്രമമോ ഇത്തരം വിവാഹങ്ങൾക്കായി സഭ നിർദ്ദേശിച്ചിരിക്കുന്ന പ്രത്യേകക്രമമോ ഉപയോഗിച്ചായിരിക്കണം വിവാഹം നടത്തേണ്ടത് (CCEO c. 834 §1; CIC cc. 1117, 1127 §-§12). എന്നാൽ, കത്തോലിക്കാസഭയുടെ കാനോനികക്രമത്തിൽ വിവാഹം ആശീർവദിക്കണം എന്നതു ചിലയവസരത്തിലെങ്കിലും അകത്തോലിക്കാവിശ്വാസികൾക്കു ബുദ്ധിമുട്ടുളവാക്കുന്നതാണ്. ഉദാഹരണത്തിന് കത്തോലിക്കാവിശ്വാസിയായ ആൻമേരി വിവാഹിതയാകാൻ ആഗ്രഹിക്കുന്നത് അകത്തോലിക്കാസഭാംഗമായ ജേക്കബുമായാണ്. കത്തോലിക്കാസഭയുടെ മിശ്രവിവാഹനിയമമനുസരിച്ചു വിവാഹം കഴിക്കാൻ ജേക്കബു തയ്യാറാണെങ്കിലും വിവാഹം നടത്തുന്നതു ജേക്കബിന്റെ സഭയുടെ ക്രമമനുസരിച്ചുവേണം എന്ന ഒരു ആവശ്യം അയാൾ ഉന്നയിച്ചു. കാരണം, ജേക്കബിന്റെ പിതാവ് ആ സഭയിലെ ഒരു വൈദികനാണ്. അതിനാൽ ജേക്കബ് അത്തരമൊരു ആവശ്യം ഉന്നയിക്കുന്നത് ന്യായമാണ്. അതേസമയം ആൻമേരിക്കു കത്തോലിക്കാസഭാനിയമമനുസരിച്ച് വിവാഹിതയാകാൻ അതിയായ ആഗ്രഹമുണ്ട്. അത്തരം സാഹചര്യങ്ങളിൽ വിവാഹത്തിന്റെ കാനോനിക ക്രമത്തിൽനിന്ന് ഒഴിവ് (dispensation) നല്കാനുള്ള സാധ്യത നിയമത്തിലുണ്ട്. വിവാഹത്തിന്റെ കാനോനികക്രമത്തിൽനിന്നുള്ള ഒഴിവിന് അപേക്ഷിച്ചു അനുവാദം വാങ്ങി ജേക്കബിന്റെ പള്ളിയിൽവച്ച് ആ സഭയുടെ ക്രമത്തിൽ വിവാഹം നടത്താനുള്ള സാധ്യത നിയമം നൽകുന്നുണ്ട്.

ഇത്തരം സാഹചര്യത്തിൽ, പൗരസ്ത്യനിയമമനുസരിച്ച്, വിവാഹത്തിന്റെ കാനോനിക ക്രമത്തിൽനിന്നു ഒഴിവുനല്കുന്നതു ശ്ലൈഹികസിംഹാസനമോ അല്ലെങ്കിൽ പാത്രിയർക്കീസ്/മേജർ ആർച്ച്ബിഷപ്പോ ആണ് (CCEO c. 835). വളരെ ഗൗരവകരമായ കാരണങ്ങൾ നിലനില്ക്കുമ്പോൾ മാത്രമേ ഈ ഒഴിവുനല്കപ്പെടുകയുള്ളൂ. ഇപ്രകാരം വിവാഹത്തിന്റെ കാനോനികക്രമം ഉപയോഗിക്കുന്നതിൽനിന്ന് ഒഴിവുലഭിക്കാൻ ആഗ്രഹിക്കുന്ന ഒരു വിശ്വാസി ബന്ധപ്പെട്ട രൂപതാധ്യക്ഷന് അപേക്ഷ സമർപ്പിക്കുകയും രൂപതാദ്ധ്യക്ഷൻ അത് മേജർ ആർച്ച്ബിഷപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ആവശ്യമായ അനുമതി മേജർ ആർച്ച്ബിഷപ്പോ അതിനായി നിയോഗിക്കപ്പെട്ട അധികാരിയോ നല്കുകയും ചെയ്യുന്നു. ലത്തീൻസഭയിൽ, വിവാഹത്തിന്റെ കാനോനിക ക്രമം ഉപയോഗിക്കുന്നതിൽ നിന്നുള്ള ഒഴിവുനല്കുന്നത് അപേക്ഷകന്റെ രൂപതാദ്ധ്യക്ഷനാണ് (CIC c. 1127 §2).

പൗരസ്ത്യ അകത്തോലിക്കാസഭകളിൽ മലങ്കര സിറിയൻ ഓർത്തഡോക്സ് സഭയുമായി (യാക്കോബായ സഭ അഥവാ ബാവാകക്ഷി) കത്തോലിക്കാസഭ വിവാഹത്തെ സംബന്ധിച്ചു ചില ധാരണകളിൽ എത്തിച്ചേർന്നിട്ടുണ്ട്. വിവാഹം ഏതു സഭയിൽ നടത്തണമെന്ന് വിവാഹിതരാകുന്നവർക്കു പരസ്പരധാരണയിൽ തീരുമാനിക്കാവുന്നതാണ്. ഈ ധാരണ യാക്കോബായ സഭയുമായിമാത്രം ഉണ്ടാക്കിയിട്ടുള്ളതാണ്.

സീറോമലബാർസഭയിൽ കാനോനിക ക്രമത്തിൽനിന്ന് ഒഴിവുവാങ്ങി വിവാഹം നടത്തുമ്പോൾ പ്രസക്തമാകുന്ന ചില കാര്യങ്ങളെക്കുറിച്ച് അടുത്തിടെ മേജർ ആർച്ചുബിഷപ്പിന്റെ ഡിക്രിവഴി നിയമനിർമാണം നടത്തിയിരുന്നു. ഈ നിയമം പ്രാബല്യത്തിൽ വന്നതിന്റെ പശ്ചാത്തലം ഇതാണ്. വിവാഹത്തിന്റെ കാനോനിക കർമ്മത്തിൽനിന്ന് ഒഴിവുവാങ്ങി അകത്തോലിക്ക പള്ളിയിൽവെച്ച് വിവാഹം നടത്തുന്നതിനുമുമ്പ് കത്തോലിക്കകക്ഷിയുടെ ഇടവകയിൽ വിവാഹവാഗ്ദാനം സാധാരണ പോലെ നടത്താൻ ചില രൂപതകളിൽ അനുവദിച്ചിരുന്നു; ചില രൂപതകളിൽ അത് അനുവദിച്ചിരുന്നില്ല. അതുപോലെതന്നെ, വിവാഹം വിളിച്ചുചൊല്ലുന്ന കാര്യത്തിലും. സീറോമലബാർസഭയിൽ നടപ്പിലാക്കിയ നിയമം ഇതാണ്:

1. വിവാഹത്തിന്റെ കത്തോലിക്കാക്രമത്തിൽനിന്ന് ഒഴിവുവാങ്ങി നടത്തുന്ന മിശ്രവിവാഹങ്ങളിൽ, ഏതെങ്കിലും ഒരു കക്ഷി അഭ്യർത്ഥിക്കുകയാണെങ്കിൽ മനസമ്മതവും വിളിച്ചുചൊല്ലലും അനുവദിക്കേണ്ടതാണ്.

2. വിവാഹം വിളിച്ചുചൊല്ലുമ്പോൾ വിവാഹത്തിന്റെ കത്തോലിക്കാക്രമത്തിൽനിന്ന് ഒഴിവുനല്കിക്കൊണ്ടുള്ള മേജർ ആർച്ചുബിഷപ്പിന്റെ അനുവാദത്തോടെയാണ് വിവാഹം നടത്തുന്നതെന്നും അകത്തോലിക്കാകക്ഷിയുടെ ദൈവാലയത്തിൽ വച്ചാണ് വിവാഹം പരികർമം ചെയ്യപ്പെടുന്നതെന്നും അറിയിക്കേണ്ടതാണ്.

രണ്ടു കത്തോലിക്കർ തമ്മിലുള്ള വിവാഹം കത്തോലിക്കാക്രമത്തിൽ നടത്തുന്നതാണ് പൊതുനിയമം വിവക്ഷിക്കുന്ന കാര്യം. മിശ്രവിവാഹം നടത്താനുള്ള അനുമതി ഈ പൊതുനിയമത്തിൽ നിന്ന് ഒഴിവുനല്കുന്നതാണ്. മിശ്രവിവാഹം നടത്തുമ്പോൾത്തന്നെ വളരെ ഗൗരവകരമായ സാഹചര്യങ്ങളിൽമാത്രം രൂപതാദ്ധ്യക്ഷന്മാരുടെ ശുപാർശയിന്മേൽ മേജർ ആർച്ചുബിഷപ് (ലത്തീൻ സഭയിൽ രൂപതാദ്ധ്യക്ഷൻ) നല്കുന്ന പ്രത്യേക അനുമതിയാണ് വിവാഹത്തിന്റെ കത്തോലിക്കാക്രമത്തിൽനിന്നുള്ള ഒഴിവ്. നിയമത്തിൽനിന്നുള്ള ഈ ഒഴിവുകൾ പൊതുനിയമമായി തെറ്റിദ്ധരിക്കുകയോ, ആ രീതിയിൽ സമീപിക്കുകയോ ചെയ്യുന്നത് സഭാനിയമത്തിന്റെ ചൈതന്യത്തിനെതിരാണ്.

**സഭാ സംബന്ധമായ നിങ്ങളുടെ സംശയങ്ങൾക്ക് ഞങ്ങൾ മറുപടി നൽകാം.**
ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം: എഡിറ്റർ,
മലബാർ വിഷൻ, പിഎംഒസി,
മേരിക്കുന്ന് പി.ഒ, കോഴിക്കോട് -12
വാട്സാപ്പ്: 97449 95553

**ഉപകാരസ്മരണ**



വി. യൂദാശ്ലീഹായോടുള്ള നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വിശുദ്ധ യൂദാശ്ലീഹായെ ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിലും ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞങ്ങളപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഞങ്ങൾ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

ജിജോ, യുഎസ്എ

**ഉപകാരസ്മരണ**



ജോസ് മണ്ണാനിക്കാട്ട്,
താമരശ്ശേരി

**ഉപകാരസ്മരണ**



ഇളംപുള്ളിൽ ഫാമിലി,
താമരശ്ശേരി

**ഉപകാരസ്മരണ**



ത്രേസ്യ മാത്യു താഴത്ത്മൈലാടിയിൽ,
താമരശ്ശേരി

**ഉപകാരസ്മരണ**



വിശുദ്ധ യൂദാശ്ലീഹായുടെയും,
വിശുദ്ധ സെബസ്ത്യാനോസിന്റെയും
മധ്യസ്ഥതയിൽ ഉദിഷ്ഠ കാര്യം
സാധിച്ചതിന് ഉപകാരസ്മരണ.

ഷീജ കോടഞ്ചേരി

# ജനഹൃദയങ്ങളിൽ ഇടം നേടിയ പുരോഹിതൻ

**ഒക്ടോബർ 25 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ഫാ. മാത്യു തകിടിയേലിനെ അനുസ്മരിക്കുന്നു**

അസാധാരണ കാര്യങ്ങൾ ചെയ്ത് അത്ഭുതങ്ങൾ സൃഷ്ടിച്ച സാധാരണക്കാരനായ വൈദികൻ. താൻ ആയിരുന്ന ഇടങ്ങളിലെല്ലാം ആത്മീയ - ഭൗതിക മേഖലകളിൽ സ്വപ്നതുല്യമായ വളർച്ച സമ്മാനിച്ച ഫാ. മാത്യു തകിടിയേൽ യഥാർത്ഥ ഇടയനായിരുന്നു, ആടുകളുടെ സ്വരമറിയുന്ന ഇടയൻ. നീലയും വെള്ളയും നിറത്തിലുള്ള ഹവായ് ചെരുപ്പ് ധരിച്ച് ആർഭാടങ്ങളോ ആരവങ്ങളോ ഇല്ലാതെ നിറഞ്ഞ പുഞ്ചിരിയോടെ ആളുകളുമായി ഇടപഴകിയിരുന്ന, തികച്ചും ലാളിത്യത്തിന്റെ ഉദാത്ത മാതൃക കാണിച്ച അച്ചൻ ആലംബഹീനർക്കും ആശയറ്റവർക്കും പ്രതീക്ഷ നൽകി കടന്നുപോയ ധന്യമായ ജീവിതത്തിന്റെ ഉടമയായിരുന്നു.

വേദന അനുഭവിക്കുന്ന മക്കൾക്കും സാധാരണക്കാർക്കും അത്താണിയാകുവാൻ സ്വന്തമായതെല്ലാം പങ്കുവെച്ചിരുന്ന മാത്യു അച്ചന്റെ ദാനശീലം മരണശേഷമാണ് പലരും അറിയുന്നത്. അദ്ദേഹത്തെ ആശുപത്രിയിൽ രോഗാവസ്ഥയിൽ കാണാൻ എത്തിയവരും മരണാനന്തരം ഭവനത്തിലും ദേവാലയത്തിലും എത്തിയ ജനസാഗരവും വിളിച്ചോതിയതും മറ്റൊന്നല്ല. ജാതി മതഭേദമന്യേ ദൈവജനം ഒഴുകിയെത്തിയ ദിനങ്ങളിൽ തടിച്ചുകൂടി നിന്നിരുന്നവരുടെ ഹൃദയം തേങ്ങുകയായിരുന്നു.

താമരശ്ശേരി രൂപതയിലെ ചാപ്പൻതോട്ടം ഇടവകയിൽ പരേതരായ തകിടിയേൽ ജോസഫ്-മേരി ദമ്പതികളുടെ 12 മക്കളിൽ രണ്ടാമനായി 1950 ജൂൺ 30-ന് ജനിച്ച അച്ചൻ പ്രാഥമിക വിദ്യാഭ്യാസം മുതൽ ഹൈസ്കൂൾ വിദ്യാഭ്യാസം വരെ ഭരണങ്ങാനത്ത് പൂർത്തിയാക്കി. തുടർന്ന് തലശ്ശേരി രൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം ആരംഭിച്ചു. ആലുവ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്ത്വശാസ്ത്ര പഠനവും ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കി. തലശ്ശേരി രൂപതയ്ക്കുവേണ്ടി 1975 ഡിസംബർ 23-ന് തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ ആയിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിക്കുകയും പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.



വിലങ്ങാട് ഇടവകയിൽ അസി.വികാരിയായാണ് മാത്യുവച്ചൻ സേവനം ആരംഭിച്ചത്. തുടർന്ന് കൂടരഞ്ഞി ഇടവകയിൽ അസി.വികാരിയായി നിയമിക്കപ്പെട്ടു. മഞ്ഞക്കടവ്, തലശ്ശേരി അതിരൂപതയിലെ വിജയപുരി (കൊട്ടോടി), പൂഴിത്തോട്, ചെമ്പുകടവ്, ചക്കിട്ടപാറ, പുഷ്പഗിരി, വിലങ്ങാട്, പെരുവണ്ണാമുഴി എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചു.

കഷ്ടപ്പാടിന്റെയും കഠിനാധ്വാനത്തിന്റെയും ആദ്യ നാളുകളിൽ പെരുമ്പൂള എന്ന ഗ്രാമത്തിന്റെ മലയോര വികസനത്തിന് ചുക്കാൻ പിടിച്ചത് അദ്ദേഹമാണ്. പൂഴിത്തോട് ഇടവകയിലെ പഴയ പള്ളിയുടെ നിർമ്മാണം പൂർത്തീകരിച്ചത് അച്ചന്റെ കാലഘട്ടത്തിലായിരുന്നു. അച്ചന്റെ നേതൃത്വത്തിലാണ് ഇടവകയിലെ ആദ്യകുരിശുപള്ളിയുടെ നിർമ്മാണം നടന്നത്.

ചെമ്പുകടവ് ഇടവകയുടെ മുഖച്ഛായ മാറ്റുന്നതിൽ തകിടിയേലച്ചൻ ഒരു ശില്പിയെപോലെ പ്രവർത്തിച്ചു. ഇന്ന് കാണുന്ന മനോഹരമായ ദേവാലയം അച്ചന്റെ കാലത്താണ് നിർമ്മിച്ചത്. ജീരകപ്പാറ വനസംരക്ഷണ സമിതിക്ക് നേതൃത്വം നൽകി ശക്തമായ നിലപാടുകൾ കൈക്കൊള്ളുകയും സമരങ്ങൾക്ക് മുന്നിൽ നിന്നു പ്രവർത്തിക്കുകയും ചെയ്തു. ചക്കിട്ടപാറയിൽ ഇന്ന് തലയെടുപ്പോടെ ഉയർന്നു നിൽക്കുന്ന മനോഹരമായ ദേവാലയം പണികഴിച്ചത് അച്ചന്റെ നേതൃത്വത്തിലാണ്. അവിടെ എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടം പണിതത് വിദ്യാഭ്യാസ മേഖലയിലെ പൊൻതൂവലായി.

പുഷ്പഗിരി ഇടവകയും അവിടുത്തെ നാനാജാതി മതസ്ഥരും തകിടിയേലച്ചന്റെ ഹൃദയത്തുടിപ്പുകൾ ഏറ്റുവാങ്ങിയവരാണ്. നീണ്ട 17 വർഷങ്ങൾ പൗരോഹിത്യത്തിന്റെ വിവിധ ധർമ്മങ്ങൾ നിറവേറ്റാനുള്ള മുന്തിരിത്തോട്ടമായി പുഷ്പഗിരി മാറി. വൈകുന്നേരം 'അങ്ങാടി സാന്നിധ്യ'മായിരുന്ന മാത്യുവച്ചൻ സകലരുടെയും സന്തോഷങ്ങളിലും ദുഃഖങ്ങളിലും ഒന്നുപോലെ പങ്കുചേർന്നു. താമരശ്ശേരി രൂപതയുടെ ചരിത്രത്തിൽ ഒരു വൈദികനും ഇത്രയും കാലം ഒരിടവകയിൽ സേവനം ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ ഓരോ കുടുംബത്തിലെയും അംഗമായി മാറാൻ പുഷ്പഗിരിയിൽ അച്ചന് സാധിച്ചു. പുഷ്പഗിരിയുടെ വിശ്വാസഗരിമ ഉണർത്തുന്ന മനോഹരമായ ദേവാലയം, പള്ളിമുറി, സ്കൂൾ, സെമിത്തേരി എന്നിവ ബഹുമാനപ്പെട്ട മാത്യു അച്ചന്റെ കരവിരുതിൽ നിർമ്മിക്കപ്പെട്ടവയാണ്.

തുടർന്ന് വിലങ്ങാട്ടേക്ക് സ്ഥലമാറിയ അച്ചൻ അവിടെ നിർമ്മാണത്തിലിരുന്ന സ്കൂൾ ബിൽഡിങ്ങിന്റെ പണികൾ പൂർത്തീകരിച്ചു. 2018-ൽ ഉണ്ടായ കനത്ത മഴയിൽ വിലങ്ങാട് പ്രദേശത്ത് ഉരുൾപൊട്ടിയപ്പോൾ മരണമടഞ്ഞവരുടെയും കൃഷിസ്ഥലങ്ങൾ നഷ്ടപ്പെട്ടവരുടെയും കണ്ണീരൊപ്പാൻ തകിടിയലച്ചൻ മുമ്പിലുണ്ടായിരുന്നു. സ്വന്തമായവരും സ്വത്തുക്കളും നഷ്ടപ്പെട്ടവർക്ക് പുതുതായി സ്ഥലം വാങ്ങി 12 മനോഹരമായ വീടുകൾ നിർമ്മിച്ചു നൽകിയതിന്റെ പിന്നിൽ അച്ചന്റെ പ്രതിഫലേച്ഛയില്ലാത്ത അധ്വാനമുണ്ടായിരുന്നു.

പെരുവണ്ണാമൂഴിയിൽ വികാരിയായിരിക്കെ അവിടെ മനോഹരമായ യു.പി. സ്കൂൾ കെട്ടിടംപണി പൂർത്തീകരിച്ചു. കഴിഞ്ഞ ആഗസ്റ്റ് ഒമ്പതിന് ശാരീരിക ബുദ്ധിമുട്ട് അനുഭവപ്പെട്ടപ്പോൾ ചികിത്സയ്ക്കായി സ്വഭവനത്തിലേക്ക് പോവുകയും ചികിത്സ ആരംഭിക്കുകയും ചെയ്തു. അവസാന നാളുകളിൽ അവശത അനുഭവപ്പെട്ടപ്പോൾ കോഴിക്കോട് മേരിക്കുന്ന് ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും 2023 ഒക്ടോബർ 25 ബുധനാഴ്ച രാത്രി 10.50-ന് തന്റെ പ്രിയ നാഥനോട് ചേരാൻ അച്ചൻ വിളിക്കപ്പെട്ടു.

തന്നെ സമീപിക്കുന്നവരുടെ പ്രായഭേദമന്യേ അപ്പനായി, അമ്മയായി, ജ്യേഷ്ഠനായി, സഹോദരിയായി ഇടപഴകുവാൻ അച്ചന് അപാരമായ സിദ്ധിയുണ്ടായിരുന്നു. വാക്ധോരണികളില്ലാതെ, ഒരു തലോടൽ കൊണ്ട്, തോളിൽ തട്ടിയുള്ള ഒരു ചിരി കൊണ്ട്, കൈകൾ ചേർത്തുപിടിച്ചുള്ള ഒരു വാക്കുകൊണ്ട് ജനഹൃദയങ്ങളെ കീഴടക്കാൻ തന്റേതായ ഒരു ശൈലി രൂപപ്പെടുത്തിയ ആ ജീവിതം നമുക്ക് വലിയ പാഠങ്ങൾ പകർന്നു നൽകുന്നു.

**തയ്യാറാക്കിയത്: ഫാ. ഷെനീഷ് താന്നിക്കൽ**

---

# ക്വിസ് കോർണർ 2024



*നവംബർ - ഡിസംബർ ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**ജോൺ പോൾ ടോമി**
ചേന്ദംകുളം, ചെമ്പനോട

● രണ്ടാം സമ്മാനം, 500 രൂപ
**ലീലാമ്മ വർഗ്ഗീസ്**
ചിറത്തലയ്ക്കൽ, കല്ലാനോട്

● മൂന്നാം സമ്മാനം, 250 രൂപ
**സ്മിത പി. ജോർജ്**
തെക്കേമുറിയിൽ, കരുവാരകുണ്ട്

ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ് നമ്പർ
**97 44 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## 2024 ജനുവരി - ഫെബ്രുവരി ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. വെറുപ്പിനും വിദ്വേഷത്തിനും എന്താണ് പരിഹാരം?
2. ജിപ്സി കിങ് എന്ന് അറിയപ്പെടുന്നത് ആര്?
3. ഫ്രാൻസീസ് മാർപാപ്പ 2023 ഒക്ടോബർ നാലിന് പുറത്തിറക്കിയ അപ്പസ്തോലിക പ്രബോധനം ഏത്?
4. മലബാർ മിൽമ മാനേജിങ് ഡയറക്ടർ ആര്?
5. താമരശ്ശേരി രൂപത ചാൻസലറായി നിയമിതനായത് ആര്?
6. 2023 കൊൽക്കത്ത നാഷണൽ മീറ്റിൽ 5000 മീറ്റർ നടത്തത്തിൽ സ്വർണ്ണം നേടിയ കായികതാരം ആര്?
7. മോൺ. ആന്റണി കൊഴുവനാലിനെ ഫ്രാൻസിസ് മാർപാപ്പ മോൺസിഞ്ഞോർ പദവിയിലേക്ക് ഉയർത്തിയത് എന്ന്?
8. കൂടരഞ്ഞി ഇടവകയുടെ ആദ്യ വികാരി ആര്?
9. പടത്തുകടവ് ഇടവകയിലെ ഇപ്പോഴത്തെ ദേവാലയം നിർമാണത്തിന് നേതൃത്വം നൽകിയ വൈദികൻ ആര്?
10. ഫാ. മാത്യു തകിടിയേൽ ഏത് ഇടവകയിലെ അസി.വികാരിയായാണ് പൗരോഹിത്യ ശുശ്രൂഷാ ജീവിതം ആരംഭിച്ചത്?

**ഉത്തരങ്ങൾ 2024 ഫെബ്രുവരി 15 ന് മുമ്പ് ലഭിക്കണം**

## നവംബർ - ഡിസംബർ ലക്കം ഉത്തരങ്ങൾ

1. അച്ഛൻ 2. പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കത്തോലിക്കാബാവ 3. സുമേറിയക്കാർ 4. 13.93% 5. തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് 6. www.ssc.nic.in 7. വിലങ്ങാട് സെന്റ് ജോർജ് ഫൊറോന 8. കൊച്ചുത്രേസ്യ മുണ്ടന്താനത്ത് 9. ഫാ. മാത്യു ഓണയാത്തൻകുഴി 10. ഷിൽജി ഷാജി

## പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്.
● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല.
● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പി.ഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ....................................................
വീട്ടുപേര്: ....................................................
ഇടവക: ....................................................
ഫോൺ: ....................................................

# കായികരംഗത്തിന് ഇന്നും പ്രസക്തി

**പഞ്ചായത്തുതലത്തിൽ മാറ്റങ്ങൾകൊണ്ടുവന്നാൽ കളഞ്ഞുപോയ കായിക പാരമ്പര്യം നമുക്ക് തിരിച്ചു പിടിക്കാനാകും. കഷ്ടപ്പെടാൻ പലർക്കും ഇഷ്ടമല്ല. കായിക മേഖലയുടെ അച്ചടക്കമുള്ള പരിശീലനം ഒരു കഷ്ടപ്പാടായി കാണുന്നവരാണ് ഇപ്പോഴത്തെ പല മാതാപിതാക്കളും – കെ. എം. പീറ്റർ**

## ഗ്യാലറി



**ജിൽസൺ ജോസ്**

ഫിലിപ്പീൻസിലെ ടാർലാക്കിൽ ഏഷ്യൻ മാസ്റ്റേഴ്സ് അത്‌ലറ്റിക് മീറ്റ് മത്സരങ്ങൾ പുരോഗമിക്കുകയാണ്. അഞ്ചു കിലോമീറ്റർ നടത്ത മത്സരത്തിന്റെ അനൗൺസ്മെന്റ് മുഴങ്ങി. താരങ്ങൾ ട്രാക്കിലെത്തി, ഏതാനും നിമിഷങ്ങൾക്കകം മത്സരം ആരംഭിക്കും. ആദ്യ അന്താരാഷ്ട്ര മത്സരത്തിന് ഇറങ്ങുന്ന ചക്കിട്ടപാറ ഇടവകാംഗം കരിമ്പനക്കുഴി കെ. എം. പീറ്ററിന്റെ മനസിൽ ചെറിയൊരു ടെൻഷൻ 'നടന്നു' തുടങ്ങിയിരുന്നു. കാരണം, ഒപ്പം മത്സരിക്കുന്നത് ചൈനക്കാരും ജപ്പാൻകാരുമൊക്കെയാണ്. മുൻ വർഷങ്ങളിലെ മത്സരങ്ങളിൽ മെഡൽ അണിഞ്ഞിരിക്കുന്നതും അവരാണ്.

"കുട്ടികളെ പരിശീലിപ്പിക്കുമ്പോൾ അവരെ വഴക്കു പറഞ്ഞ് പഠിപ്പിക്കാറുള്ള ചില പാഠങ്ങളുണ്ട്. ട്രാക്കിൽ നിൽക്കുമ്പോൾ ആ പാഠങ്ങൾ പോലും ഞാൻ മറന്നു പോയി. ടെൻഷൻ എങ്ങനെ പ്രകടനത്തെ ബാധിക്കുമെന്ന് ആദ്യമായി ഞാൻ അറിഞ്ഞു. മത്സരം തുടങ്ങിയതോടെ ജയം മാത്രമായിരുന്നു മനസിൽ. രണ്ട് റൗണ്ട് കഴിഞ്ഞപ്പോഴേക്കും ഒരു ഫ്ളോ വന്നു. പയ്യെ മുന്നേറി. നാല് റൗണ്ട് കഴിഞ്ഞപ്പോഴേക്കും മുന്നിലെത്തി, പിന്നെ ആ വേഗം തുടർന്നു. 70 വയസ് വിഭാഗത്തിൽ ഞാൻ സ്വർണ്ണം നേടി. 35 വയസു മുതൽ 100 വയസു വരെയുള്ളവരുടെ വിഭാഗത്തിൽ എനിക്ക് മൂന്നാം സ്ഥാനം ലഭിച്ചു."

72–ാം വയസിലെ സ്വർണ്ണ നേട്ടത്തോടെ 2024–ൽ ആഗസ്റ്റിൽ സ്പെയ്നിൽ നടക്കുന്ന ലോക മീറ്റിൽ പങ്കെടുക്കാനുള്ള അവസരവും തെളിഞ്ഞിരിക്കുകയാണ്.

### അമിത ആത്മവിശ്വാസം ആപത്ത്

രണ്ടു ദിവസങ്ങൾക്ക് അപ്പുറം ഏഷ്യൻ മാസ്റ്റേഴ്സ് അത്‌ലറ്റിക് മീറ്റിലെ രണ്ടാമത്തെ മത്സരം. സ്വർണ്ണ നേട്ടം നൽകിയ അമിത ആത്മവിശ്വാസത്തിൽ കെ. എം. പീറ്റർ 5000 മീറ്റർ ഓട്ട മത്സരത്തിനിറങ്ങി. "ഉച്ച കഴിഞ്ഞ് മൂന്ന് മണിക്കായിരുന്നു മത്സരം. കനത്ത വെയിലും ചൂടുമുള്ള സമയമായിരുന്നു അത്. തുടക്കം തന്നെ വേഗത്തിൽ ഓടാനാണ് ഞാൻ ശ്രമിച്ചത്. അത് ഒരിക്കലും ചെയ്യാൻ പാടില്ലാത്തതായിരുന്നു. ഏഴ് റൗണ്ട് വരെ ഞാൻ മുന്നിൽ തന്നെ ഉണ്ടായിരുന്നു. ആകെ 12.5 റൗണ്ടാണുള്ളത്. വെയിലിന് വീണ്ടും കാഠിന്യം കൂടി. ചെറുതായൊരു ക്ഷീണം അനുഭവപ്പെട്ടു തുടങ്ങി. അപ്പോഴേക്കും ചൈനക്കാരൻ മുന്നിൽ കയറി. കുറച്ചു സമയംകൂടി കഴിഞ്ഞപ്പോൾ ഒരു മംഗോളിയക്കാരനും മുന്നിൽ കയറി. ഞാൻ മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. ആ സമയം മനസു മടുത്തു. മത്സരം നിർത്തിയാലോ എന്നു പോലും ചിന്തിച്ചു. പക്ഷെ, മംഗോളിയക്കാരൻ ഏറെ മുന്നോട്ടു പോകുന്നതിന് മുമ്പു തന്നെ ക്ഷീണിച്ച പോലെ എനിക്ക് തോന്നി. ശ്രമിച്ചാൽ രണ്ടാമതെത്താം എന്ന് ഉറപ്പായി. പിന്നെ ഒന്നും നോക്കിയില്ല. മുന്നോട്ടു കുതിച്ചു. രണ്ടാം സ്ഥാനതെത്തി." കെ. എം. പീറ്റർ ഓർക്കുന്നു.

### കളിക്കളത്തോടു പ്രണയം

സ്കൂൾ തലം മുതൽ കായിക മേഖലയിൽ സജീവമായിരുന്നു കെ. എം. പീറ്റർ. 1969–ൽ തലശ്ശേരിയിൽ നടന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ പങ്കെടുത്തു. സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളജിൽ പഠിക്കുമ്പോൾ യൂണിവേഴ്സിറ്റി മീറ്റുകളിൽ സജീമായി പങ്കെടുത്തു.

2016–ൽ ബാംഗ്ലൂർ നാഷണൽ മീറ്റിൽ പങ്കെടുത്തു. അന്ന് അന്യായമായി ഫൗൾ ചെയ്യപ്പെട്ട് മത്സരം ഉപേക്ഷിക്കേണ്ടി വന്നു. 2019 ജയ്പൂർ നാഷണൽ മീറ്റിൽ നടത്തത്തിലും ജാവലിനും സ്വർണ്ണവും 800 മീറ്ററിൽ വെള്ളിയും നേടി. 2023 കൽക്കത്താ നാഷണൽ മീറ്റിൽ 5,000 മീറ്റർ നടത്തിൽ സ്വർണ്ണമണിഞ്ഞു.

"കോഴിക്കോട് സർവകലാശാലയിലെ കോച്ച് ആയിരുന്ന കൈമൾ സാറാണ് എന്റെ ഗുരുവും റോൾമോഡലും. ഇപ്പോഴും അദ്ദേഹവുമായി നല്ല ബന്ധമാണ്. ബിപിഎഡിനു പോകണം എന്നതായിരുന്നു ആഗ്രഹമെങ്കിലും അതു നടന്നില്ല. ചക്കിട്ടപാറ സർവീസ് സഹകരണ ബാങ്കിൽ ജോലിയിൽ പ്രവേശിച്ചു."

### ഗ്രാമീണ സ്പോർട്സ് അക്കാദമി

ഒളിംപ്യൻ ജിൻസൻ ജോൺസണടക്കം നിരവധി താരങ്ങളെ രൂപപ്പെടുത്തിയ ചക്കിട്ടപാറ ഗ്രാമീണ സ്പോർട്സ് അക്കാദമിയുടെ സ്ഥാപകനാണ് കെ. എം. പീറ്റർ. "ബിപിഎഡ് എന്ന പൂർത്തീകരിക്കാനാവാത്ത സ്വപ്നമാണ് എന്നെ ഒരു കായിക പരിശീലകനാക്കിയത്. 50–ാം വയസിൽ ഗ്രാമീണ സ്പോർട്സ് അക്കാദമി ആരംഭിക്കുന്നതിനുള്ള ഊർജമായതും അതുതന്നെ. മകനെയും മകളെയുമായിരുന്നു ആദ്യം പരിശീലിപ്പിച്ചത്. ഒന്നരക്കൊല്ലം ജിൻസൺ ജോൺസണ് പരിശീലനം നൽകാൻ സാധിച്ചു. ഇതു വരെ നൂറിലധികം കുട്ടികളെ പരിശീലിപ്പിച്ചു." ഷീന പനമറ്റംപറമ്പിൽ, ജിബിൻ സെബാസ്റ്റ്യൻ, സച്ചിൻ ജെയിംസ്, നയന ജെയിംസ്, സുബിൻ, സാൽബിൻ, അനൂപ്, അനന്ദു, രജിൻലാൽ, ബിലിൻ ജോർജ് എന്നിങ്ങനെ നീളുന്നു പീറ്റർ സാറിന്റെ ശിഷ്യന്മാരുടെ പട്ടിക.



കെ. എം. പീറ്റർ

### ജോർജിയൻ അക്കാദമി

ഗ്രാമീണ സ്പോർട്സ് അക്കാദമിക്ക് അധികൃതരുടെ സഹകരണം ലഭിക്കാതെ വന്നതോടെ കുളത്തുവയൽ സെന്റ് ജോർജ് സ്കൂൾ കേന്ദ്രീകരിച്ച് ജോർജിയൻ സ്പോർട്സ് അക്കാദമി ആരംഭിച്ചു. സ്കൂൾ അധികൃതർ മികച്ച പിന്തുണയാണ് നൽകുന്നത്. നാൽപതു കുട്ടികളാണ് ഇപ്പോൾ പരിശീലനം നേടുന്നത്. കുട്ടികളെ അവരുടെ നിലവാരം അനുസരിച്ച് ഗ്രൂപ്പുകളാക്കി തിരിച്ച് വേണം പരിശീലനം നൽകുവാൻ. പല ഗ്രൂപ്പുകൾ ആകുമ്പോഴേക്കും പരിശീലകരും കൂടുതൽ വേണ്ടി വരും. "ഇപ്പോൾ നേരിടുന്ന പ്രധാന വെല്ലുവിളി അതാണ്. പക്ഷെ, എന്റെ ശിഷ്യന്മാർ അവധിക്കും മറ്റും വരുമ്പോൾ ഗ്രൗണ്ടിൽ എത്താറുണ്ട്. കൂടാതെ പഠനം കഴിഞ്ഞ് നിൽക്കുന്നവരുണ്ട്. അവരും പരിശീലനത്തിന് സഹായിക്കും. നിരന്തരമുള്ള പരിശീലനത്തിലൂടെ മാത്രമേ കുട്ടികളെ നല്ല കായിക താരങ്ങളാക്കി വളർത്താൻ കഴിയൂ."

### കളിയും കരിയറും

കായികരംഗത്തേക്ക് ഇറങ്ങുന്ന എല്ലാവരും ഒളിംപിക്സോ, കോമൺവെൽത്തോ പോലുള്ള വലിയ നേട്ടങ്ങളിലേക്ക് എത്താറില്ല. എന്നാൽ മികച്ചൊരു കരിയർ കെട്ടിപ്പടുക്കുവാൻ കായിക മേഖല തുറന്നിടുന്ന കുറേ വഴികളുണ്ട്. പ്ലസ്ടു കഴിഞ്ഞ് മെഡിസിനോ എൻജിനീയറിങ്ങിനോ പോകാൻ എൻട്രൻസ് എഴുതണം. മെഡിസിന് 17 സീറ്റും എൻജിനീയറിങ്ങിന് 24 സീറ്റും സ്പോർട്സ് ക്വോട്ടയിലുണ്ട്. പക്ഷെ, ഇതൊക്കെ മുൻകൂട്ടി കണ്ട് ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നവർ ചുരുക്കമാണ്. പിഎസ്സി പോലുള്ള മത്സര പരീക്ഷകളിലും കായിക താരങ്ങൾക്ക് പ്രത്യേക പരിഗണനയുണ്ട്. പലരുടെയും ചിന്താഗതി സ്പോർട്സിനു പോയാൽ പഠനത്തിൽ നിന്ന് പിന്നാക്കം പോകുമെന്നാണ്. കഷ്ടപ്പെടാൻ ഇപ്പോൾ പലർക്കും ഇഷ്ടമല്ല. കായിക മേഖലയുടെ അച്ചടക്കമുള്ള പരിശീലനം ഒരു കഷ്ടപ്പാടായി കാണുന്നവരാണ് ഇപ്പോഴത്തെ പല മാതാപിതാക്കളുമെന്ന് കെ. എം. പീറ്റർ പറയുന്നു.

### വേണം പരിഗണന

കായിക മേഖലയുടെ വികസനത്തിനായി ചെയ്യേണ്ട കാര്യങ്ങൾ പലപ്പോഴും സർക്കാരുകൾ ചെയ്യുന്നില്ല. സർക്കാർ ജോലിയിൽ സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്പോർട്സ് ക്വോട്ടയിലേക്ക് നിയമനം നടത്താതെ സർക്കാർ കണ്ണടയ്ക്കുകയാണ്. കായിക മേഖലയോടുള്ള അവഗണന കൊണ്ടാണ് കേരളം പിന്നാക്കംപോയത്. ഇതിനൊരു മാറ്റം വന്നാൽ മാത്രമെ രക്ഷപ്പെടുകയുള്ളു.

പഞ്ചായത്തുതലത്തിൽ മാറ്റങ്ങൾകൊണ്ടുവന്നാൽ കളഞ്ഞുപോയ കായിക പാരമ്പര്യം നമുക്ക് തിരിച്ചു പിടിക്കാനാകും. ഇപ്പോൾ മികച്ച കോർട്ട് ഉണ്ടാക്കിയിട്ടാൽ പോലും കളിക്കാൻ കുട്ടികളെ കിട്ടാത്ത അവസ്ഥയാണ്. കൈപിടിച്ചു നടത്തിയാൽ മാത്രമെ എന്തും വിജയമാകൂ. മുന്നിൽ നടക്കാൻ ആളുണ്ടെങ്കിൽ കുട്ടികൾ വരും – കെ. എം. പീറ്റർ ചൂണ്ടി കാട്ടുന്നു.

പ്രധാനാധ്യാപികയായി വിരമിച്ച ഏലിക്കുട്ടിയാണ് കെ. എം. പീറ്ററിന്റെ ഭാര്യ. മക്കൾ: സ്റ്റെഫി പീറ്റർ മുൻ ദേശീയ താരവും മരുതോങ്കര ഹയർ സെക്കൻഡറി സ്കൂൾ അധ്യാപികയുമാണ്. നിധിൻ പീറ്റർ മുൻ ദേശീയ താരവും വെറ്റിനറി ഡോക്ടറുമാണ്.

## 'ഫിയെസ്റ്റ 2023' കരോൾ ഗാനമത്സരം വിജയികൾ







**താമരശ്ശേരി രൂപത കമ്മ്യൂണിക്കേഷൻ മീഡിയയും ചെറുപുഷ്പ മിഷൻ ലീഗും സംയുക്തമായി സംഘടിപ്പിച്ച 'ഫിയെസ്റ്റ 2023' കരോൾ ഗാനമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ സെന്റ് ആന്റണീസ് ചർച്ച്, പാറോപ്പടി, രണ്ടാം സ്ഥാനം കരസ്ഥമാക്കിയ സെന്റ് മേരീസ് ചർച്ച്, മഞ്ഞക്കടവ്, മൂന്നാം സ്ഥാനം നേടിയ ഇൻഫെന്റ് ജീസസ് ചർച്ച്, അശോകപുരം. വിജയികൾക്ക് യഥാക്രമം 5001, 3001, 2001 രൂപ ക്യാഷ് അവാർഡ് കുടുംബക്കൂട്ടായ്മ ഡയറക്ടർ റവ. ഡോ. ബിനു കുളത്തിങ്കൽ, കമ്മ്യൂണിക്കേഷൻ മീഡിയ ഡയറക്ടർ ഫാ. സിബി കുഴുവേലിൽ, ചെറുപുഷ്പ മിഷൻ ലീഗ് ഡയറക്ടർ ഫാ. ജോർജ് വെള്ളാരംകാലായിൽ എന്നിവർ ചേർന്ന് സമ്മാനിച്ചു.**

# Success Garten®

14 Years of Linguistic Odyssey

Mathichiparambil Edifice, Thiruvambady. Mob : 9447814774, 8590038240

SUCCESS Garten — Freedom Through Language — Asia's largest exclusive IELTS, OET and PTE training campus!

Official partner of idp | IELTS, BRITISH COUNCIL, CAMBRIDGE UNIVERSITY PRESS

**Dear Success Gartien, thank you all for making Success Garten the undisputed market leader in all its 3 flagship programmes IELTS; OET & PTE by the spectacular results in 2023! Let the results speak the volume of success!**

## Garten IELTS

### Garten IELTS Pearl Club

In 2023 itself, 2 overall 8.5 band scorers with an envious individual split up of minimum 7 band making the total tally 10!

Ajal Paul Baiju, Nadavayal
**Overall-8.5** L-9, R-9, W-7, S-8

Sminto Augustine, Maikave
**Overall-8.5** L-9, R-9, W-7.5, S-8

### Garten IELTS Ruby club :

**In 2023 itself, 25 overall 8 band scorers with an envious individual split up of minimum 7 band!**

**Garten Ruby : Overall 8 Band - Academic Club (AT)**

Niville S. Mathew, Mumbai, L-8.5, R-8.5, W-7.5, S-7.5
Osheen P. Lazar, Kalpetta, L-8.5, R-9, W-7, S-7.5
Riya Mariya Jose, Kenichira, L-9, R-9, W-7, S-7.5
Riya Raju, Engapuzha, L-8.5, R-9, W-7, S-7.5
Rose Susan V. R., Feroke, L-9, R-9, W-7.5, S-7
Sona P. R., Koduvally, L- 8.5, R-9, W-7, S-7
Theresa Joshy, Thiruvambady, L-8, R-9, W-7.5, S-7
Abdul Rahiman, Mangalore, L-8, R-9, W-7, S-8
Afsal Basheer, Manipuram, L-7.5, R-8.5, W-7.5, S-7.5
Ann Melisa Davis, Thiruvambady, L-8, R-9, W-7.5, S-7
Deepika Nambiar, Calicut, L-8.5, R-9, W-7, S-7
Dhiab Vahedudheen, Manipuram, L-9, R-9, W-7.5, S-7
Dr Anand James, Trivandrum, L-8.5, R-9, W-7.5, S-7.5
Mohammed Sameen, Kuttiady, L-9, R-8, W-7, S-7.5
Abitha P.K., Omassery, L-8.5, R-8.5, W-7, S-7
Arya Joseph, Kalpetta, L-9, R-8, W-7, S-7
Emmanuel Martin, Mananthavady, L-8.5, R-8.5, W-7.5, S-8
Jaic Thomas, Pullurampara, L-9, R-8.5, W-7, S-7
Jefrin Shibu, Mananthavady, L-8.5, R-8.5, W-7, S-7.5
Meenu Maria Saji, Sreekandapuram, L-8.5, R-9, W-7, S-7
Merin Baiju, Thiruvambady, L-9, R-8.5, W-7, S-7

**Garten Ruby : overall 8 band - General club (GT)**

Anujith R.B., Balussery, L-9, R-9, W-7, S-7.5
Sminto Augustine, Maikave, L-9, R-9, W-7.5, S-7
Deepika Nambiar, Calicut, L-9, R-9, W-7, S-7
Jithin George, Palaghat, L-8.5, R-9, W-7, S-7

## Garten OET - PERFECT B CLUB

**Garten OET Nursing perfect B club (L-B, R-B, W-B, S-B) : In 2023 itself, 39 Gartiens have achieved individual B grade!**

Aiswarya Shaji, Sulthan Bathery, L-B, R-B, W-B, S-B
Akhil Jose, Mananthavady, L-B, R-B, W-B, S-B
Aleesha Shajan, Kallurutty, L-B, R-B, W-B, S-B
Alna Theres Baby, Kodenchery, L-B, R-B, W-B, S-B
Anitta K. John, Thiruvambady, L-B, R-B, W-B, S-B
Athira V.S., Pulpally, L-B, R-B, W-B, S-B
Jintu M. V., Koorachund, L-B, R-B, W-B, S-B
Rincy Abraham, Sulthan Bathery, L-B, R-B, W-B, S-B
Sivanayana P.P., Sulthan Bathery, L-B, R-B, W-B, S-B
Stephy Joseph, Thiruvambady, L-B, R-B, W-B, S-B
Jisteena Joseph, Chemperi, L-B, R-B, W-B, S-B
Karthika A., Kollam, L-B, R-B, W-B, S-B
Anju Varkey, Chempukadavu, L-B, R-B, W-B, S-B
Anna Poul, Sulthan Bathery, L-B, R-B, W-B, S-B
Aswathi P., Edavanna, L-B, R-B, W-B, S-B
Aswathy C., Edavannapara, L-B, R-A, W-B,S-B
Aswathy K.M., Iritty, L-B, R-B, W-B, S-B
Fiyona Sabu, Kannur, L-B, R-B, W-B, S-B
Sona Tomy, Kurachund, L-B, R-A, W-B, S-B
Hasna Sherin, Thiruvambady, L-B, R-B, W-B, S-B
Lizmy Sunny, Kooderanji, L-B, R-B, W-B, S-B
Megha K., Koyilandy, L-B, R-B, W-B, S-B
Merin Raju, Nilambur, L-B, R-B, W-B, S-B
Nidhin Sebastian, Thamarassery, L-B, R-B, W-B, S-B
Nithya Joseph, Koombara, L-B, R-B, W-B, S-B
Kripa Mariya George, Thiruvambady, L-B, R-B, W-B, S-B
Raimol P. S., Kodenchery, L-B, R-B, W-B, S-B
Surya Jose, Kakkadampoyil, L-B, R-B, W-B, S-B
Tinu Jose, Ambalavayal, L-B, R-B, W-B, S-B
Ann Mary Thomas, Kodenchery, L-B, R-B, W-B, S-B
Anu K.S., Engapuzha, L-B, R-B, W-B, S-B
Stephy Mathew, Thiruvambady, L-B, R-B, W-B, S-B
Tabitha Raju, Meenangadi, L-B, R-B, W-B, S-B
Ayisha Ridha, Balussery, L-B, R-B, W-B, S-B
Sajeesh Gopi, Thiruvambady, L-B, R-B, W-B ,S-B
Aleena Johnson, Nilambur, L-B, R-B, W-B, S-B
Aswathy M. Rajan, Thiruvambady, L-B, R-B, W-B, S-B
Joshma Sebastian, Thiruvambady, L-B, R-B, W-B ,S-B
Amrutha T. K., Omassery, L-B, R-B, W-B, S-B

## Garten PTE : +75 Club

Anjana P. Soman, Maikav, Overall-78, L-71, R-77, S-90, W-76
Anupama Tuby, Devagiri, Overall-75, L-77, R-71, S-80, W-66
Ashwin Nelson, Puduppady, Overall-75, L-75, R-79, S-70, W-81
Dona Siby, Thiruvambady, Overall-81, L-76, R-82, S-84, W-83
Emiya Catherine, Pulpally, Overall-78, L-79, R-77, S-87, W-77
Justin Sunny, Pariyaram, Overall-75, L-70, R-82, S-79, W-71
Merin Thomas, Calicut, Overall-78, L-70, R-90, S-72, W-79
Namitha Anil, Kalpetta, Overall-76, L-80, R-69, S-90, W-66
Ninny, Sulthan Bathery, Overall-79, L-79, R-75, S-90, W-78
Jijo T. Rajan, Nilambur, Overall-81, L-81, R-90, S-89, W-75



2023 ഡിസംബർ 26–ന് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
കൂദാശാ കർമ്മം നിർവഹിച്ച
കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്

**Attention Nurses and Doctors!**

Are you seeking prestigious Government jobs in the Gulf countries?

MERIDIAN
Trade Links

*Your gateway to approved Government jobs in Oman, Saudi Arabia, and other GCC countries.*

12000+ candidates placed

12+ years of experience

Approved by the Ministry of External Affairs, Government of India
Lic No: B-1126/KER/PER1000+/5/9782/2021

Offices @ Calicut, Kochi, New Delhi, and UAE

Drop your CVs at +91 8050 074 568 or hr@meridiantradelinks.com and embark on an extraordinary journey

meridiantradelinks.com
facebook.com/Meridiantradelinks/




Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Rony Paul Kavil